EDATHUA
ST. GEORGE FORANE CHURCH
ARCHEPARCHY OF CHANGANACHERRY

# ജോർജ്ജിയൻ ജ്യോതിസ്സ്

# GEORGIAN JYOTHIS

Vol: II Issue:I

ST. GEORGE FORANE CHURCH EDATHUA - PARISH BULLETIN

JANUARY 2020



"ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." (മത്തായി 3:17)




Christmas & New Year
SPECIAL OFFER
ഫ്ളൈഓവറിൽ ഫർണിച്ചറുകൾക്ക് വമ്പിച്ച
ക്രിസ്തുമസ് & ന്യൂഇയർ ഡിസ്കൗണ്ട് സെയിൽ!!
ഏറ്റവും കുറഞ്ഞ വിലയിൽ ഫർണിച്ചറുകൾ സ്വന്തമാക്കുവാൻ ഒരു സുവർണ്ണാവസരം!!
SOFA I BED ROOM FURNITURE I DINING TABLE I WARDROBE
KITCHEN CABINET I WOODEN CHAIR I MATTRESS etc.,
Flyover™
FURNITURE NETWORK
Anaprambal,
EDATHUA, Alappuzha
M: +91 9747 345 101
9605 124 448/9


സെന്റ് തെരേസാസ്
ഫർണീച്ചർ &
ഹോം അപ്ലയിൻസ്
ഹാർഡ് വെയേഴ്സ്
ക്രോക്കറി & ഗിഫ്റ്റ് ഐറ്റംസ്
കർട്ടൻ & കർട്ടൻ ഫിറ്റിംഗ്സ്
ആറ്റിത്തറ ശങ്കരപിള്ള മെമ്മോറിയൽ ബിൽഡിംഗ്
Opp. RBM ഹോസ്പിറ്റൽ, തകഴി
PH: 9400713923, 95446 75521
ഗൃഹോപകരണങ്ങൾ
തവണ
വ്യവസ്ഥയിലും
ലഭിക്കുന്നു
വമ്പിച്ച
സമ്മാന
പദ്ധതി
1000 രൂപയ്ക്കു
മുകളിലുള്ള ഓരോ
പർച്ചേയ്സിനും
സമ്മാന കൂപ്പൺ
1st price
HONDA ACTIVA
പ്രോത്സാഹന സമ്മാനങ്ങളും
Mixi, Fan, Induction Cooker,
Iron Box, Pressure Cooker
Frying Pan, Dinnerset
Rice Cooker, Carol

ജോർജ്ജിയൻ ജ്യോതിസ്സ്
Vol: II Issue:I
St. George Forane Church Edathua - Parish Bulletin January 2020


# EDITORIAL BOARD

**മാനേജിംഗ് എഡിറ്റർ**
വെരി.റവ.ഫാ.മാത്യു ചൂരവടി

**ചീഫ് എഡിറ്റർ**
റവ.ഫാ.ജോസഫ് പുതിയിടം

**എക്സിക്യൂട്ടിവ് എഡിറ്റേഴ്സ്**
റവ.ഫാ.വർഗ്ഗീസ് പുത്തൻപുര
റവ.ഫാ.വർഗ്ഗീസ് പ്ലാംപറമ്പിൽ
റവ.ഫാ.ജോസഫ് ചെമ്പിലകം
റവ.ഫാ.സെബാസ്റ്റ്യൻ കണ്ണാടിപ്പാറ
റവ.ഫാ.ജോസഫ് ബംഗ്ലാവുപറമ്പിൽ
റവ.ഫാ.അലോഷ്യസ് വല്ലാത്തറ

**എഡിറ്റേഴ്സ്**
ജോർജ്ജ് തോമസ് കളപ്പുര
തോമസ് ഫ്രാൻസിസ്, വെളുത്തേടത്തുപറമ്പിൽ

**ബോർഡ് മെമ്പേഴ്സ്**
പ്രൊഫ.ജെറോം പി.വി., ഇരുപത്തേഴിൽ
റവ.സി.സുമ മാളിയേയ്ക്കൽ SABS

**കൈക്കാരന്മാർ**
ജോർജ്ജുകുട്ടി തോമസ്, പീടികപ്പറമ്പിൽ
മത്തായി ജോസഫ്, പരുമൂട്ടിൽ
ലോനപ്പൻ തോമസ്, തെള്ളിയിൽ

**ഓഫീസ് സെക്രട്ടറി**
ഏലിയാമ്മ വർഗ്ഗീസ്, കണ്ടത്തിപ്പറമ്പിൽ

**കമ്പ്യൂട്ടർ അസിസ്റ്റന്റ്**
നിയാമോൾ ആന്റണി, മണക്കളം

**ഡിസൈൻ & പ്രിന്റിംഗ്**
സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സ്
ചങ്ങനാശ്ശേരി
ഫോൺ: 0481- 2411820





**St.George Forane Church**
Edathua P.O. Alappuzha District,
Kerala State, PIN - 689 573, Ph.: 0477 221 2034
Website: www.edathuachurch.in
Email : stgeorgechurchedathua@gmail.com

# CONTENTS


| ഉള്ളടക്കം | പേജ് |
|---|---|
| 1. ഇടയനാദം | 04 |
| 2. മുഖമൊഴി | 05 |
| 3. ആരാധനാവത്സരത്തിനൊപ്പം | 09 |
| 4. പാരീഷ് കൗൺസിൽ റിപ്പോർട്ട് | 12 |
| 5. ദൈവകരുണയുടെ .................... (ലേഖനം) | 15 |
| 6. ഇടവകയും കുരിശുപള്ളികളും | 17 |
| 7. വിദ്യാഭ്യാസപ്രേഷിത പ്രവർത്തനങ്ങൾ | 24 |
| 8. ആതുരാലയപ്രേഷിതത്വം | 34 |
| 9. വിഢ്ഢിത്തം വിളമ്പിയാൽ............ (ലേഖനം) | 36 |
| 10. അല്മായനേതൃത്വം സംഘടനകളിലൂടെ | 38 |
| 11. ദൈവത്തിന്റെ സ്വന്തം നാട്........... (കവിത) | 43 |
| 12. എടത്വായുടെ നവകുസുമങ്ങൾ | 44 |
| 13. ദൈവം യോജിപ്പിച്ചവർ | 45 |
| 14. നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടവർ | 46 |
| 15. ഇടവകാംഗങ്ങളറിയാൻ | 47 |
| 16. തിരുക്കർമ്മസമയങ്ങൾ | 49 |
| 17. അജപാലനശുശ്രൂഷാക്രമീകരണം | 51 |
| 18. ഇടവകയുടെ അഭിമാനതാരകങ്ങൾ | 53 |
| 19. മാതൃഇടവകയുടെ ആദരാഞ്ജലികൾ | 54 |
| 20. ഇടവകപ്രവർത്തനങ്ങളിലൂടെ......... | 55 |








പുതുമകളുടെ വരവേല്പിനായി കാത്തിരിക്കുന്ന ലോകത്തിൽ വിശ്വാസിയുടെ സഭാത്മകചിന്തകളെ അടിമുടി പ്രതിരോധിക്കുന്ന സാമൂഹ്യ, രാഷ്ട്രീയപ്രവർത്തനങ്ങൾ സജീവമാകുന്ന ഒരു കാലസന്ധിയിൽ നാം ദൈവാരാധനക്കായി പ്രതിഷ്ഠിക്കപ്പെട്ട പുതുവത്സരത്തിലേക്ക് പ്രവേശിക്കുകയാണല്ലോ.

ദൈവികസാന്നിധ്യവും - നന്ദിയുടെ ജീവിതവും പ്രോജ്വല മാക്കുന്ന ആരാധനാവത്സരത്തിൽ സജീവമാകുവാൻ നമുക്ക് ഒത്തൊരുമിച്ച് ശ്രമിക്കാം.

മംഗളവാർത്തക്കാലത്തിന്റെ ചൈതന്യം എളിമയുടെ അട യാളമായി കടന്നുവരുന്ന ഈശോതമ്പുരാന്റെ പുണ്യത്തിൽ പങ്കുചേരുവാൻ ജീവകാരുണ്യപദ്ധതികളോട് കൂറുപുലർത്തുന്ന ദൈവജനമായി നമുക്ക് രൂപാന്തരപ്പെടാം. ഭക്ഷണവും വസ്ത്രവും ലഭ്യമാകാത്തവർക്കും ജീവസന്ധാരണത്തിനായി ഉപരിപഠനം നടത്താൻ കഷ്ടപ്പെടുന്നവർക്കും - നമുക്ക് സാന്ത്വനം കൊടുക്കാം. 'സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ഉത്തമം' എന്ന ശ്ലീഹായുടെ വാക്കുകൾ നമുക്കോർക്കാം.

തന്നെ ലോകത്തിന് വെളിപ്പെടുത്തിയ കർത്താവിന്റെ ദന ഹാത്തിരുനാൾ മിശിഹായുടെ ജീവിതശൈലിയും നമുക്ക് വഴികാട്ടിയാകട്ടെ.

ഇടവകസമൂഹത്തിന്റെ കൂട്ടായ്മയും ദൈവാശ്രയ ബോധവും തത്വത്തിലെന്നതിനേക്കാൾ പ്രവർത്തിയിൽ നിറവേറ്റാൻ നമുക്കാകണം - അതിനായി പ്രാർത്ഥിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

**വികാരിയച്ചൻ**
ഫാ. മാത്യു ചൂരവടി

എഡിറ്റോറിയൽ





# മുഖമൊഴി

ഇടവക കൂട്ടായ്മയെ പരിപോഷിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന 'ജോർജ്ജിയൻ ജ്യോതിസ്സ്' പുതുചിന്തകൾ പങ്കുവച്ചുകൊണ്ട് പുതുവത്സരത്തിൽ ഭവനങ്ങളിൽ എത്തുകയാണ്. മഹത്തായ എടത്വാ ഇടവകയുടെ ഒത്തൊരുമയും ഐക്യവും വളർത്തുന്നതിനും ഇടവകയുടെ പ്രവർത്തനങ്ങൾ അടുത്തറിയുന്നതിനും അതിൽ അഭിമാനിക്കുന്നതിനും ഇടവക ബുള്ളറ്റിൻ സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നു.

ദൈവകരുണയുടെയും സന്യാസത്തിന്റെയും മാഹാത്മ്യം വെളിപ്പെടുത്തുന്ന ലേഖനങ്ങളും ആരാധനാവത്സരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന കുറിപ്പുകളും ഏറെ ശ്രദ്ധേയമാണ്. 'ഇടവകാംഗങ്ങളറിയാൻ' എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന കാര്യങ്ങൾ ഈ ലക്കത്തിന്റെ വർദ്ധിതമൂല്യം വെളിവാക്കുന്നു.

ഇടവകയുടെ ഹൃദയമാണ് ദൈവാലയം. ഹൃദയവുമായുള്ള ബന്ധം ശരീരത്തിന്റെ സുസ്ഥിതിക്കും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. അതുപോലെ തന്നെയാണ് നമ്മുടെ ആത്മീയജീവിതത്തിൽ ഇടവക പ്പള്ളിക്കുള്ള സ്ഥാനവും.

ദൈവാലയത്തോട് ചേർന്ന് കൂട്ടായ്മാ മനോഭാവത്തിൽ വളരാൻ നമുക്ക് പരിശ്രമിക്കാം; ഈശോയിൽ വേരുറപ്പിക്കാം. ജെറമിയ 17:8 മനസ്സിൽ സൂക്ഷിച്ചുകൊണ്ട് 'ആറ്റുതീരത്ത് നട്ട മരം പോലെ' വളരാം. അപ്പോൾ 'വേനലിനെ ഭയപ്പെടേണ്ടിവരില്ല; ഇലകൾ എന്നും പച്ചയായിരിക്കും; ഫലം നൽകിക്കൊണ്ടിരിക്കും.'

ജോർജ്ജിയൻ ജ്യോതിസ്സിന്റെ താളുകളെ രൂപപ്പെടുത്തിയവർക്ക് നന്ദി, അഭിനന്ദനങ്ങൾ!

സ്നേഹപൂർവ്വം,

ഫാ.മെൽവിൻ പുതിയിടം

# നന്ദിയും സ്വാഗതവും



സ്തുത്യർഹമായ സേവനത്തിന് ശേഷം തൃക്കൊടിത്താനം ഇടവകയിലേയ്ക്ക് സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട **ജോർജ്ജ് തൈച്ചേരിലച്ചന്** ഇടവക കുടുംബത്തിന്റെ നന്ദി



മാടപ്പള്ളി ഇടവകയിലെ ശുശ്രൂഷയ്ക്ക് ശേഷം എടത്വാ ഇടവകയിൽ നിയമിതനായ ബഹുമാനപ്പെട്ട **ജോസഫ് പുതിയിടം അച്ചന്** ഹൃദ്യമായ സ്വാഗതം

## ഡയമണ്ട് ജൂബിലി ആശംസകൾ



റവ. സി. ബാപ്റ്റിസ്റ്റാ മേരി കളപ്പുരയ്ക്കൽ FSAG

സന്യസ്തജീവിതത്തിന്റെ 60-ാം വാർഷികത്തിനും 88-ാം ജന്മദിനത്തിനും റവ. സി. ബാപ്റ്റിസ്റ്റാ മേരി കളപ്പുരയ്ക്കൽ FSAG യ്ക്ക് കുടുംബയോഗത്തിന്റെ സ്നേഹനിർഭരമായ ആശംസകൾ!

റിട്ട. പ്രിൻസിപ്പൽ സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ, സേലം & സെന്റ് ജോസഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, സേലം.

മദർ ജനറൽ (1982-1987) ആയിരുന്ന കാലയളവിൽ വിദേശത്തുള്ള മഠങ്ങൾ സന്ദർശിക്കവേ പരി.ജോൺപോൾ II-ാമൻ പാപ്പയെക്കണ്ട് ആശീർവ്വാദം വാങ്ങി. ഇപ്പോൾ പോണ്ടിച്ചേരി മദർ ഹൗസിൽ സുഗന്ധം ഓൾഡേജ് ഹോമിൽ വിശ്രമജീവിതം നയിക്കുന്നു.

**ആശംസകളോടെ സഹോദരങ്ങൾ:**

ജോർജ്ജ് ജോസഫ് കളപ്പുര
& ഫാമിലി, പൂന
ജോർജ്ജ് തോമസ് കളപ്പുര
& ഫാമിലി, എടത്വാ

ക്ലാരമ്മ കെ.വി. (ബേബിടീച്ചർ),
ചേക്കയിൽ ലാൽഭവൻ
& ഫാമിലി, എടത്വാ



# നന്ദിയുടെ ഒരു വാക്ക്...



എടത്വാ പള്ളിയിൽ ഓഫീസ് അസിസ്റ്റന്റായി 9 വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം വിരമിച്ച **ഗ്രേസമ്മ അലക്സാണ്ടർ, വലിയപറമ്പിലിന്** ഇടവകയുടെ നന്ദി

എടത്വാ പള്ളിയുടെ ഓഫീസിനോട് ബന്ധപ്പെട്ട് 19 വർഷം സ്തുത്യർഹമായി സേവനം ചെയ്തശേഷം വിരമിച്ച **അപ്പച്ചൻ, തൈപ്പറമ്പിലിന്** ഇടവകയുടെ നന്ദി



'സമ്പൂർണ്ണജ്ഞാനം കൊണ്ടു സ്രഷ്ടാവിന്റെ പ്രതിച്ഛായക്കനുസൃതമായി
നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ.' (കൊളോസോസ് 3:10)

**മേടം തിരുനാളിന് ഒരുക്കമായി ആത്മീയനവീകരണം**
**ലക്ഷ്യമാക്കി സംഘടിപ്പിക്കുന്ന**

# എടത്വാ ബൈബിൾ കൺവൻഷൻ 2020

**2020 ഏപ്രിൽ 15 ബുധനാഴ്ച മുതൽ 19 ഞായറാഴ്ച വരെ**







വൈകുന്നേരം 4 മണി മുതൽ 9 മണി വരെ
എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാപള്ളിയിൽ
**റവ. ഡോ. അലോഷ്യസ് കുളങ്ങര & ടീം**
**(ഹോളി സ്പിരിറ്റ് മിനിസ്ട്രി, കോഴിക്കോട്)**
**നേതൃത്വം നൽകുന്നു.**

**ഏവർക്കും സ്വാഗതം**



ഞങ്ങളുടെ പ്രിയങ്കരനും

മഹാജൂബിലി മെമ്മോറിയൽ ആശുപത്രിയുടെ സ്ഥാപകനുമായ

# മോൺ. ജെയിംസ് പറപ്പള്ളി (85) അച്ചന്



# ആദരാഞ്ജലികൾ

**എടത്വാ മഹാജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ**
**മാനേജ്മെന്റ് & സ്റ്റാഫ്**

# ആരാധനാവത്സരത്തിനൊപ്പം

### ആരാധനാവത്സരത്തിന്റെ ലക്ഷ്യം

ഈശോമിശിഹായിലൂടെ പൂർത്തിയാക്കപ്പെട്ട പിതാവായ ദൈവത്തിന്റെ രക്ഷണീയപദ്ധതിയിലെ സുപ്രധാന സംഭവങ്ങൾ അനുസ്മരിക്കുന്നതിനും അതുവഴി ദൈവത്തിന് കൃതജ്ഞത അർപ്പിക്കുന്നതിനും വേണ്ടിയാണ് സഭാമാതാവ് തന്റെ മക്കൾക്കായി ആരാധനാവത്സരം ഒരുക്കിയിരിക്കുന്നത്. രക്ഷാകരചരിത്രത്തിലെ പ്രധാന സംഭവങ്ങളെ ആധാരമാക്കി ആരാധനാവത്സരത്തെ 9 കാലങ്ങളായി തിരിച്ചിരിക്കുന്നു.

1.മംഗളവാർത്തക്കാലം 2.പിറവിക്കാലം 3. ദനഹാക്കാലം 4.നോമ്പുകാലം 5. ഉയിർപ്പുകാലം 6.ശ്ലീഹാക്കാലം 7.കൈത്താക്കാലം 8.ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങൾ 9.പള്ളിക്കൂദാശാക്കാലം എന്നിവയാണ് അവ. ഓരോ കാലത്തിന്റെയും ചൈതന്യം വിശ്വാസികൾക്ക് അനുഭവവേദ്യമാകത്തക്കവിധം വിശുദ്ധ കുർബാനയിൽ കാലമനുസരിച്ച് മാറിവരുന്ന പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു. 9 കാലങ്ങളിലൂടെയുള്ള രക്ഷാകരസംഭവങ്ങളുടെ അനുസ്മരണവും ആചരണവും ശരിയായ ചൈതന്യമനുസരിച്ച് ക്രൈസ്തവജീവിതം നയിക്കാൻ നമ്മെ സഹായിക്കുന്നു.

രക്ഷകനായ ഈശോയുടെ ജനനം മുതൽ മഹത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനം വരെയുള്ള രക്ഷാകരസംഭവത്തിലെ പ്രധാനരഹസ്യങ്ങളെ കേന്ദ്രീകരിച്ചാണ് ആരാധനാവത്സരം രൂപപ്പെടുത്തിയിരിക്കുന്നത്. ഈശോയാബ് മൂന്നാമൻ എന്ന പൗരസ്ത്യ സുറിയാനി പാത്രിയർക്കിസ് ആണ് ഇപ്പോഴത്തെ രീതിയിൽ ആരാധനാവത്സരപഞ്ചാംഗം ക്രമീകരിച്ചത്.



**2020 ജനുവരി**

- 01 കർത്താവിന്റെ നാമകരണം
- 03 ദൈവമാതൃത്വത്തിരുനാൾ, വി.കുര്യാക്കോസ് ഏലിയാസ്
- 05 ദനഹാക്കാലം ആരംഭിക്കുന്നു.
- 06 ദനഹാത്തിരുനാൾ
- 10 മാർ യോഹന്നാൻ മാംദാന
- 17 മാർ പത്രോസ്-പൗലോസ് ശ്ലീഹന്മാർ
- 18 സഭൈക്യവാരം ആരംഭിക്കുന്നു.
- 20 മാർ സെബസ്ത്യാനോസ് സഹദാ
- 24 വിശുദ്ധ സുവിശേഷകന്മാർ, വി.ഫ്രാൻസിസ് സാലസ്



25 സഭൈക്യവാരം അവസാനിക്കുന്നു, വി.തിമോത്തേയൂസും വി.തീത്തൂസും
28 വി.തോമസ് അക്വിനാസ്
30 ലോകസമാധാനദിനം
31 മാർ എസ്തപ്പാനോസ് സഹദാ

**2020 ഫെബ്രുവരി**

02 കർത്താവിന്റെ ദൈവാലയപ്രവേശനം
03 മൂന്നുനോമ്പ് ആരംഭം
04 വി.ജോൺ ബ്രിട്ടോ
05 മൂന്നുനോമ്പ് ആഘോഷം
07 ഗ്രീക്ക് സഭാപിതാക്കന്മാർ
11 രോഗീദിനം, ലൂർദ്ദ് മാതാവ്
14 സുറിയാനി സഭാപിതാക്കന്മാർ, ഇടവകമദ്ധ്യസ്ഥൻ
21 സകല മരിച്ചവരുടെയും ഓർമ്മ
22 മാർ പോളിക്കാർപ്പ്
23 പേത്തൂർത്താ, നോമ്പുകാലം
24 **നോമ്പ് ആരംഭിക്കുന്നു** (ഉപവാസദിനം)
25 വാഴ്ത്തപ്പെട്ട സി.റാണിമരിയ

**2020 മാർച്ച്**

09 സെബസ്ത്യായിലെ 40 രക്തസാക്ഷികൾ
18 ജറുസലെമിലെ വി.സിറിൽ
19 മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
25 മംഗളവാർത്തത്തിരുനാൾ

**ദനഹാക്കാലം**

ഈശോയുടെ മാമ്മോദീസായും പരസ്യജീവിതവും ഈ കാലത്തിന്റെ ധ്യാനവിഷയങ്ങളാണ്. ജനുവരി 06 ന് ആഘോഷിക്കുന്ന ദനഹാത്തിരുനാൾ ഈ കാലത്തിന്റെ കേന്ദ്രബിന്ദുവാണ്. ദനഹാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം പ്രത്യക്ഷീകരണം എന്നാണ്. ഈശോയ്ക്ക് സാക്ഷ്യം വഹിച്ച അപ്പസ്തോലന്മാരെയും വിശുദ്ധരെയും ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിൽ പ്രത്യേകം അനുസ്മരിക്കുന്നു. ഈ കാലത്തിലെ അവസാന വെള്ളിയാഴ്ച സകല മരിച്ചവരെയും അനുസ്മരിച്ചു കൊണ്ട് പ്രാർത്ഥിക്കുന്നു.





**2020 ഏപ്രിൽ**

05 ഓശാനഞായർ

09 പെസഹാവ്യാഴം

10 പീഡാനുഭവവെള്ളി (ഉപവാസദിനം)

11 വലിയശനി

12 ഉയിർപ്പുതിരുനാൾ

24 മാർ ഗീവർഗ്ഗീസ് സഹദായുടെ മരണത്തിരുനാൾ

25 വി.മർക്കോസ് സുവിശേഷകൻ

27 എടത്വാ തിരുനാൾ കൊടിയേറ്റ്

29 സിയന്നായിലെ വി.കത്രീന

## വലിയനോമ്പുകാലം

മരുഭൂമിയിലെ 40 ദിവസത്തെ ഈശോയുടെ ഉപവാസമാണ് വലിയനോമ്പിന്റെ വിശുദ്ധഗ്രന്ഥ അടിസ്ഥാനം. പിശാചിന്റെ പരീക്ഷണങ്ങളെ പരാജയപ്പെടുത്തിയ ഈശോയെ അനുസ്മരിച്ചു കൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. ഈശോയുടെ പീഢാനുഭവം, മരണം, അനുതാപത്തിന്റെ ആവശ്യകത, അനുതപിക്കുന്ന പാപിയോടുള്ള ദൈവത്തിന്റെ കാരുണ്യം എന്നീ രഹസ്യങ്ങൾ ഈ കാലത്തിന്റെ ധ്യാന വിഷയങ്ങളാണ്. പ്രലോഭനങ്ങളെ പരാജയപ്പെടുത്തിയ ഈശോയെപ്പോലെ ശരിയായ ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിവ വഴി തിന്മയുടെ ശക്തിയെ കീഴ്പ്പെടുത്തുവാനുള്ള ആന്തരികശക്തി ആർജ്ജിക്കുവാൻ നോമ്പുകാലം നമ്മെ പരിശീലിപ്പിക്കുന്നു.

# പാരീഷ് കൗൺസിൽ റിപ്പോർട്ട്

**തോമസ് ഫ്രാൻസിസ്**
**വെളുത്തേടത്തുപറമ്പിൽ,**
പാരീഷ് കൗൺസിൽ സെക്രട്ടറി

### ആമുഖം

എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാപള്ളിയുടെയും ഇടവകയുടെയും സമഗ്രപുരോഗതിക്ക് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും പ്രവർത്തിപഥത്തിൽ എത്തിക്കുകയും ചെയ്യുന്ന ഫലപ്രദവും കാര്യക്ഷമവുമായ വേദിയാണ് 60 അംഗങ്ങൾ ഉൾപ്പെടുന്ന എടത്വാ പാരീഷ് കൗൺസിൽ.

2019 ആഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള പാരീഷ് കൗൺസിൽ യോഗങ്ങളുടെ വിശദാംശങ്ങളും ഈ കാലയളവിലെ വിവിധ പരിപാടികളിൽ നമ്മുടെ ഇടവകയുടെ പങ്കാളിത്തം സംബന്ധിച്ച വിവരങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### പാരീഷ് കൗൺസിൽ യോഗങ്ങളും തീരുമാനങ്ങളും

2019 ആഗസ്റ്റ് 24 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പാരീഷ് കൗൺസിലിൽ ജൂലൈ മാസത്തെ വരവ്-ചെലവ് കണക്ക് അവതരിപ്പിച്ച് അംഗീകാരം നേടി. ഇടവകദൈവാലയത്തിന്റെ പ്രധാന മദ്ബഹായ്ക്ക് മുകളിലും ഇതരഭാഗങ്ങളിലും അടിയന്തിരമായി ചെയ്തുതീർക്കേണ്ട അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ചാരിറ്റിഫണ്ടിൽ നിന്നും അർഹരായവർക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം അനുവദിക്കുന്നതിനും തികച്ചും ഭവനരഹിതരായവർക്ക് പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്നതിനും നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹസഹായം എന്നനിലയിൽ ലഘുസമ്പാദ്യപദ്ധതി ആരംഭിക്കുന്നതിനും മലബാർ മേഖലക്ക് ദുരിതാശ്വാസസഹായമായി ചാരിറ്റിഫണ്ടിൽ നിന്നും 5 ലക്ഷം രൂപ നൽകുന്നതിനും തീരുമാനിച്ചു.

സെപ്റ്റംബർ 22 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പാരീഷ് കൗൺസിലിൽ ആഗസ്റ്റ് മാസത്തെ വരവ്-ചെലവ് കണക്ക് അവതരിപ്പിച്ച് അംഗീകാരം നേടി. കോളേജിന്റെ കെട്ടിടനിർമ്മാണത്തിന് ഒരു കോടി 20 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.

ഒക്ടോബർ 13 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പാരീഷ് കൗൺസിലിൽ സെപ്റ്റംബർ മാസത്തെ വരവ്-ചെലവ് കണക്ക് അവതരിപ്പിച്ച് പാസ്സാക്കി. അസിസ്റ്റന്റ് വികാരിയായി ചുമതലയേറ്റെടുത്ത ബഹുമാനപ്പെട്ട ജോസഫ് പുതിയിടം അച്ചനെ യോഗം സ്വാഗതം ചെയ്തു. 2019 ഡിസംബറിൽ ആരംഭിക്കുന്ന വിവാഹസഹായ നിക്ഷേപ പദ്ധതിയുടെ നിബന്ധനകൾ യോഗം അംഗീകരിച്ചു. 10 വർഷക്കാലാവധി നിർദ്ദേശിച്ചിട്ടുള്ള രണ്ട് വ്യത്യസ്ത സ്കീമുകളിൽ മാസനിക്ഷേപം 500 രൂപയും 1000 രൂപയുമായി നിജപ്പെടുത്തി. പള്ളിയുമായി ബന്ധപ്പെട്ട് സാമൂഹ്യമാധ്യമങ്ങളിൽ നിലവിലുള്ള അനധികൃതസൈറ്റുകൾ സൈബർസെല്ലിന്റെ സഹായത്തോടെ നീക്കം ചെയ്യാനും ശരിയായ അഡ്മിനോടുകൂടി ഔദ്യോഗികസൈറ്റ് തുടങ്ങാനും സ്കൂൾ ഗ്രൗണ്ടുകളുടെയും പരിസരങ്ങളുടെയും ജപമാലവീഥിയടക്കമുള്ള പ്രദേശങ്ങളുടെയും നിരീക്ഷണം ലക്ഷ്യമാക്കി ഹൈറെസല്യൂഷൻ ക്യാമറകൾ സ്ഥാപിക്കുവാനും തീരുമാനിച്ചു.

നവംബർ 10 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പാരീഷ് കൗൺസിലിൽ ഒക്ടോബർ മാസത്തെ വരവ്-ചെലവ് കണക്ക് അവതരിപ്പിച്ച് പാസ്സാക്കി. 2019 ഡിസംബറിൽ ആരംഭിക്കുന്ന വിവാഹസഹായ ലഘുനിക്ഷേപ പദ്ധതിയുടെ അപേക്ഷാഫോറവും നിയമാവലിയും അംഗീകരിച്ചു. പള്ളിയുടെ പ്രധാന മദ്ബഹായുടെ നിലവിലുള്ള വിരി ഉറപ്പിച്ചിരിക്കുന്ന നിർമ്മിതികൾ മദ്ബഹായുടെ ഉൾവശം മുഴുവൻ കാണുന്നതിന് തടസ്സമായതിനാൽ അത് നീക്കം ചെയ്യുന്നതിനും ഉചിതമായ സ്ഥാനത്ത് മാറ്റി ക്രമീകരിക്കുന്നതിനും തീരുമാനിച്ചു. എടത്വാ ടൗണിൽ സ്റ്റേറ്റ് വെയർഹൗസ് പ്രവർത്തിച്ചിരുന്ന പള്ളിവക സ്ഥലത്ത് പേ & പാർക്ക് സംവിധാനം ഒരുക്കുന്നതിനും സ്കൂൾ ഗ്രൗണ്ടുകളുടെ രാത്രികാലസുരക്ഷ ഉറപ്പാക്കുന്നതിന് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും ദൈവദാസനായ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടിയുമായി ബന്ധപ്പെട്ട് നിയമിതനായ

പോസ്റ്റുലേറ്റർക്ക് ഓഫീസും താമസസൗകര്യങ്ങളും സജ്ജീകരിക്കുവാനും നിശ്ചയിച്ചു.

ഡിസംബർ 15 ന് വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പാരീഷ് കൗൺസിലിൽ നവംബർ മാസത്തെ വരവ്-ചെലവ് കണക്ക് അവതരിപ്പിച്ച് അംഗീകാരം നേടി. 1880 മുതൽ 2019 വരെയുള്ള പള്ളി രേഖകൾ കംപ്യൂട്ടറൈസ് ചെയ്യുന്നതിന്റെ ഭാഗമായി രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ സ്കാൻ ചെയ്ത് നമ്മുടെ കംപ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്ത് സൂക്ഷിക്കുവാനും ഇടവകയിലെ വാർഡും കൂട്ടായ്മയും അടിസ്ഥാനമാക്കി മുഴുവൻ കുടുംബങ്ങളുടെയും ഫോട്ടോയും വിശദാംശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഇടവക ഡയറക്ടറി പ്രസിദ്ധീകരിക്കാനും ദൈവാലയപരിസരം നിശ്ചലദൃശ്യങ്ങൾ ക്രമീകരിച്ച് കൂടുതൽ മോടിയാക്കുവാനും തീർത്ഥാടകർക്ക് ഉപകാരപ്പെടുംവിധം ഒരു മ്യൂസിയം സജ്ജീകരിക്കുവാനും നിശ്ചയിച്ചു.

**മലബാർ മേഖലയ്ക്ക് ദുരിതാശ്വാസസഹായം**

മലബാർ മേഖലയിൽ ഈ വർഷം ഉണ്ടായ മഴക്കെടുതികൾ മൂലം ദുരിതത്തിലായ സഹോദരങ്ങളെ സഹായിക്കുന്നതിനായി ആഗസ്റ്റ് 25 ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച വിനിയോഗിച്ചു. ഇടവകപ്പള്ളിയും കുരിശുപള്ളികളും ഈ ധനസമാഹരണത്തിൽ സഹകരിച്ചു. അതോടൊപ്പം 5 ലക്ഷം രൂപ ചാരിറ്റിഫണ്ടിൽ നിന്നും ഇക്കാര്യത്തിനായി നൽകുകയും ചെയ്തു. ഇങ്ങനെ സ്വരൂപിച്ച തുക ബന്ധപ്പെട്ടവർക്ക് കൈമാറി.

**വൈദീക-സന്യസ്ത-അല്മായസംഗമം**

ഒക്ടോബർ 29 ന് ചങ്ങനാശ്ശേരി സെന്റ് മേരീസ് കത്തീഡ്രൽ പാരീഷ് ഹാളിൽ ചേർന്ന വൈദീക-സന്യസ്ത-അല്മായസംഗമത്തിൽ ഈ ഇടവകയിൽ നിന്ന് വികാരിയച്ചന്റെ നേതൃത്വത്തിൽ വൈദികർ, ആരാധനാമഠം സിസ്റ്റേഴ്സ്, പാരീഷ് കൗൺസിൽ അംഗങ്ങൾ, സംഘടനാപ്രതിനിധികൾ, ഇടവകാംഗങ്ങൾ എന്നിവർ ഉൾക്കൊള്ളുന്ന 45 അംഗപ്രതിനിധി സംഘം പങ്കെടുത്തു. കുട്ടനാട്ടിലെ ദൈവാലയങ്ങളിൽ നിന്നും പ്രസ്തുതസമ്മേളനത്തിന് ഏറ്റവും വലിയ പ്രതിനിധിസംഘത്തെ അയച്ചത് നമ്മുടെ ഇടവകയാണ്.

**മാർ ജെയിംസ് കാളാശ്ശേരി അനുസ്മരണം**

ഡിസംബർ 01 ന് ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ നടന്ന മാർ ജെയിംസ് കാളാശ്ശേരി അനുസ്മരണസമ്മേളനത്തിലും ന്യൂനപക്ഷ അവകാശസംരക്ഷണസംഗമത്തിലും എടത്വാ ഇടവകയിൽ നിന്നും പാരീഷ് കൗൺസിൽ അംഗങ്ങൾ, കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾ, സംഘടനാപ്രവർത്തകർ, ഇടവകാംഗങ്ങൾ എന്നിവരടങ്ങുന്ന പ്രതിനിധിസംഘം സംബന്ധിച്ചു.

**ജപമാലറാലി**

എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാദൈവാലയത്തിൽനിന്ന് പുന്നപ്ര ഐ.എം.എസ്. ധ്യാനഭവനിലേക്ക് ഡിസംബർ 07 ന് ജപമാലറാലി നടത്തി. ഐ.എം.എസ്. ധ്യാനഭവൻ ഡയറക്ടർ ബഹുമാനപ്പെട്ട ഫാ.പ്രശാന്ത് നേതൃത്വം നൽകിയ ജപമാലറാലി എടത്വാ ഇടവകവികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചൻ ഉദ്ഘാടനം ചെയ്തു.

**വൈദികസമ്മേളനം**

ഡിസംബർ 14 ന് വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരുടെയും പള്ളി കൈക്കാരന്മാരുടെയും യോഗം ഈ ഇടവകയിൽ വെച്ച് നടന്നു. പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചൻ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. ഡിസംബർ 16 ന് ആലപ്പുഴയിൽ വെച്ച് നടത്തപ്പെടുന്ന കർഷകരക്ഷാസംഗമവും കളക്ട്രേറ്റ് മാർച്ചും വിജയിപ്പിക്കുന്നതിനുള്ള അതിരൂപതാനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് വികാരിജനറൽ വെരി.റവ.ഫാ.ജോസഫ് വാണിയപ്പുരക്കൽ യോഗത്തിൽ പങ്കെടുത്തു.

**കർഷകരക്ഷാസംഗമം**

കർഷകർ നേരിടുന്ന അവഗണനയിൽ പ്രതിഷേധിക്കുന്നതിന് ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഡിസംബർ 16 ന് ആലപ്പുഴയിൽ വച്ച് നടത്തപ്പെട്ട കർഷകരക്ഷാസംഗമത്തിലും കളക്ട്രേറ്റ് മാർച്ചിലും വികാരിയച്ചന്റെ നേതൃത്വത്തിൽ വൈദികർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, സംഘടനാപ്രവർത്തകർ, ഇടവകയിലെ കർഷകപ്രതിനിധികൾ എന്നിവരടക്കം നിരവധി ആളുകൾ പങ്കെടുത്തു.

**ന്യൂനപക്ഷ അവകാശസംരക്ഷണദിനാചരണം**

ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ദിനമായ നവംബർ 24 ന് ന്യൂനപക്ഷ അവകാശസംരക്ഷണദിനമായി ആചരിച്ചു. ദിനാചരണത്തിന്റെ ഭാഗമായി ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്ക് സർക്കാരിന്റെ ക്ഷേമപദ്ധതികളിൽ അർഹമായ പരിഗണന ലഭിക്കാത്തതിലും കാർഷികപ്രശ്നങ്ങൾ പരി

ഹരിക്കുന്ന കാര്യത്തിൽ സർക്കാർ പുലർത്തുന്ന അലംഭാവത്തിലും ഞായറാഴ്ചകളും ഇതരവിശുദ്ധദിനങ്ങളും കവർന്നെടുക്കുന്നത് പതിവാക്കിയ വിദ്യാഭ്യാസവകുപ്പിന്റെ ചെയ്തികളിലും ദളിത് ക്രൈസ്തവരോടുള്ള അനീതി അവസാനിപ്പിക്കാത്തതിലും പ്രതിഷേധിച്ചുകൊണ്ട് ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ബഹു.കേരളാ മുഖ്യമന്ത്രിക്ക് സമർപ്പിച്ച ഭീമഹർജിയിൽ എടത്വാ ഇടവകയും പങ്കുചേർന്നു.

**പാരീഷ് കൗൺസിൽ അംഗങ്ങൾപങ്കെടുത്ത ജപമാലപ്രാർത്ഥന**

ഇടവകവാർഷികധ്യാനത്തിന് ഒരുക്കമായി ഡിസംബർ 01 മുതൽ 19 വരെ പരിശുദ്ധ മാതാവിന്റെ ഗ്രോട്ടോയിൽ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ജപമാലപ്രാർത്ഥന ക്രമീകരിച്ചു. ഡിസംബർ 10 ലെ ജപമാലപ്രാർത്ഥനയുടെ നേതൃത്വം പാരീഷ് കൗൺസിൽ അംഗങ്ങൾക്കായിരുന്നു. ഭൂരിപക്ഷം അംഗങ്ങളും പങ്കെടുത്ത ജപമാലപ്രാർത്ഥനയിൽ ബഹുമാനപ്പെട്ട വികാരിയച്ചനും വർഗ്ഗീസ് പ്ലാംപറമ്പിലച്ചനും സംബന്ധിച്ചു. സാന്നിദ്ധ്യവും സഹകരണവും നൽകി ജപമാലപ്രാർത്ഥന ഭക്തിസാന്ദ്രമാക്കിയ എല്ലാവർക്കും നന്ദി.

**നന്ദിയും സ്വാഗതയും**

നമ്മുടെ ഇടവകയിൽ ഏകദേശം ഒന്നരവർഷക്കാലം ശുശ്രൂഷ ചെയ്തശേഷം തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ പള്ളിയിലേക്ക് സ്ഥലംമാറിപ്പോയ ബഹുമാനപ്പെട്ട ജോർജ്ജ് തൈച്ചേരിൽ അച്ചനെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. പാരീഷ് ബുള്ളറ്റിൻ ജോർജ്ജിയൻ ജ്യോതിസ്സിന്റെ ചീഫ് എഡിറ്ററായി പ്രവർത്തിച്ച ബഹുമാനപ്പെട്ട അച്ചന് എഡിറ്റോറിയൽ ബോർഡിന്റെ ഹൃദയം നിറഞ്ഞ നന്ദി. പുതിയ ഇടവകയിലെ തൈച്ചേരിൽ അച്ചന്റെ അജപാലനദൗത്യങ്ങൾ വിജയകരമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു. എടത്വാ ഇടവകയിലേക്ക് കടന്നുവന്ന ബഹുമാനപ്പെട്ട ജോസഫ് പുതിയിടം അച്ചന് സ്നേഹോഷ്മളമായ സ്വാഗതം ആശംസിക്കുന്നു.

**നന്ദിയും ആശംസയും**

എടത്വാ പള്ളിയിൽ ഓഫീസ് അസിസ്റ്റന്റായി 9 വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം വിരമിച്ച ഗ്രേസമ്മ അലക്സാണ്ടർ വലിയപറമ്പിലിനും പള്ളിയുടെ ഓഫീസിനോട് ബന്ധപ്പെട്ട് 19 വർഷം സ്തുത്യർഹമായി സേവനം ചെയ്തശേഷം വിരമിച്ച അപ്പച്ചൻ തൈപ്പറമ്പിലിനും ഇടവകയുടെ നന്ദി. ഇരുവരുടെയും ശിഷ്ടജീവിതം ദൈവാനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

**ഉപസംഹാരം**

വികാരിയച്ചന്റെ നേതൃത്വത്തിൽ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും കൂട്ടായ പരിശ്രമത്തിന്റെയും സുചിന്തിതമായ തീരുമാനങ്ങളുടെയും കാര്യക്ഷമമായ നടത്തിപ്പിന്റെയും ഫലമായി സർവ്വതലസ്പർശിയായ മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച മാസങ്ങളാണ് കടന്നുപോയത്.

ദൈവം നൽകിയ ഇടയനൊപ്പം ഇടവകയുടെ ഭൗതികവും ആത്മീയവുമായ അഭിവൃദ്ധി നേടാനുള്ള യത്നങ്ങളിൽ നമുക്ക് ഒത്തൊരുമയോടെ പങ്കുചേരാം. പുതിയ ചുവടുവെയ്പുകൾ നടത്താനും മുന്നേറ്റങ്ങൾ തുടരാനും നമ്മുടെ ഇടവകയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെയും സർവ്വോപരി ദൈവത്തിന്റെയും സഹായം തേടാം. കഴിഞ്ഞ നാളുകളിൽ ഇടവകസമൂഹം നൽകിയ സഹകരണത്തിന് പ്രത്യേകം നന്ദി.

എല്ലാ ഇടവകാംഗങ്ങൾക്കും തങ്ങളുടെ വ്യക്തിജീവിതത്തിലും ആത്മീയജീവിതത്തിലും എല്ലാ നന്മകളും ആശംസിക്കുന്നു.

''സഭ എന്റേതല്ല, കർത്താവിന്റേതാണ്,
അതിനാൽതന്നെ ഈ സഭാനൗക ആഴങ്ങളിൽ
മുങ്ങിത്താഴാൻ അവൻ
അനുവദിക്കുകയില്ല. കാരണം അവനാണ്
വള്ളത്തിന്റെ അമരത്ത്''

**(ബെനഡിക്ട് പതിനാറാമൻ പാപ്പാ)**






# ദൈവകരുണയുടെ അനുസ്മരണം

ഫാ. ഐസക് ആലഞ്ചേരി

പറുദീസായുടെ
പുറത്തേയ്ക്കുള്ള വാതിൽ
ആദിമാതാപിതാക്കൾക്ക്
പ്രത്യാശയോടെയുള്ള ഒരു
പടിയിറക്കമായിരുന്നു.
നഷ്ടങ്ങളേക്കാളധികം
രക്ഷയുടെ വലിയ
വാഗ്ദാനമായി
ദൈവകാരുണ്യം
മാറുകയായിരുന്നു

ക്രിസ്തുമസ് ദൈവകരുണയുടെ അനുസ്മരണമാണ്. ആദിമാതാപിതാക്കളുടെ പാപം പറുദീസായുടെ സമൃദ്ധിയിൽ നിന്ന് മണ്ണിനോട് മല്ലിടുവാൻ, ലോകത്തിന്റെ ബുദ്ധിമുട്ടുകളിലേയ്ക്കിറങ്ങുവാൻ കാരണമായി. തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനോട് കരുണ കാണിക്കുന്ന ദൈവം ശിക്ഷയ്ക്കൊപ്പം അവന്റെ രക്ഷയ്ക്കായുള്ള പദ്ധതി ക്രമീകരിക്കുകയും ചെയ്തു. ''നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും'' (ഉല്പത്തി 3: 15) എന്ന ശിക്ഷാവചനങ്ങളിൽ സർപ്പത്തിന്റെ തല തകർക്കുന്ന വരുവാനുള്ള രക്ഷകന്റെ വാഗ്ദാനം ദൈവം ഉൾച്ചേർത്തു. പറുദീസായുടെ പുറത്തേയ്ക്കുള്ള വാതിൽ ആദിമാതാപിതാക്കൾക്ക് പ്രത്യാശയോടെയുള്ള ഒരു പടിയിറക്കമായിരുന്നു. നഷ്ടങ്ങളേക്കാളധികം രക്ഷയുടെ വലിയ വാഗ്ദാനമായി ദൈവകാരുണ്യം മാറുകയായിരുന്നു.



"ദൈവകരുണ ഉത്സവമാക്കേണ്ടവരാണ് നാമെല്ലാവരും. കരുണയുടെ വർഷം പ്രഖ്യാപിച്ച പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ ദൈവകരുണയെ നിരന്തര ധ്യാനവിഷയമാക്കുവാൻ ആവശ്യപ്പെടുന്നുണ്ട്. 'സ്നേഹത്തിന്റെ യഥാർത്ഥമുഖം കരുണയാണെന്ന് പാപ്പാ ഓർമ്മപ്പെടുത്തുന്നു"

ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. ദൈവാനുഗ്രഹങ്ങൾ വിസ്മരിച്ച് മനുഷ്യൻ അവിടുന്നിൽ നിന്നകലുമ്പോഴും വിശ്വസ്തതയോടെ കാത്തിരിക്കുന്നവനാണ് അവിടുന്ന്. സമയത്തിന്റെ തികവിൽ മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി ദൈവം ഭൂമിയിലാഗതനാകുന്നു- ക്രിസ്തുമസിൽ. സകലജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയായിരുന്നു രക്ഷകനായ ഈശോയുടെ ജനനം (ലൂക്കാ 2:10). തള്ളിപ്പറയുന്ന, ഉപേക്ഷിക്കുന്ന സ്വഭാവം കൈമുതലാക്കിയവനും അവിടുത്തെ തീക്ഷ്ണതയോടെ ആശിച്ചു കാത്തിരിക്കുന്നവനും ദൈവകരുണയുടെ സമ്മാനമാണ് കാലിത്തൊഴുത്തിൽ ഭൂജാതനാകുന്ന ഈശോ. തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം അത്രമാത്രം ലോകത്തെ സ്നേഹിച്ച (യോഹ 3: 16) ദൈവപിതാവിന്റെ മനുഷ്യസമൂഹത്തോടുള്ള കരുണ വർണ്ണനാതീതമാണ്.



ദൈവകരുണ ഉത്സവമാക്കേണ്ടവരാണ് നാമെല്ലാവരും. കരുണയുടെ വർഷം പ്രഖ്യാപിച്ച പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ ദൈവകരുണയെ നിരന്തര ധ്യാനവിഷയമാക്കുവാൻ ആവശ്യപ്പെടുന്നുണ്ട്. ''സ്നേഹത്തിന്റെ യഥാർത്ഥമുഖം കരുണയാണെന്ന് പാപ്പാ ഓർമ്മപ്പെടുത്തുന്നു. ''നിങ്ങളുടെ സ്വർഗ്ഗീയപിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' (ലൂക്കാ 6:36). കരുണയില്ലാത്തവന്റെ ഹൃദയം മഞ്ഞുപോലെ തണുത്തുറഞ്ഞതാണെന്നും അവന് ഈശോയുടെ യഥാർത്ഥ അനുഗാമിയാകുവാൻ സാധിക്കുകയില്ലെന്നും പരിശുദ്ധപിതാവ് ഓർമ്മപ്പെടുത്തുന്നു.

ഈ ക്രിസ്തുമസ് ദിനങ്ങൾ ദൈവത്തിന്റെ കരുണയുടെ ആഘോഷമായി നാം മാറ്റുമ്പോൾ ദൈവം കൂടെ വസിക്കുന്ന ഇമ്മാനുവേൽ അനുഭവം നമുക്കു സ്വന്തമാക്കാം. ദൈവം കൂടെ വസിക്കുന്നുവെന്ന ബോധ്യം സഹോദരനോട് കരുണ കാണിക്കുവാൻ നമുക്ക് പ്രേരകമാകും. ദൈവകരുണയുടെ അനുസ്മരണമായ ക്രിസ്തുമസിൽ, ജീവിതവേദനകളിലും ബുദ്ധിമുട്ടുകളിലും പ്രതിസന്ധികളിലും കഴിയുന്ന നമ്മുടെ സഹോദരരോട് കരുണ കാണിച്ചു കൊണ്ട്, കരുണയുടെ ഈ ആഘോഷത്തെ ഫലപ്രദമാക്കുവാൻ നമുക്ക് പരിശ്രമിക്കാം.

''ദൈവസ്നേഹത്താൽ നിറയുന്ന ഒരാത്മാവിന് നിഷ്ക്രിയമായിരിക്കുവാൻ കഴിയുകയില്ല.''

**(വി.കൊച്ചുത്രേസ്യാ)**



# ഇടവകയും കുരിശുപള്ളികളും






## 1. സെന്റ് ജോർജ്ജ് ഫൊറോനാപള്ളി, എടത്വാ

### എട്ടുനോമ്പ് ആചരണം

പരിശുദ്ധ കന്യാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് എട്ടുനോമ്പിന്റെ എല്ലാ ദിനങ്ങളിലും വൈകുന്നേരം വിശുദ്ധ കുർബാനയും പരിശുദ്ധ അമ്മയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും നടന്നു. സമാപനദിനമായ സെപ്റ്റംബർ 8 ന് ഇടവകദൈവാലയം ചുറ്റി പരിശുദ്ധ മാതാവിന്റെ ഗ്രോട്ടോയിൽ അവസാനിച്ച ഭക്തിനിർഭരമായ ജപമാലപ്രദക്ഷിണത്തിൽ ഇടവകാംഗങ്ങൾ സജീവമായി സംബന്ധിച്ചു.

### ഇടവക വാർഷികധ്യാനം

ഇടവകവാർഷികധ്യാനത്തിന് ഒരുക്കമായി ഡിസംബർ 01 മുതൽ 19 വരെ പരിശുദ്ധ മാതാവിന്റെ ഗ്രോട്ടോയിൽ ജപമാലപ്രാർത്ഥന നടത്തി. വിവിധ സംഘടനകൾ വിവിധ ദിനങ്ങളിലെ ജപമാലപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. വാർഷികധ്യാനം ഡിസംബർ 20 മുതൽ 23 വരെ ഇടവകദൈവാലയത്തിൽ നടന്നു. ബഹുമാനപ്പെട്ട ചെറിയാൻ മാമ്പ്രക്കുടി അച്ചൻ ധ്യാനചിന്തകൾ പങ്കുവച്ചുനൽകി. അവസാനദിനത്തിൽ വിശുദ്ധ കുമ്പസാരത്തിനും സൗകര്യം ഒരുക്കിയിരുന്നു. വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 9 മണിക്ക് ആരാധനയോടെ സമാപിക്കുന്ന രീതിയിൽ ധ്യാനം ക്രമീകരിച്ചു.

### മിഷൻഞായർ

സഭയുടെ മിഷൻപ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നത് ലക്ഷ്യമാക്കിയുള്ള മിഷൻഞായർ സംഭാവന സ്വരൂപിക്കൽ ഈ ഇടവകയിലും നടന്നു. മിഷൻഞായറിന്റെ ഉല്പന്നപ്പിരിവിന്റെ ഭാഗമായി വീടുകളിൽ നിന്ന് സാധനങ്ങൾ ശേഖരിക്കുന്നതിനും മിഷൻഞായറിന്റെ കവറുകൾ വീടുകളിൽ എത്തിക്കുന്നതിനും സംഭാവന പള്ളിയിൽ തിരികെ ഏല്പിക്കുന്നതിനും സഹായിച്ച എല്ലാ കൂട്ടായ്മാലീഡേഴ്സിനും മിഷൻലീഗ് അംഗങ്ങൾക്കും സംഭാവന നൽകി സഹകരിച്ച എല്ലാ കുടുംബങ്ങൾക്കും പ്രത്യേകം നന്ദി. ഉല്പന്നങ്ങൾ ലേലം ചെയ്ത് ലഭിച്ച തുകയും മിഷൻഞായർ കവറിലൂടെ ലഭിച്ച സംഭാവനയും അതിരൂപതാ കേന്ദ്രത്തിൽ ഏല്പിച്ചു.

### ആരാധനയുടെ തിരുമണിക്കൂർ

ഇടവകസമൂഹത്തെ ആരാധനാജീവിതത്തോട് അടുപ്പിക്കുക എന്ന ഇടയന്റെ സ്വപ്നവും അജഗണത്തിന്റെ ആഗ്രഹവും സാക്ഷാത്കരിച്ചുകൊണ്ട് നമ്മുടെ ഇടവകയിൽ 13 മണി ആരാധന ആരംഭിച്ചു. ഒക്ടോബർ 31-ാം തീയതി വ്യാഴാഴ്ച രാവിലെ വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച 13 മണി ആരാധന വൈകുന്നേരം ആരാധനയുടെ ആശീർവാദത്തോടും തുടർന്ന് വിശുദ്ധ കുർബാനയോടുംകൂടി സമാപിച്ചു. ആരാധിക്കുന്ന സമൂഹത്തിലാണ് അനുഗ്രഹങ്ങൾ വർഷിക്കപ്പെടുക. പുതുവർഷത്തിൽ കൂടുതൽ അനുഗ്രഹ ങ്ങൾക്ക് വഴി തെളിച്ചുകൊണ്ട് 40 മണി ആരാധനയും ആരംഭിക്കുവാൻ അവസരമൊരുങ്ങുന്നു. ദൈവാലയവും പരിസരവും നമ്മുടെ ഹൃദയങ്ങളും കൂടുതൽ വിശുദ്ധമാക്കാം, ആരാധനക്ക് അനുയോജ്യമാക്കാം.

### കുടുംബക്കൂട്ടായ്മ

പെരിയ ബഹുമാനപ്പെട്ട വികാരിയച്ചന്റെയും സഹവൈദികരുടെയും നേതൃത്വത്തിൽ കൂട്ടായ്മാലീഡേഴ്സിന്റെ സഹകരണത്തോടെ വിവിധ വാർഡുകളിലെ കുടുംബക്കൂട്ടായ്മകൾ ക്രമമായും

ചിട്ടയായും നടന്നുവരുന്നു.

കുടുംബക്കൂട്ടായ്മാലീഡേഴ്സിനെ പങ്കെടുപ്പിച്ചുകൊണ്ട് സെപ്റ്റംബർ 01, ഒക്ടോബർ 13, നവംബർ 17 എന്നീ തീയതികളിൽ വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ പ്രത്യേകമീറ്റിംഗുകൾ നടത്തി.

സെപ്റ്റംബർ 13 ന് സംഘടിപ്പിച്ച കുടുംബക്കൂട്ടായ്മാലീഡേഴ്സിന്റെ ഫൊറോനാതലസംഗമം അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട ജെന്നി കായംകുളത്തുശ്ശേരി അച്ചൻ ക്ലാസ്സെടുത്തു.

<u>അതിരൂപതാ കുടുംബക്കൂട്ടായ്മാ മഹാസംഗമം</u>

ഡിസംബർ 14 ന് ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ ആർച്ചുബിഷപ്പ് കാവുകാട്ട് ഹാളിൽ ഹെസദ് എന്നപേരിൽ നടത്തപ്പെട്ട അതിരൂപതാ കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെ മഹാസംഗമത്തിൽ ഈ ഇടവകയിൽ നിന്നും വികാരിയച്ചന്റെ നേതൃത്വത്തിൽ കൂട്ടായ്മാ ലീഡേഴ്സ്, കൂട്ടായ്മാ അംഗങ്ങൾ, പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവർ അടക്കം നൂറോളംപേർ പങ്കെടുത്തു.

**എടത്വായുടെ ദൈവദാസൻ**

- ✠ 1836 ജൂലൈ 08 ന് എടത്വാ ഇടവകയിൽ പുത്തൻപറമ്പിൽ കുടുംബത്തിൽ ജനനം.
- ✠ 1868 ൽ കേരളത്തിൽ ഫ്രാൻസിസ്കൻ മൂന്നാം സഭക്ക് ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ തുടക്കമിട്ടു.
- ✠ 1908 നവംബർ 01 ന് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു.
- ✠ 2012 ജൂൺ 29 ന് ദൈവദാസനായി പ്രഖ്യാപിക്കപ്പെട്ടു.
- ✠ 2019 ഒക്ടോബർ 27 ന് പുത്തൻപറമ്പിൽ തൊമ്മച്ചൻ അനുസ്മരണസമ്മേളനം അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്തു.
- ✠ ദൈവദാസന്റെ 111-ാം ചരമവാർഷികദിനാചരണം നവംബർ 01 ന് നടത്തി. അതിരൂപതാ വികാരി ജനറൽ വെരി.റവ.ഫാ.ജോസഫ് വാണിയപ്പുരക്കൽ വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.
- ✠ തൊമ്മച്ചൻ സ്മാരക അഖിലകേരള ക്വിസ് മത്സരം നവംബർ 24 ന് പാരീഷ് ഹാളിൽ വച്ച് നടന്നു.
- ✠ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടിയുമായി ബന്ധപ്പെട്ട് നിയമിതനായ പോസ്റ്റുലേറ്ററുടെ ഓഫീസ് എടത്വായിൽ പ്രവർത്തനം ആരംഭിക്കുന്നു.
- ✠ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചനെ ധന്യനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

**സ്ഥലംമാറ്റവും പുതിയ നിയമനവും**

നമ്മുടെ ഇടവകയിലെ അജപാലനശുശ്രൂഷകൾക്ക് ശേഷം തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപള്ളിയിലേക്ക് സ്ഥലംമാറിപ്പോയ ബഹുമാനപ്പെട്ട ജോർജ്ജ് തൈച്ചേരിൽ അച്ചന് ഇടവകസമൂഹത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. പുതിയ ഇടവകയിലെ അച്ചന്റെ ശുശ്രൂഷകൾ ഇടവകയ്ക്കും ദൈവജനത്തിനും അനുഗ്രഹപ്രദമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

മാടപ്പള്ളി ഇടവകയിലെ സേവനത്തിന് ശേഷം എടത്വാ ഇടവകയിലേയ്ക്ക് കടന്നുവന്ന ബഹുമാനപ്പെട്ട ജോസഫ് പുതിയിടം അച്ചന് സ്നേഹോഷ്മളമായ സ്വാഗതം ആശംസിക്കുന്നു.

**നവവൈദികന് ആശംസകൾ**

ഈശോയുടെ പുരോഹിതശുശ്രൂഷയ്ക്ക് ദൈവനിശ്ചയത്താൽ തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട ഡീക്കൻ മാത്യു കണ്ണമ്പള്ളിയുടെ തിരുപ്പട്ടസ്വീകരണം 2019 ഡിസംബർ 27 ന് ചെത്തിപ്പുഴ ആശ്രമദൈവാലയത്തിൽവച്ച് നടന്നു. എടത്വാ ഇടവകയുടെ അഭിമാനമായ ബഹുമാനപ്പെട്ട മാത്യു കണ്ണമ്പള്ളി സി.എം.ഐ. അച്ചന്റെ പ്രഥമ ദിവ്യബലിയർപ്പണം ഡിസംബർ 30 ന് ഇടവക ദൈവാലയത്തിൽവച്ച് നടന്നു. ബഹുമാനപ്പെട്ട അച്ചന് മാതൃഇടവകയുടെ പ്രാർത്ഥനാശംസകൾ.

**മോൺ.പറപ്പള്ളിലച്ചന് ആദരാഞ്ജലികൾ**

എടത്വാ ഇടവകാംഗവും മഹാജൂബിലി മെമ്മോറിയൽ ആശുപത്രിയുടെ സ്ഥാപകനുമായ സ്നേഹബഹുമാനപ്പെട്ട മോൺ. ജെയിംസ് പറപ്പള്ളിലച്ചൻ നവംബർ 21 ന് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. ഭവനത്തിലും ഇടവക ദൈവാലയത്തിലുമായി നടന്ന സംസ്ക്കാരശുശ്രൂഷകൾക്ക് അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ, ഉപാദ്ധ്യക്ഷൻ മാർ തോമസ് തറയിൽ മെത്രാൻ, വികാരി ജനറൽമാരായ വെരി.റവ.ഫാ.ഫിലിപ്പ് വടക്കേക്കളം, വെരി.റവ.ഫാ.തോമസ് പാടിയത്ത്, വെരി.റവ.ഫാ.ജോസഫ് വാണിയപ്പുരക്കൽ, എടത്വാ ഇടവക വികാരി വെരി.റവ.ഫാ.മാത്യു ചൂരവടി എന്നിവർ നേതൃത്വം നൽകി. വെരി.റവ.ഫാ.ജോസഫ് മുണ്ടകത്തിൽ അനുസ്മരണപ്രസംഗം നടത്തി. വിശുദ്ധ കുർബാനക്കുശേഷം ദൈവാലയത്തെ പ്രദക്ഷിണം വച്ചുകൊണ്ടുള്ള നഗരികാണിക്കലിൽ വൈദികർ, സിസ്റ്റേഴ്സ്, പാരീഷ് കൗൺസിൽ അംഗങ്ങൾ, ഇടവകാംഗങ്ങൾ, ബന്ധുമിത്രാദികൾ, ജൂബിലി മെമ്മോറിയൽ സ്റ്റാഫ് അംഗങ്ങൾ, പൊതുജനങ്ങൾ തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട ആളുകൾ പങ്കെടുത്തു. തുടർന്ന് ഉത്ഥാനപ്പള്ളിയിൽ

പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സംസ്കരിച്ചു. നാടിനെ ജീവനുതുല്യം സ്നേഹിച്ച പ്രിയപ്പെട്ട പറപ്പള്ളിലച്ചന് ഇടവകസമൂഹത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**സെന്റ് ജോർജ്ജ് സൺഡേസ്കൂൾ, എടത്വാ**

ഈശോമിശിഹായെ അറിഞ്ഞും അനുഭവിച്ചും പങ്കുവച്ചും വചനത്തിൽഅധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ യാത്രതുടരുകയാണ് എടത്വാ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ. ഡയറക്ടർ ബഹുമാനപ്പെട്ട ഫാ.വർഗ്ഗീസ് പ്ലാംപറമ്പിലിന്റെയും ഹെഡ്മാസ്റ്റർ ശ്രീ ജെറോം പി.വി.യുടെയും നേതൃത്വത്തിൽ അദ്ധ്യാപകരുടെയും പി.ടി.എ.യുടെയും പിന്തുണയോടെ വിവിധ കർമ്മ പരിപാടികൾ നടത്തിവരുന്നു. പി.ടി.എ. പ്രസിഡന്റായി ശ്രീ ശ്യാം ജോർജ്ജ് തെരഞ്ഞെടുക്കപ്പെട്ടു.

ഞായറാഴ്ചകളിൽ അൾത്താരബാലന്മാരുടെ സമ്മേളനം, പ്രാർത്ഥനാ യോഗങ്ങൾ, ഏകദിനസെമിനാറുകൾ, ക്യാമ്പുകൾ എന്നിവ നടത്തപ്പെടുന്നു. മികച്ച അൾത്താരബാലനായി മാസ്റ്റർ എഡ്വിൻ സെബാസ്റ്റ്യൻ മുണ്ടുവേലിൽ തെരഞ്ഞെടുക്കപ്പെട്ടു. ചങ്ങനാശ്ശേരി അതിരൂപതാ സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റിൽ എടത്വാ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ ലീഡർമാരായ മാസ്റ്റർ റിതുൽ ജോർജ്ജ്, കുമാരി ജൂബിൾ മരിയ എന്നിവർ പങ്കെടുത്തു. 2019 ലെ എടത്വാ ഫൊറോനാ ബൈബിൾ കലോത്സവത്തിൽ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ എടത്വാ ഓവറോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

കേരള അസ്സീസ്സി പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരള ക്വിസ് മത്സരം സൺഡേസ്കൂളിന്റെ നേതൃത്വത്തിൽ വളരെ മികച്ച രീതിയിൽ നടത്തപ്പെട്ടു. 35 ടീമുകൾ ക്വിസ് മത്സരത്തിൽ പങ്കെടുത്തു. നിരണം തീർത്ഥാടനം, അൽഫോൻസാ തീർത്ഥാടനം എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഏറെ ശ്രദ്ധേയമായി. ശ്രീ ഷാജി ചൂരപ്പുഴ, സിസ്റ്റർ റ്റെസ് എസ്.ഡി. എന്നിവരുടെ നേതൃത്വത്തിൽ പിതാക്കന്മാർക്കും മാതാക്കൾക്കും പ്രത്യേക ക്ലാസ്സുകൾ നടത്തി. 11–ാം ക്ലാസ്സിലെ കുട്ടികൾക്കായി ചങ്ങനാശ്ശേരി അതിരൂപത നടത്തിവരുന്ന ചെക്ക് ബോക്സ് എന്ന ക്യാമ്പിൽ 14 കുട്ടികൾ പങ്കെടുത്തു. കൂടാതെ 10,11,12 ക്ലാസ്സിലെ കുട്ടികൾക്കായി സാമൂഹ്യമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ആർ.ജെ.ഫാദർ എന്നറിയപ്പെടുന്ന ബഹുമാനപ്പെട്ട ഫാ.സിജോയുടെ നേതൃത്വത്തിൽ പ്രത്യേക ക്ലാസ്സ് സംഘടിപ്പിച്ചു. മതാദ്ധ്യാപകരുടെ കൂട്ടായ്മ ഒക്ടോബർ മാസം ശ്രീ ജോച്ചൻ ജോസഫ് കൊഴുപ്പക്കളത്തിന്റെ ഭവനത്തിൽവച്ച് നടത്തപ്പെട്ടു.

തിരുബാലസഖ്യം, ചെറുപുഷ്പമിഷൻലീഗ്, യുവദീപ്തി, അൾത്താര ബാലസഖ്യം, ബെത്‌ലഹേം മീറ്റ് തുടങ്ങിയവയിലൂടെ ആകർഷകമായ വിവിധ പരിപാടികൾ നടത്തിവരുന്നു. നമ്മുടെ അതിരൂപതയുടെ പഞ്ചവത്സര അജപാലന പദ്ധതിയോട് ചേർന്ന് നിന്ന് വി.ഗ്രന്ഥത്തേക്കുറിച്ചുള്ള അറിവിൽ കൂടുതൽ ആഴപ്പെടുത്താനുള്ള പദ്ധതികൾ സംഘടിപ്പിച്ചുവരുന്നു.

## 2. സെന്റ് ജോസഫ് കുരിശുപള്ളി, കോയിൽമുക്ക്

ഫാ.സെബാസ്റ്റ്യൻ കണ്ണാടിപ്പാറ

കഴിഞ്ഞ നാളുകളിൽ നല്ലവനായ ദൈവം കനിഞ്ഞ് നൽകിയ എല്ലാ അനുഗ്രഹങ്ങളും കോയിൽമുക്കിലെ ദൈവജനം നന്ദിയോടെ ഓർക്കുന്നു. ദൈവം ചൊരിഞ്ഞ ദാനങ്ങൾക്ക് പരിധികളോ അതിരുകളോ ഇല്ല. ദൈവത്തിന് സ്തുതി.

കുരുന്നുകളുടെ സംഘടനയായ തിരുബാലസഖ്യത്തിന്റെ പ്രവർത്തനങ്ങൾ എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും ഞായറാഴ്ചകളിലായി നടത്തപ്പെടുന്നു. സഖ്യത്തിലെ കുഞ്ഞുങ്ങളുടെ ഫൊറോനാതല കലോത്സവ ത്തിൽ കുട്ടികൾ വളരെ തീക്ഷ്ണതയോടെ പങ്കെടുത്തു. ആഗസ്റ്റ് 3–ാം തീയതി നടത്തപ്പെട്ട അൽഫോൻസാ തീർത്ഥാടനത്തിന് ചെറുപുഷ്പമിഷൻലീഗിലെ കുട്ടികൾക്കൊപ്പം മുതിർന്നവരും സംബന്ധിച്ചു. അൽഫോൻസാമ്മയുടെ ജന്മഗൃഹം, ഭരണങ്ങാനം, അരുവിത്തറ പള്ളി, വല്യച്ചൻമല എന്നിവിടങ്ങളിൽ തീർത്ഥാടനം നടത്തി. പ്രസ്തുത തീർത്ഥാടനം എല്ലാവർക്കും ആനന്ദദായകമായിരുന്നു.



ആഗസ്റ്റ് 15–ാം തീയതി പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഭക്തിയാഘോഷപൂർവ്വം കൊണ്ടാടി. സ്വാതന്ത്ര്യദിന സന്ദേശവും പതാക ഉയർത്തലും ദിവ്യബലിക്കുശേഷം ബഹുമാനപ്പെട്ട ബിജു കണ്ണാടിപ്പാറയച്ചൻ നടത്തി. മലബാറിലെ ദുരിതബാധിതരെ സഹാ

യിക്കാനായി സ്തോത്രകാഴ്ച വഴി സ്വരൂപിച്ച 45,720/- രൂപ തലപ്പള്ളിയിൽ ഏൽപിച്ചു.

എട്ടുനോമ്പാചരണം ഭക്തിപൂർവ്വം നടത്തുകയുണ്ടായി. കൂട്ടായ്മാടിസ്ഥാനത്തിൽ ഓരോ ജപമാല രഹസ്യത്തോടും ബന്ധപ്പെട്ട ചിത്രീകരണങ്ങൾ വിവിധ സ്ഥലങ്ങളിൽ ക്രമീകരിച്ച് അലങ്കരിക്കുകയും പ്രദക്ഷിണത്തോടെ പര്യവസാനിപ്പിക്കുകയും ചെയ്തു. സെപ്റ്റംബർ 8 ന് ഓണാഘോഷപരിപാടികൾ നടത്തി.

ബെത്‌ലഹേം മീറ്റ് എല്ലാമാസത്തിലെയും 3-ാം ഞായറാഴ്ച നടത്തപ്പെടുന്നു. ഇപ്രാവശ്യത്തെ ഫൊറോനാതല വൈദിക കോൺഫറൻസ് സെപ്റ്റംബർ 24-ാം തീയതി ഈ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. 29-ാം തീയതി നടത്തിയ ലോഗോസ് ക്വിസിന് ഇവിടെ നിന്ന് 97 പേർ പങ്കെടുത്തു. ഒക്ടോബർ 1 മുതൽ 10 വരെ കൊന്തനമസ്കാരം നടത്തി. പ്രേഷിതമാസാചരണത്തിന്റെ ഭാഗമായി നടത്തിയ മിഷൻപിരിവിൽ വിശ്വാസസമൂഹം സജീവമായി പങ്കെടുത്തു.

ഫൊറോനാതലത്തിൽ നടത്തിയ മാതൃജ്യോതിസ്, പിതൃവേദി മത്സരത്തിൽ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തു. ഫൊറോനാ ബൈബിൾ കലോത്സവത്തിൽ സഭാപ്രതിഭയായി ആദർശ് കെ.സെബാസ്റ്റ്യൻ കറുകയിലും, സഭാതിലകമായി അനുഗ്രഹാ ദീപാ സെബാസ്റ്റ്യൻ കറുകയിലും തെരഞ്ഞെടുക്കപ്പെട്ടു എന്നത് സൺഡേസ്കൂളിന് അഭിമാനാർഹമായ നേട്ടമായി.

പുളിങ്കുന്നിൽ വച്ച് നടന്ന അതിരൂപതാ യുവജന ദിനത്തിൽ 9 യുവജനങ്ങൾ പങ്കെടുത്തു. കുട്ടനാട് റീജിയൻ മാതൃവേദി റൂബി ജൂബിലി പരിപാടിയിൽ നിരവധി അംഗങ്ങൾ സംബന്ധിച്ചു. അൾത്താരബാലന്മാരുടെ ഫൊറോനാതല സെമിനാറിൽ 22 കുട്ടികൾ പങ്കെടുത്തു. അതിരൂപത നിഷ്കർഷിച്ച വചനവർഷ സമാപനം സമുചിതമായി നടത്തി. വിശ്വാസസമൂഹത്തിന്റെ സ്വപ്നമായ ദൈവാലയനിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

തിരുപ്പിറവിക്ക് ഒരുങ്ങുന്ന എല്ലാവർക്കും ക്രിസ്തുമസ് നവവത്സര ആശംസകൾ!

## 3. മേരിമാതാ കുരിശുപള്ളി, മരിയാപുരം

ഫാ.ജോസഫ് ബംഗ്ലാവുപറമ്പിൽ





ദുക്റാന തിരുനാൾ ദിനം ബഹുമാനപ്പെട്ട ജോസഫ് ബംഗ്ലാവുപറമ്പിലച്ചന്റെ നേതൃത്വത്തിൽ നിരണം തീർത്ഥയാത്രക്ക് ഇരുനൂറോളം ഭക്തർ മരിയാപുരം പള്ളിയിൽനിന്നും പങ്കെടുത്തു. ജൂലൈ 20 ന് മുതിർന്ന പൗരന്മാർക്ക് സർക്കാർ നൽകുന്ന പരിരക്ഷയെക്കുറിച്ചും ആരോഗ്യപാലനത്തെക്കുറിച്ചും ഒരു ബോധവൽക്കരണക്ലാസ്സ് എടത്വാ സീനിയർ സിറ്റിസൺ ഫോറത്തിന്റെ നേതൃത്വത്തിൽ ഇവിടെ വച്ച് നടത്തുകയുണ്ടായി. 70 ഓളം പേർ ഇതിൽ പങ്കെടുത്തു.

എട്ടുനോമ്പ് ആഘോഷങ്ങൾ കൂട്ടായ്മാ അടിസ്ഥാനത്തിൽ നടത്തി. ഓരോ ദിവസവും ഒരു കൂട്ടായ്മയുടെ നേതൃത്വത്തിൽ പരിശുദ്ധ മാതാവിന്റെ തിരുസ്വരൂപം അലങ്കരിച്ചു. രണ്ടാമത്തെ കൂട്ടായ്മ പരിശുദ്ധ ജപമാലക്ക് നേതൃത്വം നൽകി. പ്രധാന തിരുനാൾ ദിനത്തിൽ തിരുസ്വരൂപം അലങ്കരിക്കലും ജപമാലസമർപ്പണവും യുവജനങ്ങളുടെ നേതൃത്വത്തിൽ ഭക്തിനിർഭരമായി നടത്തപ്പെട്ടു. നേർച്ചഭക്ഷണവിതരണവും നടത്തി.

ഒക്ടോബർ 13-ാം തീയതി നടന്ന അർദ്ധവാർഷിക പൊതുയോഗത്തിൽ നടത്തുകൈക്കാരനായി ശ്രീ ഷാജി ജോസഫ്, മഠത്തിക്കളത്തിനെ തെരഞ്ഞെടുത്ത് ചുമതല കൈമാറി.

**സൺഡേസ്കൂൾ**

ആഗസ്റ്റ് 03 ന് സൺഡേസ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് റവ.സിസ്റ്റർ അനിറ്റ SABS ന്റെ നേതൃത്വത്തിൽ അൽഫോൻസാ തീർത്ഥാടനം നടത്തി. ആഗസ്റ്റ് 04 ന് സൺഡേസ്കൂൾ പി.റ്റി.എഫ്. രൂപീകരിച്ചു. പി.റ്റി.എഫ്. പ്രസിഡന്റായി ഷാജി ജോസഫ്, മഠത്തിക്കളം തെരഞ്ഞെടുക്കപ്പെട്ടു.

ഒക്ടോബർ 7,8 തീയതികളിൽ എടത്വായിൽ വച്ച് നടന്ന സൺഡേസ്കൂൾ കുട്ടികളുടെ ഫൊറോനാ കലോത്സവത്തിൽ ബഹുമാനപ്പെട്ട അച്ചന്റെ നേതൃത്വത്തിൽ കൃത്യമായ പരിശീലനങ്ങളുടെ ഫലമായി 60 ഓളം കുട്ടികളെ മാർഗ്ഗംകളി, സംഗീതം, പ്രസംഗം, ബൈബിൾ നാടകം എന്നിവയിൽ പങ്കെടുപ്പിക്കുകയും ഓവറോൾ മൂന്നാം സ്ഥാനം ലഭിക്കുകയും ചെയ്തു.

നവംബർ 17-ാം തീയതി സൺഡേസ്കൂൾ കുട്ടികളുടെ മാതാപിതാക്കൾക്കായി ഒരു സെമിനാർ സന്ദേശനിലയം ഡയറക്ടർ ഫാ.ജോബിൻ പെരു

മ്പളത്തുശ്ശേരിയുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി.

**യുവദീപ്തി**

ജൂലൈ മാസം 7-ാം തീയതി ബഹുമാനപ്പെട്ട ജീമോനച്ചന്റെ നേതൃത്വത്തിൽ നൂറോളം യുവജനങ്ങൾ കടൽക്ഷോഭം മൂലം ദുരിതത്തിലായ ആളുകൾക്ക് സഹായം നൽകുന്നതിന്റെ ഭാഗമായി ചെല്ലാനം കടപ്പുറത്ത് കടൽഭിത്തി നിർമ്മിക്കാൻ പോയിരുന്നു. ഇതിലേക്കായി ബിരിയാണിയുൾപ്പെടെ 200 ഭക്ഷണപ്പൊതികൾ കൂട്ടായ്മയുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെ തയ്യാറാക്കി നൽകി.

ഓണാഘോഷപരിപാടികൾ സെപ്റ്റംബർ 7,8 തീയതികളിൽ ബഹുമാനപ്പെട്ട ജീമോനച്ചന്റെയും യുവജനങ്ങളുടെയും നേതൃത്വത്തിൽ ഗംഭീരമായി ആഘോഷിച്ചു. 7-ാം തീയതി കൂട്ടായ്മാ അടിസ്ഥാനത്തിൽ പൂക്കളമത്സരവും 8-ാം തീയതി കലാ-കായികമത്സരവും സംഘടിപ്പിച്ചു.

**വിൻസെന്റ് ഡി പോൾ സൊസൈറ്റി**

പള്ളിയോടുചേർന്ന് പ്രവർത്തിക്കുന്ന മേരിമാതാ വിൻസെന്റ് ഡി പോൾ കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ കിടങ്ങറയിലുള്ള സ്നേഹതീരം റീഹാബിലിറ്റേഷൻ സെന്റർ സന്ദർശിക്കാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. 35 അന്തേവാസികളുള്ള പ്രസ്തുതസ്ഥാപനത്തിന് അരലക്ഷം രൂപയുടെ സഹായപദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആത്മീയ ഉപദേഷ്ടാവ് ബഹുമാനപ്പെട്ട ജീമോൻ ബംഗ്ലാവുപറമ്പിലച്ചന്റെ നേതൃത്വത്തിൽ ഡിസംബർ മാസത്തിൽ സന്ദർശനം ക്രമീകരിച്ചിരിക്കുന്നു.

## 4. സെന്റ് ജോസഫ് കുരിശുപള്ളി, ചങ്ങങ്കരി

ഫാ. ജോസഫ് ചെമ്പിലകം

അജപാലകനായ ബഹുമാനപ്പെട്ട ജോസഫ് ചെമ്പിലകം അച്ചന്റെ നേതൃത്വത്തിൽ ചങ്ങങ്കരിയിലെ വിശ്വാസസമൂഹത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു. വി.അൽഫോൻസാമ്മയുടെ തിരുനാൾ, പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ, ജനനത്തിരുനാൾ, വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ, വി. ഫ്രാൻസീസ് അസ്സീസ്സിയുടെ തിരുനാൾ, എന്നിവ ഭക്തിനിർഭരമായ ദൈവാലയശുശ്രൂഷകളോടെ സമുചിതമായി കൊണ്ടാടി.

ഓണാഘോഷപരിപാടികൾ യുവദീപ്തി, സൺഡേസ്കൂൾ, മാതൃവേദി എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. മലബാർ പ്രദേശത്ത് പ്രളയദുരിതമനുഭവിക്കുന്നവർക്ക് ഭവനനിർമ്മാണത്തിനായി വിശ്വാസസമൂഹം കൈകോർക്കുകയും പ്രത്യേകസംഭാവന നൽകുകയും ചെയ്തു.

പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി സഹായം തേടിയെത്തിയ വൈദികരെ വിശ്വാസസമൂഹം സന്തോഷത്തോടെ സ്വീകരിച്ചു.

**യുവദീപ്തി**

യുവജനങ്ങളുടെ നേതൃത്വത്തിൽ 2019 ജൂലൈ 07 ന് നിരണം തീർത്ഥാടനം നടത്തി. സംഘടനാംഗങ്ങളുടെ മീറ്റിംഗ് കൃത്യമായി നടന്നുവരുന്നു.

**സൺഡേസ്കൂൾ**

കുട്ടികളുടെ മാതാപിതാക്കളെ കൂടുതൽ അവബോധം ഉള്ളവരാക്കുന്നതിനായി സെമിനാറുകൾ നടത്തി. ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട അൽഫോൻസാ



തീർത്ഥാടനത്തിൽ എല്ലാ കുട്ടികളും പങ്കെടുത്തു. കുട്ടികൾക്കായി നടത്തപ്പെട്ട ലോഗോസ് ക്വിസിൽ എല്ലാവരും പങ്കുചേർന്നു. ഒക്ടോബർ മാസം മിഷൻ മാസമായി ആചരിച്ചു. ഒക്ടോബർ 27 ന് കുട്ടികൾക്കായി ധ്യാനം സംഘടിപ്പിച്ചു. മിഷൻലീഗ് ലീഡേഴ്സിന്റെയും അംഗങ്ങളുടെയും മീറ്റിംഗുകൾ ചിട്ടയായി നടത്തപ്പെടുന്നു. ഭവനങ്ങൾ തോറുമുള്ള കുടുംബകൂട്ടായ്മകളും മാതൃവേദിയുടെ പ്രവർത്തനങ്ങളും വളരെ ഭംഗിയായി നടത്തപ്പെടുന്നു.

ബഹുമാനപ്പെട്ട ജോസഫ് ചെമ്പിലകം അച്ചൻ കിടപ്പുരോഗികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും വി.കുർബാന നൽകുകയും ചെയ്യുന്നു. ഇടവക ജനത്തെ കൂടുതൽ ആത്മീയ അവബോധമുള്ളവരാക്കുന്നതിലും ദൈവാലയത്തോട് ചേർത്ത് നിർത്തുന്നതിലും കൗദാശികജീവിതത്തിൽ വിശ്വാസികളെ വളർത്തുന്നതിലും ബഹുമാനപ്പെട്ട അച്ചൻ ഏറെ പരിശ്രമിക്കുന്നു.

## 5. വിശുദ്ധ പത്താം പീയൂസ് കുരിശുപള്ളി, പാണ്ടങ്കരി

ഫാ.അലോഷ്യസ് വല്ലാത്തറ



1954 -ൽ സ്ഥാപിതമായ വിശുദ്ധ പത്താം പീയൂസിന്റെ നാമത്തിലുള്ള പാണ്ടങ്കരി കുരിശുപള്ളി അതിന്റെ 65-ാമത്തെ പ്രവർത്തന വർഷത്തിലാണ്. ജൂലൈ 3-ാം തീയതി ദുക്റാനതിരുനാളിൽ നിരണത്തേക്കുള്ള തീർത്ഥാടനപദയാത്രയിൽ കുട്ടികളും മുതിർന്നവരും ഉത്സാഹത്തോടെ പങ്കുചേർന്നു. ജൂലൈ 20-ാം തീയതി ശനിയാഴ്ച ബഹുമാനപ്പെട്ട ജോർജ്ജ് തൈശ്ശേരിലച്ചൻ പണിയിച്ച പാണ്ടങ്കരി പള്ളിമേട, അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവ് ആശീർവാദകർമ്മം നിർവ്വഹിച്ചതിന്റെ 13-ാമതു വാർഷികമായിരുന്നു. ജൂലൈ 21 മുതൽ 31 വരെ വിശുദ്ധ അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായ പ്രാർത്ഥന നടത്തുകയും കുട്ടികളും മതാദ്ധ്യാപകരും നോമ്പനുഷ്ഠിച്ച് തീർത്ഥാടനത്തിന് ഒരുങ്ങുകയും ചെയ്തു.

ആഗസ്റ്റ് 3-ാം തീയതി 45 കുട്ടികളും അദ്ധ്യാപകരും അൽഫോൻസാ തീർത്ഥാടനത്തിൽ പങ്കെടുത്തു. ആഗസ്റ്റ് 20, 21 തീയതികളിൽ നടന്ന വാർഷികധ്യാനത്തിന് ബഹുമാനപ്പെട്ട ജോസഫ് ആറുപറയച്ചൻ നേതൃത്വം നൽകി. 22-ാം തീയതി വ്യാഴാഴ്ച ഓരോ കുടുംബക്കൂട്ടായ്മയ്ക്കും ഒരു മണിക്കൂർ ദിവ്യകാരുണ്യസന്നിധിയിൽ ആരാധന നടത്തുന്നതിന് സാധിക്കുന്ന വിധം 13 മണി ആരാധന നടത്തി. 23, 24, 25 തീയതികളിൽ കുരിശുപള്ളിയുടെ നാമകാരണനായ വിശുദ്ധ പത്താം പീയൂസിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. 26-ാം തീയതി തിങ്കളാഴ്ച കൃതജ്ഞതാബലി അർപ്പിക്കപ്പെട്ടു.

എട്ടുനോമ്പ് ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 7 വരെ ഭക്ത്യാദരപൂർവ്വം ആചരിച്ചു. സെപ്റ്റംബർ 7-ാം തീയതി സൺഡേസ്കൂൾ കുട്ടികളുടെ തിരുനാളാചരണവും ഓണപ്പരിപാടികളും ഓണസദ്യയും സംഘടിപ്പിച്ചു. വിശുദ്ധ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 27 ന് സെന്റ് വിൻസെന്റ് ഡി പോൾ ഡേ ആയി ആചരിച്ചു.

ഒക്ടോബർ മാസം ജപമാല മാസമായി ആചരിച്ചു. ഒക്ടോബർ 29-ാം തീയതി ചൊവ്വാഴ്ച രാജസ്ഥാനിലെ മേരിറാണി പ്രോവിൻസിന് വേണ്ടി റവ.സി.ഗിഫ്റ്റി മരിയ റ്റോം പോളയ്ക്കൽ FCC യുടെ സഭാവസ്ത്രസ്വീകരണം രാജസ്ഥാനിൽ വച്ച് നടത്തി.

നവംബർ മാസത്തിൽ എല്ലാ കുടുംബക്കൂട്ടായ്മകളിലും ബഹു. അച്ചന്റെ നേതൃത്വത്തിൽ ഭവന സന്ദർശനവും വെഞ്ചരിപ്പും നടത്തി.

സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ സൺഡേസ്കൂൾ അദ്ധ്യാപകരുടെ പ്രാർത്ഥനാസമ്മേളനങ്ങൾ നടത്തി. സൺഡേസ്കൂൾ കുട്ടികൾക്കായി മാസത്തിലൊരിക്കലുള്ള കുമ്പസാരവും വി.കുർബാനയും ആരാധനയും സെപ്റ്റംബർ ഒഴികെയുള്ള മാസങ്ങളിൽ നടന്നു. നവംബർ മാസത്തിലെ 3 ശനിയാഴ്ചകളിൽ കുട്ടികൾക്കായി വി.കുർബാനയെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിച്ചു. സൺഡേസ്കൂൾ കുട്ടികളുടെ വി.കുർബാനയ്ക്കു ശേഷം 12-ാം ക്ലാസ്സിലെ കുട്ടികൾ വിശുദ്ധരെ പരിചയപ്പെടുത്തി. മുൻ അജപാലകനായിരുന്ന ബഹു. ആന്റണി തേവാരിയച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങൾ നവംബർ 9-ാം തീയതി നെടുമുടി നസ്രത്ത് പള്ളിയിൽവച്ച് നടത്തപ്പെട്ടു. ബഹു. അലോഷ്യസ് വല്ലാത്തറയച്ചന്റെ നേതൃത്വത്തിൽ അനേകം വിശ്വാസികൾ ആഘോഷങ്ങളിൽ സംബന്ധിച്ചു. പുതിയ ആരാധനാവത്സരത്തെ വരവേൽക്കാനായി എല്ലാവരും ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

## 6. തിരുഹൃദയചാപ്പൽ, കുന്തിരിക്കൽ

ഫാ.ജോസഫ് പുതിയിടം

എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ ദൈവാലയത്തോട് ചേർന്ന് പ്രവർത്തിക്കുന്ന കുന്തിരിക്കൽ തിരുഹൃദയചാപ്പലും അതിലെ 9 കുടുംബകൂട്ടായ്മകളും ദൈവാനുഗ്രഹത്താൽ വളരെ സന്തോഷത്തോടും സമാധാനത്തോടും കൂടെ മുന്നോട്ട് പോകുന്നു. എല്ലാ ബുധനാഴ്ചയും രാവിലെ 6.15 ന് സപ്രായും വിശുദ്ധ കുർബാനവും മരിച്ചവരുടെ ഓർമ്മയ്ക്കായി ഒപ്പീസും നടത്തിവരുന്നു. ഞായറാഴ്ച രാവിലെ 6.15 ന് സപ്രായും വിശുദ്ധ കുർബാനവും ബഹുമാനപ്പെട്ട മെൽവിൻ പുതിയിടം അച്ചന്റെ നേതൃത്വത്തിൽ നടക്കുന്നു.

ജൂലൈ 03 ന് ദുക്റാനതിരുനാളിൽ എടത്വായിൽ നിന്ന് പുറപ്പെട്ട നിരണം തീർത്ഥാടന പദയാത്രികർക്കായി വഴിമദ്ധ്യേ രണ്ടിടങ്ങളിലായി ദാഹജലം വിതരണം ചെയ്തു. സെന്റ് ബെനഡിക്ട് കൂട്ടായ്മയും വി.ജോൺ പോൾ കൂട്ടായ്മയും

ഇതിന് നേതൃത്വം നൽകി.

ഓണാഘോഷപരിപാടി വളരെ ഭംഗിയായി നടക്കുകയുണ്ടായി. ബഹുമാനപ്പെട്ട ജോർജ്ജ് തൈച്ചേരിൽ അച്ചന്റെ നേതൃത്വത്തിൽ പിതൃവേദിയുടെ പങ്കാളിത്തത്തോടുകൂടി വിവിധകലാപരിപാടികൾ നടത്തി. മാതാപിതാക്കളും യുവജനങ്ങളും കുട്ടികളും സജീവമായി പങ്കെടുത്തു. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

സെപ്റ്റംബർ 29-ാം തീയതി ബഹുമാനപ്പെട്ട ജോർജ്ജ് തൈച്ചേരിൽ അച്ചന്റെ യാത്രയയപ്പ് സമ്മേളനം പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ഏകദേശം ഒന്നര വർഷക്കാലം സ്തുത്യർഹമായ സേവനം ചെയ്ത തൈച്ചേരിൽ അച്ചന് ആശംസകൾ നേർന്നുകൊണ്ട് വികാരിയച്ചനും കൈക്കാരനും സംസാരിച്ചു. തൈച്ചേരിൽ അച്ചൻ നന്ദി പറഞ്ഞു. ഒക്ടോബർ 1-ാം തീയതി അച്ചൻ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ പള്ളിയിലേക്ക് അസിസ്റ്റന്റ് വികാരിയായി സ്ഥലം മാറിപ്പോയി. ഒക്ടോബർ 6-ാം തീയതി ബഹുമാനപ്പെട്ട മെൽവിൻ പുതിയിടം അച്ചൻ ചാർജ്ജെടുത്തു. അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണയറിയിച്ചുകൊണ്ട് വിശ്വാസികളുടെ സമൂഹം അച്ചനെ സ്വാഗതം ചെയ്തു.

ഒക്ടോബർ മാസത്തിൽ വിവിധ കൂട്ടായ്മകൾ കേന്ദ്രീകരിച്ച് ഭവനങ്ങളിൽ ജപമാലയർപ്പണം നടത്തി. കുന്തിരിക്കൽ കുരിശടിയിൽ എല്ലാ ദിവസവും വൈകുന്നേരം 6 മണിക്ക് സെന്റ് ബെനഡിക്ട് കൂട്ടായ്മയുടെ നേതൃത്വത്തിൽ ജപമാലയർപ്പണവും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി.



ഒക്ടോബർ 20-ാം തീയതി ബഹുമാനപ്പെട്ട മെൽവിൻ പുതിയിടം അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുതിയ കൈക്കാരനായി ശ്രീ സാബു കരിക്കമ്പള്ളി സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. മൂന്നുവർഷക്കാലം സ്തുത്യർഹമായ സേവനം ചെയ്ത കൈക്കാരൻ ശ്രീ വി.ജെ.കുര്യൻ വെട്ടുകുഴിക്ക് ബഹുമാനപ്പെട്ട മെൽവിൻ പുതിയിടം അച്ചൻ, ജോയിസാർ കോനാട്ട്, സാബു കരിക്കമ്പള്ളി എന്നിവർ നന്ദിയും നേർന്നു.

പിതൃവേദി, യുവദീപ്തി എന്നീ ഭക്തസംഘടനകൾ സജീവമായി പ്രവർത്തിച്ചുവരുന്നു. കൂട്ടായ്മകളുടെ സ്നേഹവും ഐക്യവും നിലനിർത്താനായി പല കർമ്മപദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു. പാവപ്പെട്ടവർക്കും രോഗികൾക്കും സഹായം നൽകുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. പള്ളിയുടെ നല്ല നടത്തിപ്പിനായി ഓരോ കൂട്ടായ്മയിൽ നിന്നും രണ്ടുപേരെ വീതം തെരഞ്ഞെടുത്ത് ഒരു കമ്മിറ്റി പ്രവർത്തിക്കുന്നു.

## 7. സെന്റ് ജോസഫ് ചാപ്പൽ, ചങ്ങങ്കരി

ഫാ.വർഗ്ഗീസ് പ്ലാംപറമ്പിൽ

എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ ദൈവാലയത്തോട് ചേർന്ന് പ്രവർത്തിക്കുന്ന ചങ്ങങ്കരി നടുഭാഗം ബി വാർഡിലെ സെന്റ് ജോസഫ് ചാപ്പലിന്റെ പ്രവർത്തനം ദൈവകൃപയാൽ നന്നായി നടന്നുവരുന്നു. എല്ലാ ബുധനാഴ്ചകളിലും ജപമാലപ്രാർത്ഥനയും മദ്ധ്യസ്ഥപ്രാർത്ഥനയും ഇവിടെ നടക്കുന്നു. ഒക്ടോബർ മാസത്തിൽ എല്ലാ ദിവസവും വളരെ മനോഹരമായ രീതിയിൽ ജപമാല നടത്തി. ഇപ്പോഴത്തെ ക്രമീകരണപ്രകാരം മൂന്നുമാസത്തിലൊരിക്കൽ വി.കുർബാനവും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തുന്നുണ്ട്. പ്രദേശത്തെ വിശ്വാസികളുടെ ആഗ്രഹം മാനിച്ച് മാസത്തിലൊരിക്കൽ വി.കുർബാന നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇവിടുത്തെ എല്ലാ ശുശ്രൂഷകൾക്കും വി.കുർബാനക്കും കൂട്ടായ്മാസമ്മേളനങ്ങൾക്കും നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാംപറമ്പിലച്ചനും എല്ലാ വിശ്വാസികൾക്കും വി.യൗസേപ്പിതാവിന്റെ നാമത്തിൽ പ്രാർത്ഥനയും നന്ദിയും അർപ്പിക്കുന്നു.



# വിദ്യാഭ്യാസ പ്രേഷിതപ്രവർത്തനങ്ങൾ

## 1. സെന്റ് അലോഷ്യസ് കോളേജ്, എടത്വാ

### റൂബി ജൂബിലി




കോളേജിൽ കൊമേഴ്സ്, ഗണിതശാസ്ത്രം എന്നീ വിഭാഗങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ട് 40 വർഷങ്ങൾ പിന്നിടുന്നു. റൂബി ജൂബിലി നിറവിലായിരിക്കുന്ന കൊമേഴ്സ് വിഭാഗത്തിന്റെ ആഘോഷപരിപാടികൾ പ്രമുഖ വ്യവസായിയും നോൾട്ടാ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടറുമായ ആന്റണി കൊട്ടാരവും ഗണിതശാസ്ത്രവിഭാഗത്തിന്റെ ആഘോഷങ്ങൾ കാഞ്ഞിരപ്പള്ളി എസ്.ഡി.കോളേജ് പ്രിൻസിപ്പൽ റവ.ഫാ.ഡോ. ജെയിംസ് ഫിലിപ്പും ഉദ്ഘാടനം ചെയ്തു.

### റിസേർച്ച് & പോസ്റ്റ്ഗ്രാജുവേറ്റ് സെന്റർ

കോളേജിലെ കൊമേഴ്സ് വിഭാഗത്തിന്റെ ഭാഗമായ റിസേർച്ച് & പോസ്റ്റ്ഗ്രാജുവേറ്റ് സെന്ററിന്റെ മേധാവിയായി ഡോ.ജോഷി ആൻഡ്രൂസ് നിയമിതനായി. ഈ റിസേർച്ച് സെന്ററിൽ ഗവേഷണം നടത്തിയ അധ്യാപകരായ ഡോ.റെൻജിത്ത് ജോസ്, ഡോ.ബിനു മാത്യു ജോബ് എന്നിവർ പി.എച്ച്.ഡി. നേടി എന്നത് സെന്ററിന് അഭിമാനം നൽകുന്നു. കൊമേഴ്സ് വിഭാഗം മുൻ മേധാവിയും ഗവേഷണവിഭാഗം ഗൈഡുമായിരുന്ന ഡോ.സഖറിയാസ് തോമസിന്റെ മേൽനോട്ടത്തിലാണ് ഈ നേട്ടം കൈവരിച്ചത്.

### ഓണാഘോഷം



കഴിഞ്ഞവർഷം പ്രളയം കവർന്നെടുത്ത ഓണാഘോഷം ഇക്കുറി ഏറെ പകിട്ടോടുകൂടി സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും മനസ്സിൽ എന്നും തങ്ങിനിൽക്കുന്ന ഒരു നവീന അനുഭവം സമ്മാനിച്ച ഓണാഘോഷം വിവിധപരിപാടികൾ കൊണ്ട് സമ്പന്നമായിരുന്നു. 200-ഓളം വിദ്യാർത്ഥിനികൾ പങ്കെടുത്ത മെഗാതിരുവാതിര ദൃശ്യവിരുന്നൊരുക്കി.

### നേവൽക്യാമ്പ്

ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നിന്നായി 14 സ്ഥാപനങ്ങളിലെ എൻ.സി.സി. യൂണിറ്റുകൾ പങ്കെടുത്ത നേവൽക്യാമ്പ് 2019 സെപ്റ്റംബർ 15 മുതൽ 24 വരെ എടത്വാ കോളേജിൽ വിജയകരമായി സംഘടിപ്പിച്ചു. 6 കോളേജുകളിലെയും 8 സ്കൂളുകളിലെയും 650 കേഡറ്റുകൾ പ്രസ്തുത ക്യാമ്പിൽ സംബന്ധിച്ചു. നമ്മുടെ കോളേജിലെ എൻ.സി.സി.യുടെ ചുമതല വഹിക്കുന്ന അധ്യാപകരായ ലഫ്.ഡോ.ജൂബിൻ ആന്റണി (ആർമി), സബ് ലഫ്.പോൾ ജേക്കബ് (നേവി) എന്നിവരുടെ നേതൃത്വം ഏറെ ശ്രദ്ധേയമായി.

എൻ.സി.സി. ദിനത്തോടനുബന്ധിച്ച് കേഡറ്റുകളായ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ എൻ.സി.സി. ഓഫീസേഴ്സായ അധ്യാപകർക്കൊപ്പം ഹൗസ് ഓഫ് ഡിവൈൻ പ്രൊവിഡൻസ് എന്ന പേരിൽ കുന്നന്താനത്ത് പ്രവർത്തിക്കുന്ന അനാഥാലയം സന്ദർശിക്കുകയും അന്തേവാസികൾക്കൊപ്പം ആ ദിനം ചെലവഴിക്കുകയും ചെയ്തു.

### കായികനേട്ടങ്ങൾ

- എം.ജി.സർവകലാശാല അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ ഓവറോൾ മൂന്നാം സ്ഥാനം കോളേജ് ടീം കരസ്ഥമാക്കി.
- ഗാന്ധി യൂണിവേഴ്സിറ്റി വോളിബോൾ ചാമ്പ്യൻഷിപ്പിൽ നമ്മുടെ ടീം ക്വാർട്ടർ ഫൈനൽ വരെ മുന്നേറി.
- എം.ജി.സർവകലാശാലാ വാട്ടർപോളോ ടീമിലേക്ക് ഒന്നാം വർഷ ഇക്കണോമിക്സ് വിദ്യാർത്ഥിയും കോളേജിന്റെ അഭിമാനവുമായ ആകാശ് അശോകൻ തെരഞ്ഞെടുക്കപ്പെട്ടു.
- ഗാന്ധി യൂണിവേഴ്സിറ്റി സൗത്ത് സോൺ ക്രിക്കറ്റ് മത്സരങ്ങൾക്ക് നമ്മുടെ കോളേജ് വേദിയായി. മത്സരങ്ങളുടെ ഉദ്ഘാടനം കോളേജിന്റെ പൂർവ്വവിദ്യാർത്ഥിയും അന്തർദേശീയ സർഫിംഗ് താരവുമായ റോച്ചാ സി. മാത്യു നിർവ്വഹിച്ചു.

**വികസനപ്രവർത്തനങ്ങൾ**

ബി.എസ്സി.(ഇ.ഇ.എം.- ഇലക്ട്രോണിക്സ് & എക്യുപ്മെന്റ്സ് മെയിന്റനൻസ്) കോഴ്സിന്റെ ആധുനിക ഉപകരണങ്ങളോടുകൂടിയ നവീകരിച്ച ലാബ് സ്വന്തം ഡിപ്പാർട്ട്മെന്റ് ബ്ലോക്കിലേക്ക് മാറ്റി സ്ഥാപിച്ചു. യൂണിവേഴ്സിറ്റിതല മത്സരങ്ങൾക്ക് അനുയോജ്യമായ വിധം കോളേജ് മൈതാനം നവീകരിച്ചു. കോളേജ് അധ്യാപകരുടെയും അനധ്യാപകരുടെയും വാഹനപാർക്കിംഗിനുള്ള സൗകര്യങ്ങൾ കോളേജ് ഹോസ്റ്റലിന് സമീപത്തായി ഏർപ്പെടുത്തിവരുന്നു. കോളേജ് ഓഡിറ്റോറിയത്തിന്റെ തകരാറിലായ തറയുടെ നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചു.

കോളേജിന്റെ നിലവിലെയും ഭാവിയിലെയും ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ 400 കെ.വി. എക്സ്ട്രാ ഹൈടെൻഷൻ ലൈൻ ട്രാൻസ്ഫോർമറടക്കം ക്രമീകരിക്കുന്നതിനുള്ള ഡിപ്പാർട്ടുമെന്റുതല പ്രവർത്തനാനുമതി നേടിയെടുത്ത മാനേജ്മെന്റിന് പ്രത്യേക അഭിനന്ദനങ്ങൾ. കോളേജിന്റെ സർവ്വതോന്മുഖമായ വികസനാവശ്യങ്ങളോട് ഏറെ ക്രിയാത്മകമായി പ്രതികരിക്കുന്ന സ്നേഹബഹുമാനപ്പെട്ട മാനേജരച്ചനെയും പാരീഷ് കൗൺസിൽ അംഗങ്ങളേയും നന്ദിയോടെ സ്മരിക്കുന്നു.

## 2. സെന്റ് അലോഷ്യസ് ഹയർ സെക്കന്ററി സ്കൂൾ, എടത്വാ

ബഹുമാനപ്പെട്ട മാനേജർ വെരി റവ.ഫാ.മാത്യു ചൂരവടി, പ്രിൻസിപ്പൽ ഡോ.ആന്റണി മാത്യു വട്ടക്കളം എന്നിവരുടെ നേതൃത്വത്തിൽ അധ്യാപകർ, അനധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരുടെ പൂർണ്ണപിന്തുണയോടെ എടത്വാ സെന്റ് അലോഷ്യസ് ഹയർസെക്കണ്ടറി സ്കൂൾ കുട്ടനാട്ടിലെ മികച്ച വിദ്യാലയമായി നിലകൊള്ളുന്നു. തികഞ്ഞ അച്ചടക്കത്തോടെ പ്രവർത്തിക്കുന്ന നമ്മുടെ വിദ്യാലയത്തിൽ ആഗസ്റ്റ് മാസത്തിൽ നടന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയിൽ മികച്ച വിജയം നേടാൻ ക്ലാസ്സടിസ്ഥാനത്തിൽ നടന്ന പരിഹാരബോധന ക്ലാസ്സുകൾ കുട്ടികളെ ഏറെ സഹായിച്ചു. എല്ലാ തിങ്കളാഴ്ചകളിലും വിവിധ വിഷയങ്ങൾക്കായി നടത്തിവരുന്ന പരിശീലനാടിസ്ഥാനത്തിലുള്ള പരീക്ഷകൾ ഒന്നാം പാദവാർഷികപരീക്ഷയെ ആത്മവിശ്വാസത്തോടെ നേരിടാൻ കുട്ടികളെ പ്രാപ്തരാക്കി.



സബ്ജില്ലാ കലോത്സവത്തിൽ വമ്പിച്ച പോയിന്റ് വ്യത്യാസത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. സബ്ജില്ലാ ശാസ്ത്രോത്സവത്തിൽ പ്രവൃത്തിപരിചയം, ഐ.ടി., സോഷ്യൽ സയൻസ് മേളകളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്, ശാസ്ത്ര-ഗണിതശാസ്ത്ര വിഭാഗങ്ങളിൽ ഓവറോൾ രണ്ടാം സ്ഥാനം സ്കൂൾ നേടി.

സംസ്ഥാന കലോത്സവത്തിൽ ഹയർസെക്കണ്ടറി സ്കൂളിന് ചരിത്രനേട്ടം സമ്മാനിച്ച് രണ്ടാം വർഷ കൊമേഴ്സ് വിദ്യാർത്ഥിനി അമൃതലക്ഷ്മി എ.എസ്. ചെറുകഥാമത്സരത്തിൽ ഫസ്റ്റ് എ ഗ്രേഡ് കരസ്ഥമാക്കി.

വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഗാന്ധിജയന്തിദിനം സമുചിതമായി കൊണ്ടാടി. എൻ.എസ്.എസ്.വോളണ്ടിയർമാർ ശുചീകരണപരിപാടികളിൽ പങ്കെടുക്കുകയും പാതയോരങ്ങളിൽ ചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. ആഴ്ചയിൽ ഒരിക്കൽ ജനറൽ ആശുപത്രി ശുചീകരണം, കിടപ്പുരോഗികൾക്ക് ഉച്ചഭക്ഷണവിതരണം എന്നിവയും നടത്തിവരുന്നു. ശിശുദിനം സമുചിതമായി ആചരിച്ചു. പ്രമേഹദിന റാലിയും ലഹരിവിരുദ്ധറാലിയും വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ സഹകരണവും സാന്നിദ്ധ്യവും കൊണ്ട് വൻവിജയമായി. അംഗൻവാടി സന്ദർശനം കുട്ടികൾക്ക് നല്ലൊരു അനുഭവം സമ്മാനിച്ചു.

## 3. സെന്റ് അലോഷ്യസ് ഹൈസ്കൂൾ, എടത്വാ

1895-ൽ സ്ഥാപിതമായ സെന്റ് അലോഷ്യസ് ഹൈസ്കൂൾ ശതോത്തരരജത ജൂബിലി വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. കുട്ടികളുടെ മാനസികവും ബൗദ്ധികവും ആത്മീയവുമായ വളർച്ചക്കായി മാനേജർ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചനും ഹെഡ്മാസ്റ്റർ തോമസുകുട്ടി മാത്യു ചീരംവേലിയും അദ്ധ്യാപകരും അനദ്ധ്യാപകരും നിരന്തരം പരിശ്രമിക്കുന്നു.



2019 ജൂൺ മാസത്തിൽ കൂടിയ പി.റ്റി.എ. ജനറൽബോഡിയുടെ അംഗീകാരത്തോടെ ഗോവൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ജി.ഐ.സി.ഇ.) കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പ്രോഗ്രാം സ്കൂളിൽ ഭംഗിയായി നടന്നുവരുന്നു. 2019 നവംബർ 29 ന് രക്ഷകർത്താക്കളുടെ സാന്നിദ്ധ്യത്തിൽ 80 കുട്ടികളെ പങ്കെടുപ്പിച്ച് ജി.ഐ.സി.ഇ. ഡേ ആഘോഷിച്ചു. കുട്ടികളുടെ പഠനപുരോഗതി വിലയിരുത്താനായി ഒന്നിടവിട്ട മാസങ്ങളിൽ എല്ലാ വിഷയങ്ങൾക്കും പരീക്ഷകൾ ക്രമീകരിക്കുകയും പി.റ്റി.എ. വിളിച്ചുകൂട്ടി വിശകലനം നടത്തുകയും ചെയ്യുന്നു. ജൂബിലി വർഷത്തിൽ പരമാവധി കുട്ടികൾക്ക് എ+ എന്നത് പ്രധാന ലക്ഷ്യമായി സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്നു.

**അടൽ ടിങ്കറിംഗ് ഫെസ്റ്റ്:-** ജൂലൈ 27-ാം തീയതി നടന്ന അടൽ ടിങ്കറിംഗ് ഫെസ്റ്റ് കുട്ടനാട് ഡി.ഇ.ഒ. ശ്രീമതി ജയശ്രീ എം.ആർ.ഉദ്ഘാടനം ചെയ്തു. മാനേജർ വെരി.റവ.ഫാ. മാത്യു ചൂരവടി അധ്യക്ഷത വഹിച്ചു. 16 ടീമുകൾ പ്രോജക്ടുകൾ അവതരിപ്പിക്കുകയും 5 ടീമിനെ നാഷണൽ മാരത്തോണിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് എക്സിബിഷൻ നടന്നു.

പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഭാഷകളിൽ അടിസ്ഥാനനൈപുണ്യം ലഭിക്കന്നതിനായി എം.ഇ.എച്ച് പ്രോഗ്രാം നടത്തിവരുന്നു. കൂടാതെ യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്ക് ആവശ്യമായ പരിശീലനവും നൽകിവരുന്നു. ഈ വർഷത്തെ ഓണാഘോഷം ഹൗസ് അടിസ്ഥാനത്തിൽ നടത്തപ്പെട്ടു. പി.റ്റി.എ.യുടെ നേതൃത്വത്തിൽ ഓണസദ്യയും വിളമ്പി.

**നേട്ടങ്ങൾ**



- 2018-19 വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർച്ചയായ 7-ാം വർഷവും 100% വിജയം, അതിരൂപതയിലെ ബെസ്റ്റ് ബോയ്സ് സ്കൂൾ അവാർഡ്,
- കുട്ടികൾ തയ്യാറാക്കിയ ചിമിഴ് എന്ന സാഹിത്യസൃഷ്ടിക്ക് ബെസ്റ്റ് ഇന്നൊവേറ്റീവ് അവാർഡ്.
- ഗണിതശാസ്ത്രമേളയിൽ ഹൈസ്കൂൾ വിഭാഗത്തിൽ ശ്രീനിവാസരാമാനുജൻ പേപ്പർ പ്രസന്റേഷനിൽ 10-ാം ക്ലാസ്സിലെ റോണി തോമസിന് ജില്ലയിൽ ഒന്നാം സ്ഥാനവും സംസ്ഥാനമത്സരത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനവും.
- ചങ്ങനാശ്ശേരി അതിരൂപതാ കെ.സി.എസ്.എൽ. ന്റെ ആഭിമുഖ്യത്തിൽ നടന്ന ചാവറ ഇന്റർ സ്കൂൾ പ്രസംഗമത്സരത്തിൽ റോണി തോമസിന് ഒന്നാം സ്ഥാനം.
- കേരളസംസ്ഥാന വനംവകുപ്പ് സംഘടിപ്പിച്ച പ്രസംഗമത്സരത്തിൽ റോണി തോമസിന് ജില്ലാതലത്തിൽ ഒന്നാം സ്ഥാനവും സംസ്ഥാനതലത്തിൽ എ ഗ്രേഡും.
- മുട്ടാർ സെന്റ് ജോർജ്ജ് എച്ച്.എസ്.എസ്.-ൽ നടന്ന ജൂബിലി സ്മാരക ഇന്റർസ്കൂൾ പ്രസംഗമത്സരത്തിൽ റോണി തോമസിന് ഒന്നാം സ്ഥാനം.
- 8-ാം ക്ലാസ്സ് വിദ്യാർത്ഥിയായ വൈശാഖ് ബിജുവിന് (സബ് ജൂണിയർ) ലോംഗ് ജംപിൽ ജില്ലയിൽ ഒന്നാം സ്ഥാനം. സംസ്ഥാനകായിക മത്സരത്തിൽ പങ്കെടുത്തു.
- സബ്ജില്ലാതലത്തിൽ എച്ച്.എസ്.വിഭാഗം ശാസ്ത്ര-സാമൂഹ്യശാസ്ത്രമേള, യു.പി.വിഭാഗം പ്രവൃത്തിപരിചയമേള എന്നിവയിൽ ഓവറോൾ ഒന്നാം സ്ഥാനം.
- കലോത്സവത്തിൽ എച്ച്.എസ്.വിഭാഗത്തിൽ ഓവറോൾ രണ്ടാം സ്ഥാനം.
- ബെസ്റ്റ് ആക്ടറായി ക്രിസ്റ്റൽ വർഗ്ഗീസ് തെരഞ്ഞെടുക്കപ്പെട്ടു.
- ഓൾകേരള ഇന്റർസ്കൂൾ ക്വിസ് മത്സരത്തിൽ മൂന്നാം സ്ഥാനം.

**ജില്ലാശാസ്ത്രമേള**

2019 ഒക്ടോബർ 25, 26 തീയതികളിൽ നടന്ന ജില്ലാശാസ്ത്രമേളയിൽ പ്രധാനപങ്ക് വഹിച്ചത് സെന്റ് അലോഷ്യസ് എച്ച്.എസ്.എസ്. ആണ്. ശാസ്ത്രമേള പരാതികളില്ലാതെ സംഘടിപ്പിക്കാൻ സാധിച്ചുവെന്നത് അഭിമാനകരമാണ്. ഇതിനായി എല്ലാ പിന്തുണയും നൽകി സഹായിച്ച ബഹുമാനപ്പെട്ട മാനേജരച്ചനും പാരീഷ് കമ്മിറ്റിയംഗങ്ങൾക്കും അധ്യാപക-അനധ്യാപകർക്കും നന്ദി.

**മാർ ചാൾസ് ലവീഞ്ഞ് അനുസ്മരണം**

സ്കൂളിന്റെ സ്ഥാപകനും ക്രാന്തദർശിയുമായ മാർ ചാൾസ് ലവീഞ്ഞ് തിരുമേനിയുടെ ചരമ വാർഷികദിനമായ ജൂലൈ 11 സ്കൂൾസ്ഥാപനദിനമായി ആചരിച്ചു. അന്നേദിവസം പ്രത്യേക അസംബ്ലി കൂടി. റവ.ഡോ.ജോസ് മാത്യു എസ്.ജെ. (മാനേജർ ഐ.റ്റി.ഐ. എടത്വാ) അനുസ്മരണപ്രഭാഷണം നടത്തി.

വിൻസെൻഷ്യൻ വൈദികരുടെയും എസ്.എ.ബി.എസ്.സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ കുട്ടികൾക്കായി രണ്ടുദിവസത്തെ ധ്യാനം ക്രമീകരിച്ചു. പൂർവ്വവിദ്യാർത്ഥി പ്രതിഭകളെത്തേടിയുള്ള യാത്രയുടെ ഭാഗമായി നവംബർ 14-ാം തീയതി നടന്ന ശിശുദിന അസംബ്ലിയിൽ പ്രതിഭകളെ പൊന്നാടയണിയിച്ച് ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു. പത്താം ക്ലാസ്സിലെ കുട്ടികൾക്കായി കൊടൈക്കനാൽ, വൈഗ ഡാം എന്നിവിടങ്ങളിലേക്കായി പഠനയാത്ര സംഘടിപ്പിച്ചു.

## 4. സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, എടത്വാ



കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം സമഗ്രമായ വ്യക്തിത്വരൂപവത്ക്കരണവും സാധ്യമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ ഈ അധ്യയനവർഷവും മുന്നോട്ട് പോകുന്നത്. 2018-2019 അധ്യയനവർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ അമല അന്ന അനിൽ, ആര്യ വിനോദ്, അഞ്ജന വിനോദ്, സംഗീതാ പ്രഭ ആർ. എന്നീ കുട്ടികൾ ഫുൾ എ+ കരസ്ഥമാക്കി. സാനിയ മരിയ സാജൻ, ശ്രുതി ജയകുമാർ എന്നിവർ 9 എ+ ഉം നേടി. തുടർച്ചയായി 10-ാം വർഷവും 100 മേനി വിജയം കൊയ്തു.

2010 ജൂലൈ 9-ാം തീയതി പ്രതിഭാസംഗമം, യാത്രയയപ്പ്, ക്ലബ്ബുകളുടെ ഉദ്ഘാടനം, രക്ഷാകർതൃ സമ്മേളനം എന്നിവ സംയുക്തമായി നടന്നു. കോർപ്പറേറ്റ് മാനേജർ റവ.ഫാ.മനോജ് കറുകയിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം നേടിയ പ്രതിഭകളെ ആദരിച്ചു. 32 വർഷത്തെ സേവനത്തിന് ശേഷം വിരമിച്ച സംസ്കൃത അധ്യാപിക ശ്രീമതി മറിയമ്മ സേവ്യറിന് യാത്രാമംഗളങ്ങൾ നേർന്നു. പി.റ്റി.എ. ഭാരവാഹികളുടെ തിരഞ്ഞെടുപ്പും സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും നടന്നു. പി.റ്റി.എ.യുടെ പ്രസിഡന്റായി ശ്രീമതി ഷാന്റി ജോസിനെയും എം.പി.റ്റി.എ. പ്രസിഡന്റായി ശ്രീമതി കെ.എൽ.ബിന്ദുവിനെയും തെരഞ്ഞെടുത്തു. ജൂലൈ മാസത്തിൽ വ്യക്തിശുചിത്വം എന്ന വിഷയത്തെ ആസ്പദമാക്കി എടത്വാ പ്രൈമറി ഹെൽത്ത് സെന്ററിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി സെമിനാർ സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റ് സംഘടിപ്പിച്ച മെരിറ്റ് ഈവനിങ്ങിൽ നമ്മുടെ സ്കൂളിലെ മികച്ച പ്രതിഭകളും പങ്കെടുത്തു.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനായി 5 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി അക്ഷരവെളിച്ചം എന്ന പേരിൽ ത്രിഭാഷാപഠന പദ്ധതി സ്കൂളിൽ നടപ്പിലാക്കി. യു.പി.ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി 5 ലാപ്ടോപ്പും ഒരു പ്രൊജക്ടറും കൈറ്റിൽ നിന്നും ലഭിച്ചു. ഐ.റ്റി.അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ യു.പി.ക്ലാസ്സുകളിലും ഇതുവഴി നടത്താൻ കഴിയുന്നുണ്ട്.

ആഗസ്റ്റ് 14-ാം തീയതി സ്കൂൾഡേ സമുചിതമായി ആഘോഷിച്ചു. വി.കുർബാന, മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം, തിരുഹൃദയപ്രതിഷ്ഠ, വെഞ്ചരിപ്പ്, മധുരപലഹാരവിതരണം എന്നിവ നടന്നു. ആഗസ്റ്റ് 16-ാം തീയതി കോർപ്പറേറ്റ് മാനേജ്മെന്റ് വിളിച്ചുചേർത്ത അധ്യാപകസംഗമത്തിൽ എസ്.എസ്.എൽ.സി. പരീക്ഷക്ക് 100% വിജയം നേടിയതിനുള്ള പുരസ്കാരം ഏറ്റുവാങ്ങി.

അധ്യാപകദിനം വിവിധപരിപാടികളോടെ ആഘോഷിച്ചു. കുട്ടികൾ അധ്യാപകർക്ക് ആശംസകൾ നേരുകയും പൂക്കൾ നൽകി ആദരിക്കുകയും ചെയ്തു. ഓണാഘോഷപരിപാടികളും അന്നേദിവസം നടത്തുകയുണ്ടായി. അത്തപ്പൂക്കളം, ഡിജിറ്റൽ അത്തപ്പൂക്കളം, ഓണപ്പാട്ട്, നാടൻപാട്ട്

തുടങ്ങിയ മത്സരങ്ങൾ നടത്തി. കുട്ടികൾക്ക് ഓണപ്പായസവും നൽകി. ഓണത്തിനോടനുബന്ധിച്ച് സ്കൂളിലെ വിൻസെന്റ്-ഡി-പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നിർദ്ധനരായ 18 കുട്ടികൾക്ക് ഓണക്കിറ്റ് നൽകാൻ കഴിഞ്ഞു. സെപ്റ്റംബർ 17-ാം തീയതി ചാസ്സിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ലഹരിവിരുദ്ധ ക്ലാസ്സ് സംഘടിപ്പിച്ചു.

പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ 26-ാം തീയതി വിദ്യാർത്ഥികളും, അധ്യാപകരും, രക്ഷിതാക്കളും ചേർന്ന് പച്ച എരവുകരി പാടം സന്ദർശിക്കുകയും ജോസഫ് പി.വി. പന്ത്രണ്ടിൽ എന്ന കർഷകനുമായി അഭിമുഖം നടത്തുകയും ചെയ്തു.

ഒക്ടോബർ 1, വയോജനദിനവും ഗാന്ധിജയന്തി ആഘോഷവും സംയുക്തമായി നടത്തി. എടത്വാ സെന്റ് അലോഷ്യസ് കോളേജ് പൂർവ്വാധ്യാപകൻ പ്രൊ.ജെയിംസ് സെബാസ്റ്റ്യൻ മുഖ്യാതിഥി ആയിരുന്നു. ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥിനിയും എടത്വാ അഡോറേഷൻ കോൺവെന്റ് അംഗവുമായ ബഹുമാനപ്പെട്ട സിസ്റ്റർ മരീനയെ സ്കൂൾ പൊന്നാടയണിയിച്ച് ആദരിച്ചു. എസ്.എസ്.കെ. ഈ വർഷം നടപ്പിലാക്കുന്ന സർഗ്ഗവിദ്യാലയ പദ്ധതിയുടെ ഭാഗമായി സ്കൂൾ ഏറ്റെടുത്തിരിക്കുന്ന പ്രോജക്ടാണ് വേരിൽ ഉറച്ച്. വൃദ്ധരായ ആളുകൾ നേരിടുന്ന പ്രശ്നങ്ങളേക്കുറിച്ചുള്ള ഒരു അന്വേഷണമാണിത്. കുട്ടികളെ സാമൂഹികപ്രതിബദ്ധതയുള്ളവരാക്കി മാറ്റുകയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം.

ഒക്ടോബർ മാസം ജപമാലമാസമായി ആചരിച്ചു. സമാപനദിവസം ജപമാലക്കുശേഷം കുട്ടികൾക്ക് നേർച്ചഭക്ഷണവും നൽകി. ഗാന്ധിജിയുടെ 150-ാം ജന്മദിനത്തോടനുബന്ധിച്ച് ഒക്ടോബർ 2-ാം തീയതി റെഡ്ക്രോസിന്റെ നേതൃത്വത്തിൽ സേവനദിനമായി ആചരിച്ചു. സ്കൂളും പരിസരവും കുട്ടികൾ വൃത്തിയാക്കി. പി.ടി.എ.യുടെ സഹകരണവും ലഭിച്ചു. ചിത്രരചനാമത്സരം, ഗാന്ധിക്വിസ് എന്നിവയും കുട്ടികൾക്കായി നടത്തി. സംസ്ഥാനമുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കുട്ടികൾ സമാഹരിച്ച തുക സംഭാവന ചെയ്തു.

ശാസ്ത്രോത്സവം 2019-20 ഉപജില്ലാ മത്സരങ്ങളിൽ എച്ച്.എസ്.വിഭാഗം ഗണിതശാസ്ത്രം, പ്രവൃത്തിപരിചയം, ഐ.ടി. മേളകളിൽ സ്കൂൾ ഓവറോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സാമൂഹ്യശാസ്ത്രം, സയൻസ് യു.പി.വിഭാഗം ഗണിതം എന്നിവയിൽ രണ്ടാം സ്ഥാനവും നേടി.



ആലപ്പുഴ ജില്ലാശാസ്ത്രോത്സവത്തിന് എടത്വാ വേദിയായപ്പോൾ പ്രവൃത്തിപരിചയം, ഐ.ടി. എന്നിവക്ക് വേദിയായത് ഈ സ്കൂളാണ്. ജില്ലാതലത്തിൽ ജോസ്മി ആന്റണി (ജോമട്രിക്കൽ ചാർട്ട്), റ്റീനാ മരിയാ ജോസ് (ത്രെഡ് പാറ്റേൺ), കീർത്തന മേരി സിൽജോ (ലോക്കൽ ഹിസ്റ്ററി റൈറ്റിംഗ്), അതുല്യ പ്രകാശ് (ഭാസ്കരാചാര്യ സെമിനാർ) എന്നീ വിദ്യാർത്ഥികൾ സെക്കൻഡ് എ ഗ്രേഡ് കരസ്ഥമാക്കി സംസ്ഥാനതല മത്സരത്തിന് അർഹത നേടി. ജോസ്മി ആന്റണി, റ്റീനാ മരിയാ ജോസ്, കീർത്തന മേരി സിൽജോ എന്നീ കുട്ടികൾ സംസ്ഥാനതലത്തിലും എ ഗ്രേഡ് കരസ്ഥമാക്കി.

2019-20 ഉപജില്ലാ കലോത്സവത്തിൽ യു.പി.വിഭാഗത്തിൽ ഓവറോൾ രണ്ടാം സ്ഥാനവും ഹൈസ്കൂൾ വിഭാഗത്തിൽ മൂന്നാം സ്ഥാനവും നേടി. റവന്യൂജില്ലാ കലോത്സവത്തിൽ മീനാക്ഷി ചന്ദ്രൻ നാടോടി നൃത്തത്തിൽ എ ഗ്രേഡും ഒന്നാം സ്ഥാനവും കരസ്ഥമാക്കി. ഉപജില്ലാ-ജില്ലാ കായികമേളയിലും ഈ സ്കൂൾ മികവ് പുലർത്തുന്നു. ഉപജില്ലാതലത്തിൽ വിദ്യാരംഗംകലാസാഹിത്യവേദി, സംസ്കൃതോത്സവം എന്നിവയിൽ കുട്ടികൾ സമ്മാനാർഹരായി. റവന്യൂജില്ലാ കലോത്സവത്തിൽ മലയാളം കഥാരചനയിൽ ശ്രേയാ സാബു, മോണോ ആക്ടിൽ നേഹ ഏയ്ഞ്ചൽ എന്നിവർ എ ഗ്രേഡ് കരസ്ഥമാക്കി.

കേരളപ്പിറവി ദിനം വ്യത്യസ്തമായ പരിപാടികളോടെ ആഘോഷിച്ചു. കേരളത്തിലെ 14 ജില്ലകളെയും പരിചയപ്പെടുത്തിക്കൊണ്ട് ഓരോ ക്ലാസ്സുകാരും അവതരിപ്പിച്ചത് ഏറെ ശ്രദ്ധേയമായി. കേരളത്തിന്റെ ഭൂപടനിർമ്മാണം, ക്വിസ് മത്സരം, പോസ്റ്റർരചന, മലയാളിമങ്ക എന്നീ മത്സരങ്ങളും നടത്തി. ശിശുദിനത്തിൽ ഫാ.വർഗ്ഗീസ് പ്ലാംപറമ്പിൽ കുട്ടികൾക്ക് ആശംസകൾ നേർന്നു. കുട്ടികളുടെ ചാച്ചാജി ശിശുദിനസന്ദേശം നൽകി. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സ്കൂളിലെ ഗിഫ്റ്റഡ് ചിൽഡ്രൻ ആയി തെരഞ്ഞെടുക്കപ്പെട്ട ജൂബിൾ മരിയ ജോസഫ്, കീർത്തന മേരി സിൽജോ എന്നിവർ ബി.ആർ.സി.തലത്തിൽ നടക്കുന്ന വിവിധ ക്യാമ്പുകളിൽ പങ്കെടുക്കുന്നു. യു.എസ്.എസ്. സ്കോളർഷിപ്പിന് 13 വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകിവരുന്നു.

വിദ്യാലയം പ്രതിഭകൾക്കൊപ്പം എന്ന പദ്ധതിയോട് ചേർന്ന് ഈ വിദ്യാലയവും പ്രതിഭകളെ ആദരിച്ചു. യുവതിരക്കഥാകൃത്തായ ശ്രീ ജെബിൻ മാമ്മൂട്ടിൽ, നാടകനടൻ ശ്രീ സണ്ണി അഞ്ചേ

രിൽ, പാട്ടുകാരനും സംഗീത അധ്യാപകനുമായ ശ്രീ സന്തോഷ്കുമാർ ചങ്ങങ്കരി, പൂർവ്വവിദ്യാർത്ഥിയും തുഴച്ചിൽ താരവുമായ ശ്രീമതി ലിബിനി മറിയം വർഗ്ഗീസ് എന്നിവരെയാണ് ആദരിച്ചത്.

## 5. സെന്റ് മേരീസ് എൽ.പി.സ്കൂൾ, എടത്വാ



തുടർച്ചയായി വിജയപഥം അലങ്കരിക്കുന്ന, കുട്ടനാട്ടിലെ എൽ.പി.വിഭാഗം വിദ്യാലയങ്ങളിൽ ഏറ്റവും കൂടുതൽ കുട്ടികൾ അദ്ധ്യയനം നടത്തുന്നത് സെന്റ് മേരീസ് എൽ.പി.സ്കൂളിലാണ്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ ഈ വിദ്യാലയം ശ്രദ്ധ പതിപ്പിക്കുന്നു.

ജൂലൈ 11 ന് ലോകജനസംഖ്യാദിനാചരണത്തിന്റെ ഭാഗമായി അദ്ധ്യാപകൻ ജിക്കു സെബാസ്റ്റ്യൻ കുട്ടികൾക്ക് ജനസംഖ്യയെക്കുറിച്ചുള്ള അറിവ് പകർന്നുനൽകി. ദേശീയസ്കൂൾ സുരക്ഷാദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് സ്കൂൾ സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണം പ്രധാനാദ്ധ്യാപിക നടത്തുകയുണ്ടായി. ജൂലൈ 21 ന് വിവിധ പരിപാടികളോടെ ചാന്ദ്രദിനം ആഘോഷിച്ചു. ചാന്ദ്രദിന വാർത്തകളുടെ പ്രദർശനം, ബുള്ളറ്റിൻ ബോർഡ് പ്രദർശനം, പ്ലക്കാർഡുകൾ നിർമ്മിക്കൽ, ക്വിസ്സ്, പ്രസംഗം മുതലായ പരിപാടികൾ നടത്തി. ആഗസ്റ്റ് 6 ന് ഹിരോഷിമാ ദിനത്തിൽ കുട്ടികൾ അതുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് കൊളാഷ് നിർമ്മിച്ചു. ജിന്റു ജോസ് ടീച്ചർ കുട്ടികൾക്ക് ഹിരോഷിമാ സംഭവത്തിന്റെ ദൃശ്യങ്ങൾ ലാപ് ടോപ്പിലൂടെ കാണിച്ചുകൊടുത്തു.

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിന് പ്രധാനാദ്ധ്യാപിക ബീനാ തോമസ് കളങ്ങര പതാക ഉയർത്തുകയും സ്വാതന്ത്ര്യദിനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് ദേശഭക്തി ഗാനാലാപനം നടത്തി. സെപ്റ്റംബർ 2 ന് സംഘടിപ്പിച്ച സെന്റ് മേരീസ് ദിനാചരണത്തിലും ഓണാഘോഷത്തിലും ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാംപറമ്പിൽ അച്ചൻ മുഖ്യാതിഥി ആയിരുന്നു. കുട്ടികൾക്ക് വിഭവസമൃദ്ധമായ ഓണസദ്യ നൽകി. അദ്ധ്യാപകദിനത്തിൽ കുട്ടികൾ അദ്ധ്യാപകർക്ക് ബൊക്കെകൾ നൽകി ആദരിച്ചു. മുൻ പ്രധാനാദ്ധ്യാപിക റാണി ജോസഫിനെ ചടങ്ങിൽ ആദരിച്ചു. മധുരപലഹാരം വിതരണം ചെയ്തു. പി.റ്റി.എ. പ്രസിഡന്റ് ജയൻ ജോസഫിന്റെ നേതൃത്വത്തിൽ കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു. സെപ്റ്റംബർ 16 ഓസോൺദിനത്തിൽ പ്രത്യേക അസംബ്ലി കൂടി. സ്കൂൾ വളപ്പിൽ കുട്ടികൾ വൃക്ഷത്തൈ നട്ടു.

സെപ്റ്റംബർ 26 നെല്ലുദിനത്തോടനുബന്ധിച്ച് 'പാഠം ഒന്ന് പാടവരമ്പത്തേയ്ക്ക്' എന്ന പരിപാടിയിൽ ചമ്പക്കുളം എ.ഡി.എം. എൻ. രമാദേവി, പച്ച ലൂർദ്ദ്മാതാപള്ളി വികാരി റവ.ഫാ.ജെയിംസ് മാളിയേക്കൽ, എടത്വാ കൃഷിഭവൻ ഉദ്യോഗസ്ഥരായ രഞ്ജിത്, രാഖി, പാടശേഖരം സെക്രട്ടറി സിനു പി.വി. എന്നിവർ പങ്കെടുക്കുകയും എരവേലി പാടശേഖരം കുട്ടികൾ സന്ദർശിക്കുകയും ചെയ്തു.

ഒക്ടോബർ 1 ന് ലോകവയോജനദിനാചരണം നടത്തി. കണ്ണാടി മരട് യു.പി.സ്കൂളിലെ പ്രധാനാദ്ധ്യാപകനും സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവുമായ പ്രദീപ് സാർ വയോജനദിന സന്ദേശം നൽകി. ഒക്ടോബർ 2 ന് ഗാന്ധിജയന്തി ദിനാഘോഷവും ശുചീകരണപ്രവർത്തനങ്ങളും നടത്തി. ഗാന്ധികവിതകൾ, ക്വിസ്സ് എന്നിവ സംഘടിപ്പിച്ചു. വള്ളത്തോൾ ജന്മദിനം, ലോകഭക്ഷ്യദിനം എന്നിവ ഒക്ടോബർ 16 ന് ആഘോഷിച്ചു. ഭക്ഷ്യദിനത്തോടനുബന്ധിച്ച് നടത്തിയ ഭക്ഷ്യമേള സെന്റ് മേരീസ് ഹൈസ്കൂളിലെ ബയോളജി അദ്ധ്യാപിക റവ.സിസ്റ്റർ ജെസ്സ് മേരി ഉദ്ഘാടനം ചെയ്തു.

ഒക്ടോബർ 25, 26 തീയതികളിൽ ആലപ്പുഴ റവന്യൂജില്ലാ പ്രവൃത്തിപരിചയമേളയ്ക്ക് സ്കൂൾ വേദിയായി. കുട്ടികളും അദ്ധ്യാപകരും സജീവമായി പങ്കെടുക്കുകയും സ്കൂളിലെ ഗ്രീൻ ക്യാമ്പസ് പ്രവർത്തനങ്ങൾ മാധ്യമശ്രദ്ധയാകർഷിക്കുകയും ചെയ്തു.

ഒക്ടോബർ 1 മുതൽ 31 വരെ ജപമാല അർപ്പണം നടത്തുകയും സ്കൂൾ ഗ്രോട്ടോയിലേയ്ക്ക് ജപമാല പ്രദക്ഷിണം നടത്തുകയും ചെയ്തു. കേരളപ്പിറവി ദിനാഘോഷവും ശ്രേഷ്ഠഭാഷാ അനുസ്മരണവും നടത്തി. കുട്ടികൾ തയ്യാറാക്കിയ കയ്യൊപ്പ് എന്ന മാഗസിന്റെ പ്രകാശനവും ന

ടന്നു. ദേശീയവിദ്യാഭ്യാസ ദിനാചരണത്തിന്റെ ഭാഗമായി പ്രധാനാദ്ധ്യാപിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സെടുത്തു. നവംബർ 14 ന് ശിശുദിനവും ലോകപ്രമേഹദിനവും സംയുക്തമായി ആചരിച്ചു. കുട്ടികൾക്ക് പ്രമേഹത്തെക്കുറിച്ച് ബോധവൽക്കരണം നൽകി. തുടർന്ന് തെരുവുനായശല്യത്തിനെതിരായി പഞ്ചായത്ത് ഓഫീസിലേയ്ക്ക് കുട്ടികൾ പ്രതിഷേധറാലി നടത്തി. ഓഫീസിന് മുന്നിൽ തെരുവ് നാടകവും അവതരിപ്പിച്ചു. അതിന് ശേഷം വിവിധ കലാപരിപാടികളോടെ ശിശുദിനം ആഘോഷിച്ചു.

**വിജയവീഥികളിലൂടെ**

- തുടർച്ചയായി രണ്ടാം വർഷവും ചങ്ങനാശേരി അതിരൂപതാ ബെസ്റ്റ് എൽ.പി.സ്കൂൾ അവാർഡ്
- ആലപ്പുഴ ജില്ലാതലം ബെസ്റ്റ് പി.റ്റി.എ. അവാർഡ്
- രണ്ടാം വർഷവും സബ് ജില്ലാതലം ബെസ്റ്റ് പി.റ്റി.എ. യ്ക്ക് ഒന്നാം സ്ഥാനം
- ചങ്ങനാശേരി അതിരൂപതാ ബെസ്റ്റ് പി.റ്റി.എ. അവാർഡ്
- പി.എം.ഫൗണ്ടേഷൻ ഹരിതവിദ്യാലയം സംസ്ഥാനതലമത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട 9 സ്കൂളുകളിലെ ഒരേയൊരു എൽ.പി.സ്കൂൾ
- തലവടി സബ്ജില്ലാ ഗണിതശാസ്ത്രമേളയിൽ ഓവറോൾ
- പ്രവൃത്തിപരിചയ മേളയിൽ സെക്കന്റ് ഓവറോൾ, ശാസ്ത്രമേളയിൽ മൂന്നാം സ്ഥാനം
- അദ്ധ്യാപകലോകം ക്വിസ്സ് മത്സരത്തിൽ നാലാം ക്ലാസ്സിലെ ഷിനോ സെബാസ്റ്റ്യന് ജില്ലാതലത്തിൽ ഒന്നാം സ്ഥാനവും സംസ്ഥാനതലത്തിൽ ആറാം സ്ഥാനം.

## 6. സെന്റ് അലോഷ്യസ് എൽ.പി.എസ്., എടത്വാ



എടത്വാ സെന്റ് അലോഷ്യസ് എൽ.പി.സ്കൂൾ കഴിഞ്ഞ 110 വർഷമായി സമൂഹത്തിന് മുമ്പിൽ മികവിന്റെ കേന്ദ്രമായി നിലകൊള്ളുന്നു. സ്കൂൾ മാനേജ്മെന്റിന്റെയും പി.ടി.എ.യുടെയും എല്ലാവിധമായ പിന്തുണയും പ്രോത്സാഹനവും വിദ്യാലയത്തിന് ലഭിക്കുന്നുണ്ട്.



സബ്ജില്ലാ പ്രവൃത്തി പരിചയമേളയിൽ 9 എ ഗ്രേഡ് നേടി ഓവറോൾ ചാമ്പ്യന്മാരായി. കൂടാതെ ഗണിതശാസ്ത്രമേളയിലും, സാമൂഹ്യശാസ്ത്രമേളയിലും ഓവറോൾ സെക്കന്റും എല്ലാ വിഭാഗങ്ങളിലുമായി ഏറ്റവും കൂടുതൽ പോയിന്റും സ്കൂൾ നേടുകയുണ്ടായി. സബ്ജില്ലാ കലോത്സവത്തിൽ ഓവറോൾ സെക്കന്റും സ്കൂൾ കരസ്ഥമാക്കി. പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതിയുടെ ഭാഗമായി സ്കൂൾ ക്യാമ്പസിന്റെ ഒരു ഭാഗം ഒരുക്കി കൃഷി ആരംഭിച്ചു.

വായനമാസാചരണ സമാപനം, സ്കൂൾ സുരക്ഷാദിനം എന്നിവ സംയുക്തമായി നടത്തി. എടത്വാ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ശ്രീ സിസിൽ ക്രിസ്റ്റ്യൻരാജ് ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. ലോകഭക്ഷ്യദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ നടത്തിയ നാടൻ ഭക്ഷ്യമേളയിൽ 100 ഓളം രക്ഷിതാക്കൾ പങ്കെടുത്തു. തലവടി എ.ഇ.ഒ. ശ്രീമതി എൻ.ഭാമിനി ഉദ്ഘാടനം ചെയ്തു. നൂൺ മീൽ ഓഫീസർ ശ്രീമതി ജയശ്രീ, സെന്റ് അലോഷ്യസ് എച്ച്.എസ്.അധ്യാപകൻ ശ്രീ ജോസ് ജെ.വെട്ടിയിൽ എന്നിവർ പ്രസംഗിച്ചു. ളായിക്കാട് മേരി റാണി പബ്ലിക് സ്കൂൾ പ്രിൻസിപ്പാൾ റവ.സി.എമിലിൻ, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ഷാജിമോൻ കറുകത്തറ, ഷൈലജ എന്നിവർ ക്ലാസ്സെടുക്കുകയും വിജയികളെ തെരഞ്ഞെടുക്കുകയും ചെയ്തു. വിജയികൾക്കുള്ള ട്രോഫിയും കാഷ് അവാർഡും ഹെഡ്മിസ്ട്രസ് സി.ലിൻസ്മേരി എസ്.എ.ബി.എസ്. വിതരണം ചെയ്തു.

കൂടാതെ ചാന്ദ്രദിനം, സ്വാതന്ത്ര്യദിനം, അധ്യാപകദിനം, ലഹരിവിരുദ്ധദിനം, ഓണാഘോഷം, ശിശുദിനം എന്നിവയും സമുചിതമായി ആചരിച്ചു. കാരുണ്യപ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് 6000/- രൂപ അവർ തന്നെ സമാഹരിക്കുകയും മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനയായി നൽകുകയും ചെയ്തു.

## 7. ജോർജ്ജിയൻ പബ്ലിക് സ്കൂൾ, എടത്വാ



ജൂലൈ മാസം ആദ്യവാരത്തിൽ മാനേജർ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചന്റെ അദ്ധ്യക്ഷതയിൽ സ്കൂൾ പി.റ്റി.എ. ജനറൽ ബോഡി കൂടി എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു. ശ്രീ മോൻസി വർഗ്ഗീസിന്റെ നേതൃത്വത്തിൽ ബോധവൽക്കരണക്ലാസ്സ് നയിച്ചു. എടത്വായുടെ അഭിമാനമായ ജോർജ്ജിയൻ സ്കൂൾ സിൽവർ ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളുടെ ഉദ്ഘാടനം വികാരി ജനറാൾ വെരി.റവ.ഫാ.ജോസഫ് വാണിയപ്പുരയ്ക്കൽ നിർവ്വഹിച്ചു. സ്കൂൾ മാനേജർ വെരി. റവ.ഫാ.മാത്യു ചൂരവടി  അധ്യക്ഷം വഹിച്ചു.

ആഗസ്റ്റ് മാസത്തിൽ നടത്തപ്പെട്ട സ്കൂൾ ആർട്ട്സ് ഫെസ്റ്റിവലിന്റെ ഉദ്ഘാടനം പ്രിൻസിപ്പൽ ബഹുമാനപ്പെട്ട ജോസഫ് ചെമ്പിലകം അച്ചൻ നിർവ്വഹിച്ചു. ഗ്രൂപ്പടിസ്ഥാനത്തിൽ മത്സരങ്ങൾ നടത്തി. ആഗസ്റ്റ് 20-ാം തീയതി ഒന്നു മുതൽ പത്തുവരെയുള്ള കുട്ടികൾക്ക് പീരിയോഡിക് ടെസ്റ്റ് നടത്തി. കുട്ടികളുടെ പഠനമികവ് വിലയിരുത്തുന്നതിനായി ക്ലാസ്സ് പി.ടി.എ. സംഘടിപ്പിച്ചു. കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപ്രയോഗനൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി ലാംഗ്വേജ് ലാബ് സജ്ജീകരിച്ചു. ഇരുപതോളം കംപ്യൂട്ടറുകളുടെ സഹായത്തോടെ പ്രഗത്ഭരായ ഇംഗ്ലീഷ് അദ്ധ്യാപകർ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. കുട്ടികളുടെ പഠനമികവു കണ്ടെത്തുന്നതിനായി വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ നടത്തപ്പെടുന്നു.

അദ്ധ്യാപകദിനവും ഓണാഘോഷവും വിവിധ പരിപാടികളോടെ ആഘോഷിച്ചു. സ്കൂൾ പ്രിൻസിപ്പൽ ബഹുമാനപ്പെട്ട ജോസഫ് ചെമ്പിലകം അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അദ്ധ്യാപകദിനസമ്മേളനത്തിൽ എടത്വാ കോളേജ് റിട്ടയേർഡ് പ്രൊഫസർ ജെറോം പി.വി. മുഖ്യാതിഥിയായിരുന്നു. ഓണാഘോഷത്തോടനുബന്ധിച്ച് അത്തപ്പൂക്കളം, ഓണപ്പാട്ട്, വടംവലി എന്നീ മത്സരങ്ങൾ നടത്തി. ഗാന്ധിജയന്തി ആചരണത്തിന്റെ ഭാഗമായി ഹൈസ്കൂൾ കുട്ടികളുടെ നേതൃത്വത്തിൽ സ്കൂൾപരിസരം വൃത്തിയാക്കി. കുട്ടികൾക്കായി ഏകദിനധ്യാനം നടത്തി. ബഹുമാനപ്പെട്ട ഫാ.ജേക്കബ് ചക്കാത്തറ, റവ.സിസ്റ്റർ അമൽ ജോസ് എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി

കുട്ടികളിലെ ശാസ്ത്രകൗതുകം വളർത്തുന്നതിനായി സീ-ഫെസ്റ്റ് 2019-20 എന്ന പേരിൽ സയൻസ് എക്സിബിഷൻ നടത്തി. മാനേജർ പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചന്റെ മഹനീയമായ സാന്നിദ്ധ്യത്തിൽ പ്രൊഫ.ലിസിമോൾ സേവ്യർ (സെന്റ് അലോഷ്യസ് കോളേജ്, എടത്വാ) ഉദ്ഘാടനം ചെയ്തു. എല്ലാ ആഴ്ചയിലും ഒരു പീരിഡ് വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പത്താംക്ലാസ്സിലെ കുട്ടികൾ ബഹുമാനപ്പെട്ട പ്രിൻസിപ്പലിന്റെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ സ്നേഹഭവൻ സന്ദർശിക്കുകയും ഭക്ഷണം വിതരണം ചെയ്യുകയും ചെയ്തു. ആലപ്പുഴ സഹോദയയുടെ കീഴിൽ ചന്തിരൂർ പബ്ലിക് സ്കൂളിൽ വച്ച് നടത്തപ്പെട്ട ഇന്റർസ്കൂൾ ഫുട്ബോൾ മത്സരത്തിൽ സ്കൂളിലെ മിടുക്കന്മാർ പ്രീ-ക്വാർട്ടർ മത്സരം വരെയെത്തി.

ഒക്ടോബർ 28 ന് സ്കൂളിലെ എൽ.കെ.ജി. വിദ്യാർത്ഥിനി അനുഗ്രഹ അനുകുമാറിന്റെ അകാല വിയോഗം ഏവരെയും സങ്കടപ്പെടുത്തി. ബഹുമാനപ്പെട്ട പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ കുട്ടികൾ വിടവാങ്ങിയ സഹപാഠിയുടെ വീട്ടിലെത്തി ആദരാഞ്ജലി അർപ്പിച്ചു.

നവംബർ 14 ശിശുദിനം വർണ്ണശബളമായ പരിപാടികളോടെ ആഘോഷിച്ചു. പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. കെ.ജി.കുട്ടികൾ അവതരിപ്പിച്ച വിവിധ പരിപാടികൾക്കുശേഷം ക്ലാസ്സ് തലത്തിൽ തയ്യാറാക്കിയ കൈയ്യെഴുത്തുമാസികയുടെ പ്രകാശനം നടത്തി. തുടർന്ന് കുട്ടികൾക്കായി വേഷപ്രച്ഛന്നമത്സരം നടത്തി. കുട്ടികളുടെ പഠനവിനോദയാത്ര ഈശ്വരാനുഗ്രഹത്താൽ ഭംഗിയായി നടത്തപ്പെട്ടു. ആലപ്പുഴ ജില്ലയുടെ കീഴിലുള്ള സഹോദയാ ആർട്ട്സ് മത്സരങ്ങൾക്കായി കുട്ടികൾ തയ്യാറെടുത്തുകൊണ്ടിരിക്കുന്നു.

## 8. എസ്.എം.എസ്.എസ്.എൽ.പി. സ്കൂൾ, പാണ്ടങ്കരി




പുതിയ അധ്യയനവർഷം ജൂൺ 6-ാം തീയതി ആരംഭിച്ചു. പൂച്ചെണ്ടും ചന്ദനക്കുറിയും മധുരപലഹാരങ്ങളുമായി നവാഗതരായ കുട്ടികളെ സ്വീകരിച്ചു. നേഴ്സറിക്ലാസ്സുകളിലും ഒന്നാം ക്ലാസ്സിലുമായി ഇരുപതോളം വിദ്യാർത്ഥികൾ പ്രവേശനം നേടി. പ്രവേശനോത്സവസമ്മേളനം വാർഡ് മെമ്പർ ശ്രീമതി ശ്യാമള രാജൻ ഉദ്ഘാടനം ചെയ്തു. മുൻ ഹെഡ്മിസ്ട്രസ് ശ്രീമതി സാലിമ്മ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. നമ്മുടെ പൂർവ്വവിദ്യാർത്ഥിയും പാണ്ടങ്കരിയുടെ അഭിമാനവുമായ ജോൺസി സിറിയക്കിനെ ആദരിച്ചു. സ്കൂളിലെ നാലാം ക്ലാസ്സ് വിദ്യാർത്ഥിയായ ആയുഷ് വി.നായറിന്റെ ജീവൻ രക്ഷിച്ചതിനായിരുന്നു ജോൺസി സിറിയക്കിനെ ആദരിച്ചത്.

ജൂൺ 19-ാം തീയതി വായനാദിനത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിന്റെ വിശിഷ്ടാതിഥികളെ പുസ്തകത്താലവുമായി കുട്ടികൾ എതിരേറ്റു. തുടർന്ന് എടത്വാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ കുരുവിള ജോസഫ് സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. ലൈബ്രറിക്കായി മലയാള മനോരമ ദിനപത്രം ഒരു വർഷത്തേയ്ക്ക് അദ്ദേഹം സ്പോൺസർ ചെയ്തു. ഓരോ ക്ലാസ്സിലേയും മികച്ച വായനക്കാരെ കണ്ടെത്തുന്നതിനായി കുട്ടികൾക്ക് വായനാക്കാർഡുകൾ നൽകി. സ്കൂൾതല മികച്ച വായനക്കാരിയായി അസിൻ ബിനോയി തെരഞ്ഞെടുക്കപ്പെട്ടു. വായനാദിനക്വിസ് മത്സരത്തിൽ അസിൻ ബിനോയി, മാളവിക ബിജുമോൻ എന്നിവർ സമ്മാനാർഹരായി.



ആഗസ്റ്റ് 5,6,7 തീയതികളിൽ മിഡ്-ടേം എക്സാം നടത്തി. മൂല്യനിർണയത്തിനുശേഷം ക്ലാസ്സ് പി.ടി.എ. കൂടി രക്ഷിതാക്കളുമായി കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തി. ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 5 വരെ ഒന്നാംപാദവാർഷികപ്പരീക്ഷ ചിട്ടയോടെ നടന്നു. സെപ്റ്റംബർ 5-ാം തീയതി അധ്യാപകദിനമായി ആചരിച്ചു. കുട്ടികൾ പൂച്ചെണ്ടുകൾ നൽകി അധ്യാപകരെ ആദരിച്ചു. അധ്യാപകർ കുട്ടികൾക്ക് മധുരപലഹാരങ്ങൾ നൽകി. പൂക്കളത്തിന്റെയും ഓണക്കളികളുടെയും അകമ്പടിയോടെ ഓണാഘോഷം വർണാഭമായി കൊണ്ടാടി. കുട്ടികൾക്ക് വിഭവസമൃദ്ധമായ ഓണസദ്യ നൽകി.

സ്കൂൾതല പ്രവൃത്തിപരിചയമേള സെപ്റ്റംബർ 25-ാം തീയതി സംഘടിപ്പിച്ചു. നവംബർ 8,11,12,13 തീയതികളിൽ തകഴി സ്കൂളിൽ വച്ച് നടത്തപ്പെട്ട തലവടി ഉപജില്ലാകലോത്സവത്തിൽ ഈ സ്കൂളിലെ കുട്ടികൾ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുകയും അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു. സബ്ജില്ലയിലെ 29 എൽ.പി.സ്കൂളുകളിൽ നമ്മുടെ സ്കൂളിന് 8-ാം സ്ഥാനം ലഭിച്ചു എന്നുള്ളത് എടുത്തുപറയത്തക്ക നേട്ടമാണ്.

നവംബർ 14-ാം തീയതി ശിശുദിനത്തോടനുബന്ധിച്ച് പ്രതിഭകളെ ആദരിക്കുന്നതിന്റെ ഭാഗമായി കലാകാരിയും നൃത്താധ്യാപികയുമായ ശ്രീമതി ശ്യാമളാ രാജനെ പൊന്നാട അണിയിച്ച് ആദരിച്ചു. ചാച്ചാജിയുടെയും രാഷ്ട്രപിതാവിന്റെയും മറ്റു സ്വാതന്ത്ര്യസമരസേനാനികളുടെയും വേഷം ധരിച്ച്, ഭാരതാംബയോടൊപ്പം കുട്ടികൾ ശിശുദിനറാലിയിൽ പങ്കെടുത്തു. റാലിക്കുശേഷം കുട്ടികളുടെ വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു. തുടർന്ന് വിഭവസമൃദ്ധമായ സദ്യയും പായസവും വിതരണം ചെയ്തു.

**സർഗ്ഗവിദ്യാലയപ്രോജക്ട്**

കുട്ടികളിൽ കൃഷിയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനും വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിനുമായി സ്കൂളിൽ പച്ചക്കറിത്തോട്ടവും ശലഭോദ്യാനവും നിർമ്മിച്ചു. തോട്ടത്തിൽ നിന്ന് ലഭിക്കുന്ന പച്ചക്കറികൾ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നു.

## 9. പയസ് ടെൻത് ഐ.റ്റി.ഐ., എടത്വാ

### ISO 9001:2015 അംഗീകാരം




2018 ലെ ജലപ്രളയത്തിൽ എടത്വാ പയസ് ടെൻത് ഐ.റ്റി.ഐ.ക്ക് ഏറെ നഷ്ടങ്ങളുണ്ടായി എങ്കിലും അതിൽ നിന്നും കരകയറുവാനുള്ള ശ്രമത്തിലായിരുന്നു ഈ സ്ഥാപനം. ഇപ്പോൾ ഈ സാങ്കേതിക സ്ഥാപനം വിവിധ മേഖലകളിൽ വളരെയേറെ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്നു. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് അടുത്ത കാലത്ത് ലഭിച്ച ISO 9001:2015 അംഗീകാരം. കോഴ്സുകളുടെയും മറ്റ് നിരവധി ഘടകങ്ങളുടെയും ഗുണനിലവാര പരിശോധനാടിസ്ഥാനത്തിൽ ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ഓർഗനൈസേഷനാണ് ഈ അംഗീകാരം നൽകുന്നത്. ഇതിന് മുന്നോടിയായി എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ക്വാളിറ്റി പോളിസിയും ക്വാളിറ്റി മെയിന്റനൻസും നടപ്പിലാക്കി. കൃത്യമായ ഒരു വേയ്സ്റ്റ് മാനേജ്മെന്റ് സിസ്റ്റം ഈ സ്ഥാപനത്തിനുണ്ട്. കഴിഞ്ഞ ആറുമാസത്തെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ലഭിച്ച ഈ അംഗീകാരം സ്ഥാപനത്തിൽ നടക്കുന്ന മാറ്റം പ്രതിഫലിപ്പിക്കുന്നു. ഈ മഹത് സ്ഥാപനത്തിന് ഉന്നതമായ ISO 9001:2015 അംഗീകാരം ലഭിക്കുന്നതിന് വളരെ നിർലോഭമായ സഹായസഹകരണം നൽകിയ എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ ദൈവാലയവികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചനോടും പാരീഷ് കൗൺസിലിനോടും ഞങ്ങൾക്കുള്ള നന്ദി നിസ്സീമമാണ്. ഈ അംഗീകാരം നേടിയെടുക്കുവാൻ പരിശ്രമിച്ച മാനേജ്മെന്റിനെയും സ്റ്റാഫിനെയും കുട്ടികളെയും പ്രത്യേകമായി അഭിനന്ദിക്കുന്നു.

ഈ വർഷം കുട്ടികളുടെ പ്രവേശനത്തിലുണ്ടായ വർദ്ധനവ് വികസനപ്രവർത്തന ത്തിനുള്ള അംഗീകാരം കൂടിയാണ്. കഴിഞ്ഞ നിരവധി വർഷങ്ങളിലായി ഇവിടെ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളെത്തേടി NEST പോലുള്ള ഉന്നതസ്ഥാപനങ്ങൾ എത്തുന്നു എന്നതും നമ്മുടെ കുട്ടികൾക്ക് അവിടങ്ങളിൽ ജോലി ലഭിക്കുന്നു എന്നതും അഭിമാനപൂർവ്വം അനുസ്മരിക്കുന്നു. കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സാങ്കേതികപഠനാർത്ഥം അനേകം കുട്ടികൾ ഈ സ്ഥാപനത്തെ ഇപ്പോഴും ആശ്രയിക്കുന്നു.

ഇവിടുത്തെ പൂർവ്വവിദ്യാർത്ഥി സംഘടനയും അവരുടെ പ്രവർത്തനവും സജീവമാണ്. സംഘടന എടത്വാ മഹാജൂബിലി മെമ്മോറിയൽ ആശുപത്രിയുമായി ചേർന്ന് ഒരു രക്തനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. നൂറുകണക്കിനാളുകൾ ഈ അവസരം പ്രയോജനപ്പെടുത്തി. എടത്വായിൽ പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺസ് ഫോറം സംഘടിപ്പിക്കുന്ന ജനോപകാരപ്രദമായ പല ക്ലാസ്സുകൾക്കും സെമിനാറുകൾക്കും സ്ഥിരം വേദിയായി ഈ സ്ഥാപനം നിലകൊള്ളുന്നു.



'പരിശ്രമവും അദ്ധ്വാനവും പ്രാർത്ഥനയും യാചനയും വഴി ദൈവവരപ്രസാദത്തിൽ വളർന്ന് ദൈവത്തെ നിർമ്മലഹൃദയത്തോടെ ദർശിക്കത്തക്ക പരിപൂർണ്ണതയിൽ എത്തിച്ചേരുകയാണ് ജീവിതലക്ഷ്യം.'

**(വി. അഗസ്റ്റിൻ)**

# ആതുരാലയപ്രേഷിതത്വം

## 1. മഹാജൂബിലി ഹോസ്പിറ്റൽ



2019 ജൂൺ മാസം മുതൽ ബഹുമാനപ്പെട്ട തോമസ് തെക്കേക്കരയച്ചൻ ഇവിടെ ചാപ്ലയിനായി ചാർജ്ജെടുത്ത് ആത്മീയ കാര്യങ്ങൾ ചെയ്തുവരുന്നു.

ഡയാലിസിസ് യൂണിറ്റ് വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. തുടക്കത്തിൽ ഉണ്ടായിരുന്ന രണ്ട് ഡയാലിസിസ് മെഷീനുകൾക്കൊപ്പം വർദ്ധിച്ചുവരുന്ന ചികിത്സാ ആവശ്യം കണക്കിലെടുത്ത് മൂന്നാമത് ഒരു മെഷീൻ കൂടി ലഭ്യമാക്കിയിട്ടുണ്ട്. നിർധനരായ രോഗികൾക്ക് സൗജന്യനിരക്കിൽ ഡയാലിസിസ് ചെയ്തുവരുന്നു. ഇക്കാര്യത്തിൽ എടത്വാ പള്ളിക്കാര്യത്തിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ വളരെ ശ്രദ്ധേയമാണ്.



മരണാസന്നർക്കും ശുശ്രൂഷിക്കാൻ ആളില്ലാത്തവർക്കും അവരുടെ കുടുംബങ്ങൾക്കും ഇവിടുത്തെ പാലിയേറ്റീവ് കെയർ യൂണിറ്റ് ആശ്വാസമായി നിലകൊള്ളുന്നു.

### പറപ്പള്ളിലച്ചന് പ്രണാമം

ഈ ആശുപത്രിയുടെ സ്ഥാപകനായ പെരിയ ബഹുമാനപ്പെട്ട മോൺ.ജെയിംസ് പറപ്പള്ളിലച്ചൻ 2019 നവംബർ 21 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അച്ചന്റെ വേർപാട് ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം തീരാനഷ്ടമാണ്. കുട്ടനാടൻ ജനതയ്ക്കായി ഈ ആശുപത്രി സമ്മാനിച്ച് ആരാധനാസന്യാസിനീ സമൂഹത്തെ ഏൽപിച്ച പറപ്പള്ളിലച്ചന്റെ പ്രതീക്ഷ നിറവേറ്റാൻ ഞങ്ങൾ നിരന്തരം പരിശ്രമിക്കുന്നു. അച്ചന്റെ പാവനസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലി അർപ്പിക്കുന്നതോടൊപ്പം ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. സ്വർഗ്ഗത്തിൽ ഒരു മദ്ധ്യസ്ഥൻ കൂടി ഉണ്ടായിരിക്കുന്നു എന്ന വിശ്വാസം നമ്മെ ധൈര്യപ്പെടുത്തുന്നു.

### മാനസികവിഭാഗവും കൗൺസിലിംഗ് സെന്ററും

മാനസികപ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അതിനുള്ള ചികിത്സാസൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മനോരോഗവിഭാഗത്തിൽ ഒരു ഡോക്ടർ കൂടി ചാർജ്ജെടുത്തിരിക്കുന്നു. മാനസികരോഗങ്ങൾ, പെരുമാറ്റ വൈകല്യങ്ങൾ, ലഹരിവസ്തുക്കളോടുള്ള ആസക്തി തുടങ്ങിയ പ്രശ്നങ്ങൾ ഫലപ്രദമായി ചികിത്സിച്ചുവരുന്നു. ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളും മാനസിക പിരിമുറുക്കങ്ങളും വൈകാരിക പ്രശ്നങ്ങളും സംഘർഷങ്ങളും ഫലപ്രദമായി കൈകാര്യം ചെയ്യാൻ കൗൺസിലിംഗ് സെന്റർ ഇവിടെ ക്രമീകരിച്ചിരിക്കുന്നു.

### മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി അസ്ഥിവിഭാഗം

അസ്ഥിരോഗങ്ങൾക്കുള്ള ചികിത്സാരംഗത്ത് വളരെ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച് ഓർത്തോവിഭാഗം മുന്നേറുന്നു. കുറഞ്ഞ നിരക്കിൽ സന്ധികൾ, ഹിപ്പ് മുതലായവ മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയകൾ ഈ ആശുപത്രിയിൽ വിജയകരമായി ചെയ്തുവരുന്നു.

## 2. സ്നേഹഭവൻ




'എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്ക് ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു.' (മത്തായി 25:35) ഈ തിരുവചനാടിത്തറയിൽ പണിയപ്പെട്ട ഒരു സ്നേഹസൗധം. കരുണയും കരുതലും ചുവരുകളും മേൽക്കൂരയും തീർത്ത ഈ കൂടാരം എടത്വായുടെ മണ്ണിൽ ഉയർന്നിട്ട് ധന്യമായ 17 വർഷങ്ങൾ പിന്നിടുന്നു.

മാനസികരോഗികളും അനാഥരുമായ സഹോദരങ്ങളെ അധിവസിപ്പിക്കുന്ന ഈ സ്ഥാപനം 2003 ൽ ആരംഭിക്കുമ്പോൾ 4 അന്തേവാസികളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ വിവിധ ഭാഷകൾ സംസാരിക്കുന്ന 120 അംഗങ്ങളുള്ള അഭയകേന്ദ്രമായി ഈ സ്ഥാപനം മാറിയിരിക്കുന്നു.

വ്യതസ്ത മതവിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിക്കാരായ ഇവരുടെ ആഹാരം, വസ്ത്രം, താമസം, വൈദ്യസഹായം, ആത്മീയാവശ്യങ്ങൾ തുടങ്ങി എല്ലാക്കാര്യങ്ങളിലും ശ്രദ്ധ പതിപ്പിക്കുന്ന ഈ ജീവകാരുണ്യകേന്ദ്രം സുമനസ്സുകളുടെ സഹായസഹകരണങ്ങളോടെ പ്രവർത്തിക്കുന്നു. എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ ദൈവാലയം മാസം തോറും 25,000/- രൂപ നൽകിവരുന്നു. മാസത്തിലെ വിവിധ ഞായറാഴ്ചകളിൽ മാവേലിക്കര ഉളുന്തിപ്പള്ളി, കേളമംഗലം സെന്റ് മേരീസ് പള്ളി, ചെറുകോൽ ലത്തീൻപള്ളി, പള്ളിക്കൂട്ടുമ്മ ലൂർദ്ദ് മാതാ പള്ളി എന്നീ ദൈവാലയങ്ങൾ ഭക്ഷണം നൽകി സഹായിക്കുന്നു.

എടത്വാ സെന്റ് ജോർജ്ജ് ഇടവകയിൽ ഉൾപ്പെട്ട ഈ സ്ഥാപനത്തിന്റെ രക്ഷാധികാരിയായി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടിയച്ചനും ട്രസ്റ്റ് സെക്രട്ടറിയായി ജോണിക്കുട്ടി തുരുത്തേലും ശുശ്രൂഷ ചെയ്യുന്നു. 7 പേരടങ്ങുന്ന മാനേജിംഗ് കമ്മിറ്റി സ്ഥാപനത്തിനായി പ്രവർത്തിക്കുന്നു.

അന്തേവാസികളുടെ ആരോഗ്യപരിരക്ഷ മുൻനിർത്തി എല്ലാമാസവും എടത്വാ മഹാജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ, തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ്, വണ്ടാനം മെഡിക്കൽ കോളേജ്, തലവടി ഗവൺമെന്റ് ഹോസ്പിറ്റൽ എന്നിവിടങ്ങളിലെ ഡോക്ടറുമാരുടെ സേവനം സർക്കാർതല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭ്യമാണ്.

എല്ലാ ദിവസവും രാവിലെയും വൈകിട്ടും ജപമാല പ്രാർത്ഥനയും ആഴ്ചയിലൊരിക്കൽ വി.കുർബാനയും നടത്തിവരുന്നു. വെള്ളിയാഴ്ചകളിൽ ഉപവാസപ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു. ഈ സ്ഥാപനത്തോടനുബന്ധിച്ച് പണികഴിപ്പിച്ച ചാപ്പൽ 2019 ഒക്ടോബർ 20 ന് ചങ്ങനാശ്ശേരി അതിരൂപതാ മെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ പിതാവ് കൂദാശ ചെയ്തു.

ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ചങ്ങനാശ്ശേരി അതിരൂപത ഏർപ്പെടുത്തിയിരിക്കുന്ന 2020 ലെ ഫാ.സിറിയക് കണ്ടങ്കരി മെമ്മോറിയൽ അവാർഡ് ഈ സ്ഥാപനത്തിന് ലഭിക്കുകയുണ്ടായി.

ഈ കേന്ദ്രത്തിന്റെ നടത്തിപ്പിൽ നിർണ്ണായകപങ്ക് വഹിക്കുന്ന എടത്വാ ഫൊറോനാപള്ളി വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചനോടും പാരീഷ് കൗൺസിൽ അംഗങ്ങളോടുമുള്ള നന്ദി നിസ്സീമമാണ്.

സ്ഥാപനത്തിന്റെ ദൈനംദിനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിലും രോഗികളെ ശുശ്രൂഷിക്കുന്നതിലും സഹായിച്ചുകൊണ്ടിരിക്കുന്ന എല്ലാവരേയും നന്ദിയോടെ അനുസ്മരിക്കുന്നു. കൈത്താങ്ങാകാൻ അനേകരെ നൽകിക്കൊണ്ടിരിക്കുന്ന നല്ലവനായ ദൈവത്തിന് നന്ദി.





# വിഡ്ഢിത്തം വിളമ്പിയാൽ തകരുന്നതല്ല സന്യാസം

**സി. റ്റിൻസി SABS**

**വായിൽ വരുന്നതെല്ലാം കോതയ്ക്ക് പാട്ട് എന്നതുപോലെ വിളിച്ച് കൂവുന്നവരുടെയും മായാലോകത്തിരുന്ന് പിച്ചും പേയും പറയുന്നവരുടെയും ജല്പനങ്ങൾ വലിയ വാർത്തകൾ ആക്കിക്കൊണ്ടിരിക്കുന്ന ചില ചാനലുകാരോടും ഒരു കാര്യം പറയാനുണ്ട്. ഈ വിഡ്ഢിത്തങ്ങൾ കൊണ്ടൊന്നും സന്യാസം തകർന്ന് തരിപ്പണം ആകും എന്ന് നിങ്ങൾ കരുതരുത്.**

സമർപ്പിതജീവിതം ക്രിസ്തുവിന്റെ മാതൃകയിലും പ്രബോധനത്തിലും ആഴത്തിൽ വേരുപിടിച്ചിട്ടുള്ളതാണ്. പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്ക് നൽകുന്ന ദാനമാണത്. സുവിശേഷോപദേശങ്ങളുടെ വ്രതവാഗ്ദാനം വഴി നിർമ്മലനും ദരിദ്രനും അനുസരണയുള്ളവനുമായ ഈശോയുടെ സവിശേഷതകൾ ലോകത്തിൽ സ്ഥിരമായി ദൃശ്യമാക്കപ്പെടുന്നു. സമർപ്പിതജീവിതത്തിന് സഭയിലുള്ള ധർമ്മം വളരെ പ്രധാനപ്പെട്ടതാണ്. സമർപ്പിതജീവിതമാകുന്ന ദാനം, സിദ്ധികളുടെയും സ്ഥാപനങ്ങളുടെയും വൈവിധ്യത്തിൽ സഭാത്മകസമൂഹത്തിന് നൽകുന്ന നിക്ഷേപം അതിരറ്റതാണ്.

സമർപ്പിതജീവിതം ഒറ്റപ്പെട്ടതോ പുറമ്പോക്കിലുള്ളതോ അല്ല, പിന്നെയോ സഭയെ മുഴുവനും ബാധിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. സിനഡിലെ മെത്രാന്മാർ ഒറ്റക്കെട്ടായി പറയുന്നത് ഇപ്രകാരമാണ്. സമർപ്പിതജീവിതം സഭയുടെ ഹൃദയത്തിൽ തന്നെ ഉള്ള ഒന്നാണ്. അവളുടെ ദൗത്യത്തിന്റെ നിർണ്ണായകമായ ഒരു ഘടകമെന്ന നിലയിൽ അത് നിലകൊള്ളുന്നു. കാരണം അത്

ക്രൈസ്തവ വിളിയുടെ ആന്തരിക സ്വഭാവം വെളിപ്പെടുത്തുന്നു.

ഓരോ വിളിക്കുള്ളിലും ഒരു ദൗത്യമുണ്ട്. വിളിയോട് നിസ്സംശയം പ്രത്യുത്തരിച്ചവരാണ് സന്യസ്തർ. നീ നിന്റെ ദേശത്തേയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചു തരുന്ന നാട്ടിലേക്ക് പോവുക (ഉൽപത്തി 12:1) എന്ന് ദൈവം അബ്രാഹത്തോട് പറഞ്ഞപ്പോൾ എങ്ങോട്ടാണെന്ന് പോലും അറിയാതെ അവിടുത്തെ വാക്ക് കേട്ട് വിശ്വസിച്ച് ഇറങ്ങിത്തിരിച്ചു വിശ്വാസികളുടെ പിതാവായി മാറിയ അബ്രാഹം. വിവാഹ നിശ്ചയം കഴിഞ്ഞ ഒരു കന്യക പുരുഷനെ അറിയാതെ, താൻ ഒരു പുത്രനെ പ്രസവിക്കും എന്ന് ഗബ്രിയേൽ മാലാഖ വഴി അറിഞ്ഞപ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വിശ്വസിച്ച്, ദൈവത്തിൽ വിശ്വസിച്ച്, തെല്ലും ആകുലപ്പെടുകയോ സംശയിക്കുകയോ ചെയ്യാതെ ഇതാ കർത്താവിന്റെ ദാസി എന്ന് പ്രത്യുത്തരിച്ചു. ഇത്തരത്തിൽ ദൈവവിളികൾ നിസ്സംശയം സ്വീകരിച്ച് വിശ്വസിച്ച അനേകമാളുകളുടെ മാതൃക സന്യാസജീവിതത്തിന് ഓജസ്സും തേജസ്സും നൽകുന്നവയാണ്.

അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നിവ കത്തോലിക്കാ സഭയിലെ സന്യാസ സമർപ്പിതജീവിതത്തിന്റെ വേരുകളാണ്. ഇവ മൂന്നിനും സഭാ ജീവിതത്തിലും സന്യാസ സമർപ്പിതജീവിതത്തിലും തുല്യപ്രാധാന്യമാണുള്ളത്. അനുസരണമില്ലാത്ത ദാരിദ്ര്യം കൊണ്ടോ ബ്രഹ്മചര്യം കൊണ്ടോ ഫലമില്ല. അടിസ്ഥാനപരമായി അനുസരണമാണ് ദാരിദ്ര്യവും ബ്രഹ്മചര്യവും ജീവിക്കാൻ ഒരു സമർപ്പിതയെ സഹായിക്കുന്നത്.

ദൈവകല്പനയെയും സഭാനിയമങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് തൽപരകക്ഷികൾ നടത്തുന്ന പ്രതികരണങ്ങളും പ്രകടനങ്ങളും അനുസരണവ്രതത്തിന്റെ പ്രകടമായ ലംഘനമാണ്. സഭയുടെയും സന്യാസ സമൂഹത്തിന്റെയും നിയമങ്ങളെ ധിക്കരിച്ചും കാറ്റിൽ പറത്തിയും ജീവിക്കുന്നവരാണ് സന്യാസത്തെയും സഭയെയും കുറ്റപ്പെടുത്തുകയും വാസ്തവവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞും പരസ്യമാക്കിയും നടക്കുന്നത്. നല്ല രീതിയിൽ മുന്നേറുന്ന പ്രസ്ഥാനങ്ങളിലും സംവിധാനങ്ങളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ആവുന്നത്ര മോശമായി ചിത്രീകരിക്കുകയും ചെയ്യുന്ന ഒരു പ്രവണത ഇന്നു കണ്ടുവരുന്നുണ്ട്. സ്വയം നശിച്ച്, വിളക്ക് കെടുത്തുന്ന കരിവണ്ടുകൾക്ക് സമാനമാണ് ഇവരുടെ പ്രവർത്തികൾ.

വായിൽ വരുന്നതെല്ലാം കോതയ്ക്ക് പാട്ട് എന്നതുപോലെ വിളിച്ച് കൂവുന്നവരുടെയും മായാലോകത്തിരുന്ന് പിച്ചും പേയും പറയുന്നവരുടെയും ജല്പനങ്ങൾ വലിയ വാർത്തകൾ ആക്കിക്കൊണ്ടിരിക്കുന്ന ചില ചാനലുകാരോടും ഒരു കാര്യം പറയാനുണ്ട്. ഈ വിഡ്ഢിത്തങ്ങൾ കൊണ്ടൊന്നും സന്യാസം തകർന്ന് തരിപ്പണം ആകും എന്ന് നിങ്ങൾ കരുതരുത്. ഏത് പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും അതിന്റേതായ നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ വരുമ്പോൾ അച്ചടക്ക നടപടികൾ ഉണ്ടാകും എന്നത് ഉറപ്പാണ്. ക്രൈസ്തവ സഭയുടെ കീഴിലുള്ള ഓരോ സന്യാസസഭയും അതാതിന്റെ നിയമാവലിയുടെ അവസാന താളുകളിൽ കോറിയിട്ടിരിക്കുന്ന എക്സക്ലാവുസ്ട്രേഷൻ എന്ന നിയമസംഹിതയിൽ ഒരു സന്യാസിനിക്ക് തന്റെ സഭയുടെ നിയമങ്ങളോടും ചട്ടങ്ങളോടും യോജിച്ച് പോകാൻ സാധിക്കാതെ വരികയും കാലഘട്ടങ്ങൾക്കനുസരിച്ച് ഒരു പുതുചുവടുവെയ്പ് നടത്താൻ ദൈവം പ്രചോദിപ്പിക്കുകയും ചെയ്താൽ സ്വന്തം അധികാരികളുടെയും തിരുസഭയുടെയും അനുവാദത്തോടെ സഭയ്ക്ക് പുറത്തുപോകാനുള്ള പൂർണ്ണസ്വാതന്ത്ര്യം നൽകുന്നുണ്ട്.

അവനവനെ അളക്കുന്ന അളവുകൊണ്ട് മറ്റുള്ളവരെയും അളക്കാൻ ശ്രമിക്കരുത്. ഒരു സമർപ്പിതയുടെ ജീവിതത്തിൽ എന്തെങ്കിലും മോശമായ അനുഭവം ഉണ്ടായെങ്കിൽ ഇന്ത്യയിലുള്ള സകലമാന സമർപ്പിതരുടെയും അനുഭവം ആ വ്യക്തിയുടെ അനുഭവം പോലെ ആണെന്ന് ധരിച്ചാൽ തെറ്റി. ഓരോ സന്യാസിനിയും സമർപ്പിത ജീവിതത്തിലേക്ക് കാലെടുത്തുവയ്ക്കുമ്പോൾ അവർ ഓരോരുത്തരും പഠിക്കുന്ന ഒന്നുണ്ട്, നിന്റെ ജീവനേക്കാൾ വലുതാണ് നിന്റെ ചാരിത്ര്യശുദ്ധി എന്നത്. ഏത് ജീവിതവും അതിന്റെ പരിപൂർണ്ണതയിലും വിശുദ്ധിയിലും ദൈവത്തോട് ചേർന്ന് ജീവിക്കുമ്പോൾ അതിന്റേതായ മഹത്വം ഉണ്ട്.

# അല്മായനേതൃത്വം സംഘടനകളിലൂടെ

## 1. ചെറുപുഷ്പമിഷൻലീഗ് (CML)

നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന മിശിഹാനാഥന്റെ ആഹ്വാനം നെഞ്ചിലേറ്റി, നമ്മുടെ അതിരൂപതയുടെ പഞ്ചവത്സര അജപാലനപദ്ധതിയോട് ചേർന്നുനിന്നുകൊണ്ട് ദൈവവചനത്തെ കൂടുതൽ അടുത്തറിഞ്ഞ് വചനത്തിന് സാക്ഷ്യം വഹിക്കുവാൻ ചെറുപുഷ്പമിഷൻലീഗിന്റെ കുഞ്ഞുമിഷനറിമാർ ഡയറക്ടർ ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

**നിരണം തീർത്ഥാടനം**

ദുക്റാനത്തിരുനാളായ ജൂലൈ 3-ന് മിഷൻലീഗിലെ 200-ൽ പരം കുട്ടികൾ ദീർഘനാളത്തെ പ്രാർത്ഥനക്കുശേഷം തീർത്ഥാടനകേന്ദ്രമായ നിരണത്തേക്ക് പദയാത്ര നടത്തി. വി.തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് വണങ്ങാനും, വിശുദ്ധന്റെ മാദ്ധ്യസ്ഥം യാചിക്കാനും മിഷൻലീഗ് അംഗങ്ങൾക്ക് ഇതിലൂടെ അവസരം ലഭിച്ചു.
കുട്ടികളെ വചനത്തിൽ ആഭിമുഖ്യമുള്ളവരാക്കാൻ ബൈബിൾ വാക്യം ഓർമ്മിച്ചെഴുതി അവതരിപ്പിക്കുന്ന മത്സരം സംഘടിപ്പിച്ചു. ഓരോ സെക്ഷനിലും വിജയികളായവർക്ക് സമ്മാനം നൽകി.

**ബെത്‌ലഹേം മീറ്റ്**

യൂണിറ്റ് തലത്തിൽ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന വാർഡുകൺവെൻഷനാണ് ബെത്‌ലഹേം മീറ്റ്. ജൂലൈ മാസം 14-ാം തീയതി യൂണിറ്റ്തല ബെത്‌ലഹേം മീറ്റ് സെന്റ് ജോർജ്ജ് ഫൊറോനാ വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചൻ ഉദ്ഘാടനം ചെയ്തു. എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഓരോ വാർഡിലെയും നിശ്ചയിക്കപ്പെട്ട ഭവനത്തിൽ ബഹുമാനപ്പെട്ട മതാദ്ധ്യാപകരുടെ നേതൃത്വത്തിൽ ബെത്‌ലഹേം മീറ്റ് നടത്തിവരുന്നു.



**അൾത്താരബാലസംഘം**

അൾത്താരബാലന്മാരുടെ രൂപീകരണം മിഷൻലീഗിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. അൾത്താരബാലന്മാർക്കായി ശാഖയിലും മേഖലയിലും അതിരൂപതയിലും സെമിനാറുകൾ, ക്ലാസ്സുകൾ, പരിശീലനപരിപാടികൾ എന്നിവ നടത്തിവരുന്നു.

**അൽഫോൻസാ തീർത്ഥാടനം**

രണ്ടാഴ്ചത്തെ പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ശേഷം 280 കുട്ടികൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ അൽഫോൻസാ തീർത്ഥാടനത്തിൽ പങ്കുകൊണ്ടു. ഇടവകയിലെ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് കുട്ടികൾ വിശുദ്ധയുടെ ജീവിതം അടിസ്ഥാനമാക്കി ലഘുനാടകം, ക്വിസ് മത്സരം, സെന്റ് അൽഫോൻസാ കോംപറ്റീഷൻ തുടങ്ങിയവ സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനം നൽകി.

ചെറുപുഷ്പമിഷൻലീഗ് സ്ഥാപക ഡയറക്ടർ ജോസഫ് മാലിപ്പറമ്പിലച്ചന്റെ അനുസ്മരണം നടത്തി. റവ.ഫാ.വർഗ്ഗീസ് പുത്തൻപുര തദവസരത്തിൽ മാലിപ്പറമ്പിലച്ചനുമായുള്ള തന്റെ അനുഭവങ്ങൾ കുട്ടികളോട് പങ്കുവച്ചു. സംഘടനയുടെ മദ്ധ്യസ്ഥയായ വി.കൊച്ചുത്രേസ്യായുടെ തിരുനാളിലും വി.ജോൺ മരിയ വിയാനിയുടെ തിരുനാളിലും സംഘടനാംഗങ്ങൾ സജീവമായി പങ്കെടുത്തു. മിഷൻലീഗ് സ്ഥാപകദിനം, കുഞ്ഞേട്ടൻ അനുസ്മരണം എന്നിവ യൂണിറ്റിൽ നടത്തി.

**നേട്ടങ്ങൾ**

മേഖലാതല മിഷൻലീഗ് ആന്തമത്സരത്തിൽ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ രണ്ടാം സ്ഥാനവും അതിരൂപതാതല മത്സരത്തിൽ 5-ാം സ്ഥാനവും നേടി. എക്ലേസിയ ക്വിസ് മത്സരത്തിൽ അന്നമ്മ ഫിലിപ്പ്, മരിയ, സഞ്ജയ് സാബു, ഷാനു സെബാസ്റ്റ്യൻ എന്നിവരുടെ ടീമിന് മൂന്നാം സ്ഥാനവും ലഭിച്ചു.

## 2. യുവദീപ്തി SMYM എടത്വാ സെൻട്രൽ യൂണിറ്റ്

യുവജനങ്ങൾ സഭയുടെ സമ്പത്തും പ്രതീക്ഷയും ശക്തിയുമാണ്. നാളത്തെ സഭയാണ് ഇന്നത്തെ യുവജനങ്ങൾ. സഭയുടെ വാഗ്ദാനങ്ങളായ യുവജനങ്ങളുടെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് കർമ്മോത്സുകതയോടെ അവ നിറവേറ്റുവാൻ യുവദീപ്തിയുടെ പ്രവർത്തനങ്ങൾ സഹായിക്കുന്നു.

1. സാന്ത്വനം 2019 : മരണം മൂലം വേർപിരിഞ്ഞവരുടെയും കിടപ്പുരോഗികളുടെയും പ്രത്യേകപ്രാർത്ഥനാസഹായം ആവശ്യമുള്ളവരുടെയും ഭവനങ്ങളിൽ സായാഹ്നപ്രാർത്ഥന നടത്തിവരുന്നു.
2. സൗജന്യമെഡിക്കൽ ക്യാമ്പ് : 2019 ഒക്ടോബർ 06 ന് ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ ഇടവക ജനങ്ങൾക്കായി സൗജന്യമെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.
3. പൊടിപൂരം 2019 : യുവജനങ്ങൾക്കായി വർണ്ണാഭമായ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ഓണനാളിൽ പള്ളി അങ്കണത്തിൽ അത്തപ്പൂക്കളം ഒരുക്കി.
4. ആർദ്രം : പ്രളയം മൂലം കണ്ണീരിലാഴ്ന്ന വയനാടൻ മക്കൾക്ക് കൈത്താങ്ങായി ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തിയോട് ചേർന്ന് അവശ്യസാധനങ്ങൾ എത്തിച്ച് വിതരണം ചെയ്തു.
5. എൽറോയ് : പ്രാർത്ഥന, സെമിനാർ, ആരാധന, കുമ്പസാരം തുടങ്ങിയവ ഉൾപ്പെടുത്തി യുവജനങ്ങൾക്കായി സായാഹ്ന കൺവൻഷൻ നടത്തി.
6. സ്പർശം 2019 : രോഗബാധിതരായി ആശുപത്രിയിൽ കഴിയുന്ന ഇടവകയിലെ സാമ്പത്തികപിന്നോക്കാവസ്ഥയുള്ളവർക്ക് ധനസഹായം നൽകുന്നതിനായി കാരുണ്യനിധി ആരംഭിച്ചു. ജോലിക്കിടയിൽ അപകടം സംഭവിച്ച ഒരു വ്യക്തിയ്ക്ക് ചികിത്സാസഹായം നൽകി.
7. പ്രതിഷേധം : ക്രൈസ്തവസമൂഹം നേരിടുന്ന സാമൂഹിക അനീതികൾക്കെതിരെ പ്രതിഷേധറാലി നടത്തുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് ഭീമഹർജി സമർപ്പിക്കുവാനായി ഒപ്പ് ശേഖരണം നടത്തുകയും ചെയ്തു.
8. നേട്ടം : ഫൊറോനാ കലോത്സവം - ഉത്സവം 2019 - ൽ ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി.



## 3. മാതൃവേദി

ആധുനിക സംസ്ക്കാരത്തിന്റെ അതിപ്രസരത്തിൽ ആടിയുലയുന്ന ചെറുതോണി പോലെ, താളപ്പിഴകളുടെ നടുക്കയത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. നിരന്തരം അപമാനിക്കപ്പെടുന്ന സ്ത്രീത്വവും മാധ്യമങ്ങളുടെ തെറ്റായ കടന്നുകയറ്റവും മൊബൈൽ ഫോണിന്റെ ദുരുപയോഗവും, വഴിതെറ്റിയ ലൈംഗികതയും തെരുവിലെറിയപ്പെടുന്ന ബാല്യവും അനാഥമാക്കപ്പെടുന്ന വൃദ്ധമാതാപിതാക്കളും ഗൗരവമുള്ള വിഷയങ്ങളായി നിലകൊള്ളുന്ന വർത്തമാനലോകത്തിൽ ക്രൈസ്തവ കുടുംബങ്ങൾ നല്ല വിശ്വാസചൈതന്യമുള്ള തലമുറയ്ക്ക് ജന്മം കൊടുക്കുവാൻ ബാധ്യസ്ഥരാണ്. അതിനായി കുടുംബങ്ങൾ കർത്താവിന് പ്രതിഷ്ഠിക്കേണ്ടതുണ്ട്.

മാതാപിതാക്കളും മക്കളും മാതൃകാപരമായ ജീവിതം നയിക്കേണ്ടതും കുടുംബത്തിന്റെ കെട്ടുറപ്പിന് അനുപേക്ഷണീയമാണ്. നമ്മുടെ കൗദാശികജീവിതം കർത്താവിനോട് ചേർന്ന് നിന്നുകൊണ്ട് ഭീഷണികളെ ഫലപ്രദമായി നേരിടാൻഏറെ സഹായിക്കും എന്നതിൽ സംശയമില്ല. ഈ തിരിച്ചറിയലിൽ നിന്നാണ് കുടുംബങ്ങളിലൂടെ ലോകത്തെ നവീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി മാതൃ-പിതൃവേദി രൂപം കൊണ്ടത്. നിങ്ങളുടെ ഉത്ക്കണ്ഠകളെല്ലാം അവിടുത്തെ ഏല്പിക്കുവിൻ, അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ് (1 പത്രോസ് 5:6). ദൈവത്തിന് മാത്രമേ നമ്മെക്കുറിച്ച് പൂർണ്ണമായ കരുതലുള്ളൂ എന്ന പരമമായ സത്യം നാം മനസ്സിലാക്കണം. ആ സത്യം നമ്മുടെ വരും തലമുറയ്ക്ക് കൈമാറണം.

എടത്വാ സെൻട്രൽ യൂണിറ്റ് മാതൃവേദിയുടെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി മുന്നോട്ട് പോകുന്നു. അംഗങ്ങൾ എല്ലാ മാസവും ആദ്യബുധനാഴ്ച ഒത്തുകൂടി കൊന്തചൊല്ലുകയും തങ്ങൾ നേരിടുന്ന വൈഷമ്യങ്ങൾ പങ്കുവച്ച് കുടുംബങ്ങളുടെ നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥന നടത്തുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാംപറമ്പിലച്ചനും ആനിമേറ്റർ ബഹുമാനപ്പെട്ട സിസ്റ്റർ ടെസ്സ് മേരിയും സംഘടനാംഗങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ

നൽകുന്നു. നിലവിലുള്ള യൂണിറ്റ് സെക്രട്ടറിയുടെ അസൗകര്യം മാനിച്ച് പുതിയ സെക്രട്ടറിയായി ജാൻസി പ്രിൻസ് കൊച്ചുപുരയ്ക്കലിനെ തെരഞ്ഞെടുത്തു. അങ്ങനെ മാതൃവേദി എടത്വാ സെൻട്രൽ യൂണിറ്റ് ദൈവാനുഗ്രഹത്താൽ ശക്തമായി മുന്നോട്ട് പോകുന്നു.

## 4. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി എടത്വാ സെൻട്രൽ യൂണിറ്റ്

1813 ഏപ്രിൽ 23-ാം തീയതി ഫ്രാൻസിൽ ജനിച്ച പ്രൊഫസറും വക്കീലും ആയിരുന്ന ഫ്രെഡറിക് ഓസാനാം 1833-ൽ പാരീസിൽ സ്ഥാപിച്ച സംഘടനയാണ് വിൻസെന്റ് ഡി പോൾ സൊസൈറ്റി. അദ്ദേഹത്തെ 1997 ഓഗസ്റ്റ് 22-ാം തീയതി വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. രോഗികളും, അവശരും അശരണരുമായ സഹോദരങ്ങളെ വിൻസെൻഷ്യൻ പ്രവർത്തകർ സന്തോഷപൂർവ്വം സഹായിച്ചുകൊണ്ട് പ്രവർത്തിച്ചുവരുന്നു. ഈ അത്മായ സംഘടനയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥൻ വിശുദ്ധ വിൻസെന്റ് ഡി പോളും എടത്വാ ഏരിയാ കൗൺസിൽ ആത്മീയ ഉപദേഷ്ടാവ് വികാരി വെരി.റവ.ഫാ.മാത്യു ചൂരവടിയും ആണ്.

എടത്വാ സെൻട്രൽ യൂണിറ്റിന്റെ പ്രസിഡന്റായി പി.കെ.കുട്ടിയപ്പൻ മഞ്ഞുമ്മേലും വൈസ് പ്രസിഡന്റായി വിൻസെന്റ് തോമസ് പഴയാറ്റിലും സെക്രട്ടറിയായി ജോസഫ് വർഗ്ഗീസ് അമ്പിയായവും ട്രഷററായി സജി ആശാരുപറമ്പിലും പ്രവർത്തിച്ചുവരുന്നു. എടത്വാ സെന്റ് ജോസഫ് കോൺഫറൻസിന്റെ പരിധിയിൽ വരുന്ന അർഹിക്കുന്നവരായവരെ അന്വേഷിച്ചു കണ്ടെത്തി വൈദ്യസഹായം, വിദ്യാഭ്യാസസഹായം, ഭക്ഷ്യസഹായം എന്നിവ നൽകിവരുന്നു. സംഘടനയിലെ അംഗങ്ങൾ സ്വന്തം ദശാംശം നൽകിയും സുമനസ്സുകളിൽ നിന്നും സാമ്പത്തികസഹായം സ്വരൂപിച്ചുകൊണ്ടും സംഘടനയുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നു. കൂടാതെ യു.എസ്.എ.യിലെ സെന്റ് ജോസഫ് കോൺഫറൻസിൽ (ഫിലാഡെൽഫിയ) നിന്നും ലഭിക്കുന്ന തുക തികച്ചും അർഹരായവരെ സഹായിക്കാൻ വിനിയോഗിക്കുന്നു.



## 5. ചാസ്സ്, എടത്വാ

എല്ലാ മാസാദ്യശനിയാഴ്ചകളിലും സെൽഫ് ഹെൽപിംഗ് ഗ്രൂപ്പ് ലീഡേഴ്സിന്റെ മീറ്റിംഗ് ചാസ്സ് ചങ്ങനാശ്ശേരി കോർഡിനേറ്ററിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. നിലവിൽ സ്ത്രീകളുടെ 10 ഗ്രൂപ്പുകളും പുരുഷന്മാരുടെ 2 ഗ്രൂപ്പുകളും പ്രവർത്തിക്കുന്നു. ഈ ഗ്രൂപ്പുകൾ വ്യത്യസ്തങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതുവഴി അംഗങ്ങളുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് നിക്ഷേപങ്ങളായും തുടർന്ന് സമ്പാദ്യങ്ങളായും മാറ്റിവെയ്ക്കുന്നു. അത്യാവശ്യഘട്ടങ്ങളിൽ സഹായം നൽകാനും സംഘാംഗങ്ങൾ ശ്രദ്ധിക്കുന്നു. കൂടാതെ സംഘാംഗങ്ങളുടെ ബോധവൽക്കരണം ലക്ഷ്യമാക്കി പരിസരശുചീകരണം ആരോഗ്യസംരക്ഷണം എന്നീ വിഷയങ്ങളിൽ സെമിനാറുകൾ, ക്ലാസ്സുകൾ എന്നിവ നടത്തപ്പെടുന്നു.

ജൂലൈ 2 ന് പച്ച യൂണിറ്റിൽ വച്ച് അഡീഷണൽ ലീഡേഴ്സ് മീറ്റിംഗും ജീവിതശൈലീ രോഗങ്ങളും ആരോഗ്യകരമായ ചുറ്റുപാടും എന്ന വിഷയത്തിൽ അംഗങ്ങൾക്കായി ട്രെയിനിംഗ് പ്രോഗ്രാമും സംഘടിപ്പിച്ചു. ജൂലൈ 29 ന് നടന്ന എസ്.എച്ച്.ജി.സംഗമത്തിൽ സുജോക്ക് ട്രീറ്റ്മെന്റ് രീതി പരിചയപ്പെടുത്തിക്കൊണ്ട് ശ്രീ ജിമ്മി മാത്യു ക്ലാസ്സ് നയിച്ചു. ഒക്ടോബർ 26 ന് എസ്.എച്ച്.ജി.സംഘാംഗങ്ങൾക്കായി പച്ച യൂണിറ്റിൽ വച്ച് ഔഷധസസ്യവലയവും ഗൃഹവൈദ്യവും എന്ന വിഷയത്തിൽ ശ്രീ സായി സുരേഷ് ക്ലാസ്സ് എടുത്തു. രോഗങ്ങൾക്ക് മുന്നോടിയായി നമ്മുടെ ശരീരം നൽകുന്ന പ്രതികരണങ്ങളും ലക്ഷണങ്ങളും, വിവിധ പ്രഥമശുശ്രൂഷാ രീതികൾ എന്നിവ പരിചയപ്പെടുത്തിക്കൊണ്ട് നവംബർ 23 ന് ശ്രീ ബാബു സെബാസ്റ്റ്യൻ (WHO authorised representative) ക്ലാസ്സ് നടത്തുകയുണ്ടായി.

പ്രളയാനന്തരപ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്കുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്യാൻസർ, ഹൃദ്രോഗം എന്നിവ മൂലം ബുദ്ധിമുട്ടുന്നവർക്കായി സോളാർ ലൈറ്റ് വിതരണം നടത്തി. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയറുകൾ വിതരണം ചെയ്തു. വീടുകളുടെയും ലാട്രിനുകളുടെയും അറ്റകുറ്റപ്പണിക്കും

നിർമ്മാണത്തിനുമായി ധനസഹായം നൽകി വരുന്നു. വിധവകൾക്കും നിസ്സഹായർക്കും വേണ്ടി വിവിധങ്ങളായ ക്ഷേമപദ്ധതികൾ കാരിത്താസ് ഇന്ത്യ, ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫറൻസ്, സ്പാനിഷ് കമ്മ്യൂണിറ്റി തുടങ്ങിയ ഏജൻസികൾ മുഖേന നടത്തിവരുന്നു.

കളർ എ ഡ്രീം പദ്ധതിയിലൂടെ 16 വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സാമ്പത്തിക സഹായം നൽകുകയുണ്ടായി.എടത്വാ യൂണിറ്റിൽ ശ്രീ പി.എസ്.റ്റോമിച്ചൻ പറപ്പള്ളി (പ്രസിഡന്റ്), ശ്രീമതി ജിൻസി ജോളി കട്ടപ്പുറം (വൈസ് പ്രസിഡന്റ്), ശ്രീ ആന്റണി ജോസഫ് (റീജിയണൽ പ്രസിഡന്റ് & യൂണിറ്റ് സെക്രട്ടറി), എക്സിക്യൂട്ടീവ് മെമ്പേഴ്സ്, കമ്മ്യൂണിറ്റി ഓർഗനൈസേഴ്സായ ശ്രീമതി ഗ്രേസി മാത്യു കൊച്ചുചിറ, ശ്രീമതി ആൻസമ്മ സെബാസ്റ്റ്യൻ പള്ളിച്ചിറ, ശ്രീമതി മോളിമ്മ ഔസേഫ് കടുമ്മത്തിൽ എന്നിവർ ഭാരവാഹികളായി പ്രവർത്തിച്ചുവരുന്നു.
ഈ മേഖലയിലെ വിവിധങ്ങളായ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് വികാരി പെരിയ ബഹുമാനപ്പെട്ട മാത്യു ചൂരവടി അച്ചന്റെ നേതൃത്വത്തിൽ ചാസ് യൂണിറ്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## 6. SFO - SECULAR FRANCISCAN ORDER എടത്വാ യൂണിറ്റ്
(ഫ്രാൻസിസ്കൻ അല്മായസഭ-സമാധാനം സൗഭാഗ്യം)

1220-ൽ ഇറ്റലിയിലെ അസ്സീസ്സി ഗ്രാമത്തിൽ വിശുദ്ധ ഫ്രാൻസിസിന്റെ നാമത്തിൽ ഫ്രാൻസിസ്കൻ മൂന്നാംസഭ രൂപം കൊണ്ടു. 1868-ൽ കേരളത്തിൽ മൂന്നാം സഭയ്ക്ക് തുടക്കമിട്ടത് എടത്വാക്കാരനായ പുത്തൻപറമ്പിൽ തൊമ്മച്ചനാണ്. അന്നുമുതൽ മൂന്നാം സഭയുടെ ഒരു യൂണിറ്റ് (ഭ്രാതൃത്വം) എടത്വായിലും പ്രവർത്തിച്ചു വരുന്നു.

SFO യുടെ എടത്വാ യൂണിറ്റിൽ 159 അംഗങ്ങൾ പ്രവർത്തിക്കുന്നു. എല്ലാ ദിവസവും SFO യുടെ നേതൃത്വത്തിൽ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിൽ ഒപ്പീസ് നടത്തുന്നു. എല്ലാ മാസത്തിന്റെയും രണ്ടാം ശനിയാഴ്ച 7 മണിയുടെ വി.കുർബാനയെത്തുടർന്ന് പ്രഭാതപ്രാർത്ഥനയോടുകൂടി മാസയോഗം കൂടുന്നു. സെക്രട്ടറി മാസറിപ്പോർട്ട് അവതരിപ്പിക്കുന്നു. ഹാജർ, മാസവരി, ധർമ്മപിരിവ്, ചർച്ച എന്നിവയ്ക്ക് ശേഷം യോഗം സമാപിക്കുന്നു.

**വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ**

2019 ഒക്ടോബർ 4-ാം തീയതി വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ സമുചിതമായി കൊണ്ടാടി. തിരുനാളിന്റെ ഒരുക്കമായി മദ്ധ്യസ്ഥപ്രാർത്ഥന സെപ്റ്റംബർ 25 ന് ആരംഭിച്ച് ഒക്ടോബർ 4 ന് സമാപിച്ചു. ഒക്ടോബർ 3-ാം തീയതി സഭാംഗങ്ങൾ എല്ലാവരും ഉപവാസദിനമായി ആചരിച്ചു. പ്രധാന തിരുനാളായ ഒക്ടോബർ 4 ന് ആഘോഷമായ വിശുദ്ധ കുർബാനയും ലദീഞ്ഞും പ്രദക്ഷിണവും നടത്തി.എസ്.എഫ്.ഒ.അംഗങ്ങൾ പ്രസുദേന്തിമാരായി തിരുനാൾ ഏറ്റെടുത്ത് നടത്തുന്നു. മരണപ്പെട്ട സഭാംഗങ്ങളുടെ ഓർമ്മക്കായി ഒക്ടോബർ 5-ാം തീയതി വിശുദ്ധ കുർബാനയും ഒപ്പീസും നടത്തി.

**തൊമ്മച്ചൻ അനുസ്മരണ സമ്മേളനം**

ഈ വർഷം ഒക്ടോബർ 27 ന് തൊമ്മച്ചൻ അനുസ്മരണ സമ്മേളനം നടന്നു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. എടത്വാപള്ളി വികാരിയച്ചൻ വെരി റവ.ഫാ.മാത്യു ചൂരവടി സ്വാഗതം ആശംസിച്ചു. റവ.ഫാ.സിബിച്ചൻ പുതിയിടം ഒ.എഫ്.എം. ക്യാപ് (പോസ്റ്റുലേറ്റർ), റവ.സിസ്റ്റർ അനിറ്റ് ചാലങ്ങാടി SABS (വൈസ് പോസ്റ്റുലേറ്റർ), റവ.ഫാ.തോമസ് വെട്ടിക്കാലായിൽ ഒ.എഫ്.എം. ക്യാപ് (എസ്.എഫ്.ഒ. അതിരൂപതാ സ്പിരിച്വൽ അസിസ്റ്റന്റ്), ബ്ര.സിബിച്ചൻ സ്രാങ്കൻ (എസ്.എഫ്.ഒ. അതിരൂപതാ പ്രസിഡന്റ്), ബ്ര.പ്രമോദ് പി.ജോസഫ് (എസ്.എഫ്.ഒ. അതിരൂപതാ വൈസ് പ്രസിഡന്റ്) എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. സാബു കരിക്കംപള്ളി (എസ്.എഫ്.ഒ. എടത്വാ റീജിയൻ പ്രസിഡന്റ്) കൃതജ്ഞത പ്രകാശിപ്പിച്ചു. എല്ലാ എസ്.എഫ്.ഒ. അംഗങ്ങളും സൺഡേസ്കൂൾ അദ്ധ്യാപകരും പങ്കെടുത്തു.

**ചരമവാർഷികദിനാചരണം**

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ചരമവാർഷികാചരണത്തിന് ഒരുക്കമായി ഒക്ടോബർ 21 മുതൽ 31 വരെ പ്രത്യേകം വിശുദ്ധ കുർബാനയും കബറിടത്തിങ്കൽ ഒപ്പീസും ജപ

മാലയർപ്പണവും നടത്തി. ദൈവദാസന്റെ 111-ാം ചരമവാർഷികദിനാചരണം നവംബർ 1 ന് എസ്.എഫ്.ഒ. അംഗങ്ങളുടെയും ഇടവകസമൂഹത്തിന്റെയും നേതൃത്വത്തിൽ നടന്നു. അന്നേദിവസം കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അനേകം തീർത്ഥാടകർ എടത്വായിൽ എത്തി. കൊച്ചമ്മനം, പച്ച, തായങ്കരി എന്നിവടങ്ങളിൽ നിന്നും വിശ്വാസികൾ ജപമാല ചൊല്ലി പദയാത്രയായി പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കൽ എത്തി. വികാരിയച്ചൻ കബറിടത്തിങ്കൽ ഒപ്പീസ് നടത്തി. അതിരൂപതാ വികാരി ജനറൽ റവ.ഫാ.ജോസഫ് വാണിയപ്പുരയ്ക്കൽ വി.കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് നേർച്ചഭക്ഷണവിതരണം നടത്തി. വികാരിയച്ചന്റെ മേൽനോട്ടത്തിൽ എസ്.എഫ്.ഒ. അംഗങ്ങളും പാരീഷ് കമ്മിറ്റി അംഗങ്ങളും ചേർന്ന് ഇതിന്റെ ക്രമീകരണങ്ങൾ നടത്തി.

**തൊമ്മച്ചൻ സ്മാരകക്വിസ് മത്സരം**

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരള ക്വിസ് മത്സരം ഈ വർഷം നവംബർ 24 ന് എടത്വാപള്ളി പാരീഷ് ഹാളിൽവച്ച് നടത്തി. എടത്വാ സൺഡേസ്കൂൾ ഡയറക്ടർ അച്ചനും അദ്ധ്യാപകരും മേൽനോട്ടം വഹിച്ചു.

ദൈവദാസനെ ധന്യനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. അതിനായി എല്ലാവരുടെയും പ്രാർത്ഥനാ സഹായം അപേക്ഷിക്കുന്നു. നാമകരണപ്രാർത്ഥന പള്ളിവക സ്റ്റാളിലും ആഫീസിലും ലഭ്യമാണ്. സമാധാനം, സൗഭാഗ്യം എന്ന സംഘടനയുടെ മുദ്രാവാക്യം എല്ലാവരുടെയും ജീവിതത്തിൽ അന്വർത്ഥമാകട്ടെ എന്ന് ആശംസിക്കുന്നു.

## 7. കത്തോലിക്കാ കോൺഗ്രസ് - എടത്വാ ഇടവക

എല്ലാ മാസാദ്യവും എക്സിക്യൂട്ടീവ് യോഗം കൂടി കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കാലത്തിന്റെ അടയാളങ്ങൾ ഗ്രഹിച്ച് കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. സംഘടന ശക്തമാക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾക്കൊപ്പം സത്യസന്ധതയും പ്രവർത്തന ശേഷിയുമുള്ളവരെ അംഗങ്ങളാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

അതിരൂപതാ തലത്തിൽ ഒക്ടോബർ 29 ന് ചങ്ങനാശ്ശേരി സെന്റ് മേരീസ് കത്തീഡ്രൽ പാരീഷ് ഹാളിൽ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായും മാർ തോമസ് തറയിൽ പിതാവും പങ്കെടുത്ത വൈദിക-സന്യസ്ത-അൽമായ സംഗമത്തിൽ യൂണിറ്റ് തലത്തിൽ ഏറ്റവും കൂടുതൽ ആളുകളെ അണിനിരത്തുവാൻ നമുക്ക് കഴിഞ്ഞു. വികാരിയച്ചന്റെ നേതൃത്വത്തിൽ വൈദികർ, സന്യസ്തർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, ഇടവകാംഗങ്ങൾ, കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾ അടക്കം 45 പേർ പങ്കെടുത്തു.

2019 ഡിസംബർ 1 ഞായറാഴ്ച ചങ്ങനാശ്ശേരി എസ്.ബി.കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ സീറോമലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവും അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം പിതാവും പങ്കെടുത്ത ന്യൂനപക്ഷ അവകാശസംരക്ഷണ സംഗമത്തിലും മാർ ജെയിംസ് കാളാശ്ശേരി അനുസ്മരണസമ്മേളനത്തിലും എടത്വാ യൂണിറ്റിൽ നിന്നും അതിവിപുലമായ പങ്കാളിത്തം ഉണ്ടായിരുന്നു. എടത്വാ ഫൊറോനായുടെ എല്ലാ യൂണിറ്റുകളിൽ നിന്നും അംഗങ്ങളെ സംഘടിപ്പിക്കുന്നതിന് ഫൊറോനാ പ്രസിഡന്റ് ശ്രീ മോഡി തോമസ് സജീവനേതൃത്വം നൽകി.

എടത്വാ സെൻട്രൽ യൂണിറ്റിൽ പ്രസിഡന്റ് ശ്രീ ജോർജ്ജ് തോമസ് കളപ്പുര, വൈസ് പ്രസിഡന്റുമാരായ ശ്രീ ആന്റണി ഫ്രാൻസിസ് കട്ടപ്പുറം, ശ്രീമതി റോസി കുര്യൻ പീടികയിൽ, ജനറൽ സെക്രട്ടറി ശ്രീ ജെയിംസുകുട്ടി ജോസഫ് കളത്തിൽ കോനാട്ട്, സെക്രട്ടറിമാരായ ശ്രീ ടോമിച്ചൻ കളങ്ങര, ശ്രീ ജോസഫ് ജോസഫ് മാളിയേക്കൽ, ശ്രീമതി ജിൻസി ജോളി കട്ടപ്പുറം, ട്രഷറർ ശ്രീ വിൻസെന്റ് തോമസ് പഴയാറ്റിൽ, രണ്ട് അതിരൂപതാ പ്രതിനിധികൾ, ഏഴ് എക്സിക്യൂട്ടിവ് മെമ്പേഴ്സ് എന്നിവർ ഉൾപ്പെടുന്ന ഭരണസമിതിയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഫൊറോനാ ഡയറക്ടറായി ബഹുമാനപ്പെട്ട ഫാ.മെൽവിൻ പുതിയിടം പ്രവർത്തിക്കുന്നു.



# ദൈവത്തിന്റെ സ്വന്തം നാട് - കുട്ടനാട്

ജെ.റ്റി.മരിയാപുരം

എന്റെ നാടേ കുട്ടനാടേ...
ദൈവത്തിന്റെ സ്വന്തം നാടേ...
നിന്നെ നോക്കി ഞങ്ങളെല്ലാം
ചങ്കുപൊട്ടി കരയുന്നേ...
തിത്തിനം താരോ തക തിത്തിനം താരോ
തിത്തിനം താരോ തക തിത്തിനം താരോ

കുട്ടനാട്ടിൽ വെള്ളമുണ്ടേ
മുങ്ങിച്ചാകാൻ വെള്ളമുണ്ടേ
ദാഹം തീർക്കാൻ വെള്ളമില്ല
കഞ്ഞിവെക്കാൻ വെള്ളമില്ലാതലയുന്നെല്ലാരും
തിത്തിനം താരോ തക തിത്തിനം താരോ
തിത്തിനം താരോ തക തിത്തിനം താരോ
വഴിയിലും പുഴയിലും മാലിന്യം നിറയുന്നേ...
ദുർഗന്ധം പരത്തുന്നു ദേശമെല്ലാം...
കുളിക്കാനും വെള്ളമില്ല
കുടിക്കാനും അലക്കാനും
ഗതിയില്ലാതെ അലയുന്നു കുട്ടനാട്ടുകാർ...
തിത്തിനം താരോ തക തിത്തിനം താരോ
തിത്തിനം താരോ തക തിത്തിനം താരോ
പുഴകളും തോടുകളും പോളകൊണ്ടു നിറഞ്ഞിട്ടേ
കുട്ടനാടോ മലനാടോ എന്നറിയില്ലാ
എന്റെ നാടേ കുട്ടനാടേ
ദൈവത്തിന്റെ സ്വന്തം നാടേ
നിന്നെ നോക്കി ഞങ്ങളെല്ലാം
ചങ്കുപൊട്ടി കരയുന്നേ
തിത്തിനം താരോ തക തിത്തിനം താരോ
തിത്തിനം താരോ തക തിത്തിനം താരോ



'കർത്താവിന്റെ ദാനമാണ് മക്കൾ,
ഉദരഫലം ഒരു സമ്മാനവും.' (സങ്കീർത്തനം 127:03)

# എടത്വായുടെ നവകുസുമങ്ങൾ

**2019 ജൂൺ 22 മുതൽ നവംബർ 30 വരെ**

| | | മാമ്മോദീസാ തീയതി |
|---|---|---|
| 1. | ഏതൻ ബിപിൻ, ചുടുകാട്ടിൽ | 27 - 07 - 19 |
| 2. | ലിയാം ബിപിൻ, ചുടുകാട്ടിൽ | 27 - 07 - 19 |
| 3. | ക്രിസ്റ്റോ ജോസഫ്, കളപ്പുരയ്ക്കൽ | 30 - 07 - 19 |
| 4. | എസ്തേർ മരിയ തോമസ്, പുത്തൻപുരയ്ക്കൽ | 02 - 08 - 19 |
| 5. | സാന്റിനോ, പെരുംപള്ളിൽ | 04 - 08 - 19 |
| 6. | ആദം കൊച്ചുകടുമത്തിൽ | 15 - 08 - 19 |
| 7. | നെഹമിയാ ഫിലിപ്പ്, തൈപ്പറമ്പിൽ | 24 - 08 - 19 |
| 8. | റയാൻ സോനു ജോർജ്ജ്, കണ്ടത്തിൽപ്പറമ്പിൽ | 24 - 08 - 19 |
| 9. | റെയോണാ ഫ്രാൻസീസ്, കൊച്ചുചിറ | 28 - 08 - 19 |
| 10. | റിഷേൽ ട്രീസാ റിനു, വാണിയപ്പുരയ്ക്കൽ തുരുത്തേൽ | 02 - 09 - 19 |
| 11. | ആൽവിൻ വിൽസൺ, മാലിച്ചിറ | 08 - 09 - 19 |
| 12. | ജെഫിൻ ജോജി, മുണ്ടുവേലിൽ | 13 - 09 - 19 |
| 13. | ഹന്നാ മരിയാ തോമസ്, തുമ്പയിൽ ജിബിൻ ഹൗസ് | 14 - 09 - 19 |
| 14. | റിയാൻ എസ്.ജോസഫ്, കല്ലൂപ്പറമ്പിൽ | 19 - 09 - 19 |
| 15. | ജെറിൻ ജോയി, കിഴക്കേയറ്റം | 22 - 09 - 19 |
| 16. | ജെസ്റ്റിൻ ജോയി, കിഴക്കേയറ്റം | 22 - 09 - 19 |
| 17. | ജെറമി ജെസ്റ്റിൻ ജെയിംസ്, പത്തിപ്പറമ്പിൽ | 22 - 09 - 19 |
| 18. | ഹസേൽ ജോബി, ചാലുങ്കൽ | 29 - 09 - 19 |
| 19. | ഹെയ്ഡൻ ജോബി, ചാലുങ്കൽ | 29 - 09 - 19 |
| 20. | ദിയോൺ, ഒറ്റത്തെങ്ങിൽ | 13 - 10 - 19 |
| 21. | ഏബൽ, കണ്ടത്തിൽ | 13 - 10 - 19 |
| 22. | ട്രിസ്റ്റാൻ ആൽവിൻ, കൊച്ചുപുരയ്ക്കൽ | 19 - 10 - 19 |
| 23. | ജിയന്നാ കൊച്ചുമോൻ, ആശാരുപറമ്പിൽ | 27 - 10 - 19 |
| 24. | ജ്യൂവൽ അന്നാ തോമസ്, കിഴക്കേ അമ്പിയായം | 30 - 10 - 19 |
| 25. | ആലിയ ജിബിൻ, കാട്ടുംഭാഗം | 02 - 11 - 19 |
| 26. | ജോയൽ ജോബിൻ, കുളപ്പുരയ്ക്കൽ | 07 - 11 - 19 |
| 27. | എഡ്‌വിൻ ജെയ്ജോ, വൈപ്പംമഠം | 09 - 11 - 19 |
| 28. | ആദം ആൽവി മാത്യു, ലിമാ നിവാസ് (കറുകപ്പറമ്പിൽ) | 13 - 11 - 19 |
| 29. | ജെസ്സാ ജോർജ്ജ്, ഒലക്കപ്പാടിൽ | 14 - 11 - 19 |
| 30. | ജെറിക് ജുഗു, നെല്ലിക്കുന്നത്ത് | 24 - 11 - 19 |



'ദൈവം യോജിപ്പിച്ചത് മനുഷ്യൻ
വേർപെടുത്താതിരിക്കട്ടെ.' (മത്തായി 19:06)

# ദൈവം യോജിപ്പിച്ചവർ

**2019 ജൂലൈ 01 മുതൽ നവംബർ 30 വരെ**

| | | വിവാഹ തീയതി |
|---|---|---|
| 1. | മാർട്ടിൻ ജോസഫ് & മേരി, തെക്കേടത്ത് കണ്ണന്തറ | 07 - 07 - 19 |
| 2. | തോമസ് (ബെൻ ജോർജ്ജ്) & ഷെറിൻ മേരി, ഒലക്കപ്പാടി | 27 - 07 - 19 |
| 3. | വർഗ്ഗീസ് (റോബിൻ വർഗ്ഗീസ്) & ജെസ്റ്റീനാ (അന്നമ്മ), പരുമൂട്ടിൽ | 08 - 08 - 19 |
| 4. | തോമസ് (സജിമോൻ) & അഷിത (ഫിലോമിന), ഏഴരയിൽ | 12 - 08 - 19 |
| 5. | തോമസ് ഗ്രിഗറി & നേഹ റ്റോമി, ഏഴരയിൽ | 17 - 08 - 19 |
| 6. | ആന്റണി (അനൂപ് ജോർജ്ജ്) & ജോസ്മി ജേക്കബ്, കല്ലുപുരയ്ക്കൽ | 19 - 08 - 19 |
| 7. | വർഗ്ഗീസ് (ജോബിൻ ജോൺ) & അഞ്ജലി വർഗ്ഗീസ്, കിഴക്കേറ്റം | 09 - 09 - 19 |
| 8. | ജോസഫ് കുരുവിള & എൽസാ ബോസ്, പൊന്നടവാക്കാൽ | 14 - 09 - 19 |
| 9. | മാത്യു (നിശാന്ത് ടോമി മാത്യു) & ജീനാ ജോൺ, കൊണ്ടകശ്ശേരി | 21 - 09 - 19 |
| 10. | ആന്റണി (നിബിൻ ജോസഫ്) & ജിൻസി രാജൻ ഫിലിപ്പ്, മണക്കളം | 28 - 09 - 19 |
| 11. | തോമസ് (റോൺസി തോമസ്) & മെറിൻ സെബാസ്റ്റ്യൻ, ഒലക്കപ്പാടിൽ | 02 - 10 - 19 |
| 12. | ജോൺപോൾ (ജെയ്സൺ ആന്റണി) & ലിനുമോൾ, തോട്ടുകടവിൽ | 24 - 10 - 19 |
| 13. | തോമസ് (സിജോ എം.ജോസഫ്) & ലിഡാ ബേബി, മൂന്നുപറയിൽ | 16 - 11 - 19 |
| 14. | മാത്യു (ജെറിൻ ദേവസ്യാ) & ജാസ്മിൻ പൗലോസ്, ഓടേറ്റിൽ | 18 - 11 - 19 |
| 15. | വർഗ്ഗീസ് (എബിൻ എം.ഫ്രാൻസീസ്) & നിത്യാമോൾ സി.സി., 3 പറയിൽ | 20 - 11 - 19 |
| 16. | റോബിൻ ജോസഫ് & ബിൻസി കെ., തുണ്ടിയിൽ | 23 - 11 - 19 |
| 17. | തോമസ് (ജെസ്വിൻ ജോർജ്ജ്) & ജെയ്നാ ജോൺസൺ, കരിക്കംപള്ളി | 27 - 11 - 19 |
| 18. | വർഗ്ഗീസ് (വിജിൽമോൻ തോമസ്) & രേഷ്മാ കെ.ആർ., കോട്ടയ്ക്കപ്പറമ്പിൽ | 30 - 11 - 19 |

''ദൈവം ഒരിക്കലും നമ്മുടെ പാപങ്ങൾ ക്ഷമിച്ച്
ക്ഷീണിതനാകുന്നില്ല. നമ്മൾ പാപപ്പൊറുതി
ചോദിക്കുന്നതിൽ ക്ഷീണിതരാകരുത്.''

**(ഫ്രാൻസീസ് മാർപ്പാപ്പ)**





'നാം ക്രിസ്തുവിനോട് കൂടെ മരിച്ചുവെങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു നാം വിശ്വസിക്കുന്നു.' (റോമാ 06 : 08)

# നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടവർ

2019 ജൂലൈ 03 മുതൽ നവംബർ 30 വരെ

| | | മരണം തീയതി |
|---|---|---|
| 1. | മോൻസി വർഗ്ഗീസ്, ചക്കാലയ്ക്കൽ | 13 - 07 - 19 |
| 2. | ജോസഫ് ഈനാസ്, മുണ്ടകത്തിൽ, പാണ്ടങ്കരി | 13 - 07 - 19 |
| 3. | ത്രേസ്യാമ്മ വർഗ്ഗീസ്, ചേപ്പാട് കൊച്ചുതൈപ്പറമ്പ് | 15 - 07 - 19 |
| 4. | അന്നമ്മ വർഗ്ഗീസ്, വാഴപ്പറമ്പിൽ | 21 - 07 - 19 |
| 5. | ത്രേസ്യാമ്മ ജോർജ്ജ്, മുണ്ടകത്തിൽ | 23 - 07 - 19 |
| 6. | ജോസഫ്, വാണിയപ്പുരയ്ക്കൽ പത്തിൽ | 27 - 07 - 19 |
| 7. | കത്രീനാമ്മ ചാക്കോ, മുണ്ടുകാട്ടുചിറ | 28 - 07 - 19 |
| 8. | തോമസ്, തട്ടങ്ങാട്ട്, കുന്തിരിയ്ക്കൽ | 30 - 07 - 19 |
| 9. | ത്രേസ്യാമ്മ ജോസഫ്, മെതിക്കുഴി | 02 - 08 - 19 |
| 10. | ജോൺകുട്ടി, കളങ്ങരമുറി | 02 - 08 - 19 |
| 11. | തങ്കമ്മ, കറുകയിൽ | 14 - 08 - 19 |
| 12. | സിസിലിയാമ്മ തോമസ്, തെള്ളിയിൽ | 18 - 08 - 19 |
| 13. | എൻ.വി.തോമസ്, നെല്ലിക്കുന്നത്ത് | 27 - 08 - 19 |
| 14. | സി.റെയ്മണ്ട് SABS | 09 - 09 - 19 |
| 15. | റോസമ്മ ചെറിയാൻ, കുന്നേൽ | 10 - 09 - 19 |
| 16. | ത്രേസ്യാമ്മ വർഗ്ഗീസ്, മാമ്മൂട്ടിൽ | 20 - 09 - 19 |
| 17. | ചാക്കോ വർഗ്ഗീസ്, കിഴക്കേപേരങ്ങാട് | 26 - 09 - 19 |
| 18. | ദേവസ്യാ ജോസഫ്, മണമേൽ | 03 - 10 - 19 |
| 19. | ജിബി സെബാസ്റ്റ്യൻ, വേലിക്കളം | 05 - 10 - 19 |
| 20. | ശോശാമ്മ ഔസേഫ്, തുണ്ടിപ്പറമ്പ് | 06 - 10 - 19 |
| 21. | ദേവസ്യാ ഗ്രിഗറി, മഠത്തിക്കളം | 07 - 10 - 19 |
| 22. | ജോർജ്ജ് തോമസ്, കട്ടപ്പുറം | 30 - 10 - 19 |
| 23. | ജോസഫ് വർഗ്ഗീസ്, പുഞ്ചായിച്ചിറ അഞ്ചിൽ | 03 - 11 - 19 |
| 24. | ഗ്രേസമ്മ, പറത്തറയിൽ | 07 - 11 - 19 |
| 25. | എമിൽഡാ എലീസാ ഫിലിപ്പ് | 11 - 11 - 19 |
| 26. | കത്രീനാമ്മ, കന്നയിൽ | 17 - 11 - 19 |
| 27. | മോൺ.ജെയിംസ് പറപ്പള്ളി | 21 - 11 - 19 |
| 28. | ശാന്തമ്മ മാത്യു, ഒലക്കപ്പാടിൽ | 23 - 11 - 19 |
| 29. | ജോർജ്ജുകുട്ടി, കറുകയിൽ വെട്ടിയിൽ | 28 - 11 - 19 |

# ഇടവകാംഗങ്ങളറിയാൻ

1. ദൈവാലയത്തിലെ വി. കുർബാനമദ്ധ്യേയുള്ള അറിയിപ്പുകൾ നോട്ടീസ് ബോർഡിലും ലഭ്യമാണ്.

2. ദൈവാലയത്തിന് വെളിയിൽ സ്ഥാപിച്ചിട്ടുള്ള നിലവിളക്കിൽ എണ്ണയൊഴിച്ച് തിരിതെളിച്ച് പ്രാർത്ഥിക്കുവാനുള്ള സൗകര്യമുണ്ട്.

3. വി. കുർബാനയ്ക്കും ഒപ്പീസിനും വി. ഗീവർഗ്ഗീസ് സഹദായുടെ നൊവേനയ്ക്കുമുള്ള പണം വൈദികരുടെ പക്കലും പള്ളി ഓഫീസിലും രസീത് പ്രകാരം സ്വീകരിക്കുന്നതാണ്.

4. സെന്റ് ജോർജ്ജ് സുവനീർഷോപ്പ് എല്ലാദിവസവും രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണി വരെ പ്രവർത്തിക്കുന്നതാണ്.

5. വെഞ്ചരിച്ച എണ്ണ സുവനീർ ഷോപ്പിൽ ലഭ്യമാണ്.

6. എല്ലാ ചൊവ്വാഴ്ചയും രാവിലെ 7 മണിക്കുള്ള വി. കുർബാനയും തുടർന്നുള്ള ഒപ്പീസും ഇടവകയിലെ പൂർവ്വികരായ സകല മരിച്ചവരെയും അനുസ്മരിച്ചുകൊണ്ട് നടത്തപ്പെടുന്നു.

7. എടത്വാപള്ളിയുടെ പുതിയ വെബ്സൈറ്റ് മേടം തിരുനാളിനോടനുബന്ധിച്ച് നിലവിൽ വരും. പള്ളിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഈ സൈറ്റിൽ ലഭ്യമാകും. പുതിയ വെബ്സൈറ്റ്: www.edathuachurch.in

8 **മാമ്മോദീസായുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ**

(i) മാമ്മോദീസാ നടത്താൻ ആഗ്രഹിക്കുന്ന തീയതി പള്ളിയിൽ അറിയിച്ച് അസൗകര്യം ഇല്ലായെന്ന് ഉറപ്പുവരുത്തുകയും ദിവസവും, സമയവും നിശ്ചയിക്കുകയും ചെയ്യേണ്ടതാണ്.

(ii) ഓഫീസിൽ നിന്ന് മാമ്മോദീസാഫോറം വാങ്ങി ശിശുവുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി വികാരിയച്ചന്റെ ഒപ്പ് വാങ്ങിയശേഷം ഒരു ദിവസം മുൻപേയെങ്കിലും ഫോറം തിരികെ ഓഫീസിൽ എൽപ്പിക്കേണ്ടതാണ്.

(iii) മാമ്മോദീസായ്ക്ക് വരുമ്പോൾ തലതൊട്ടപ്പനും തലതൊട്ടമ്മയും മറ്റ് ഇടവകയിൽനിന്നുള്ള വ്യക്തികളാണെങ്കിൽ അവരുടെ ഇടവകയിലെ വികാരിയച്ചന്റെ കത്ത് ഹാജരാക്കേണ്ടതാണ്.

(iv) മറ്റ് ഇടവകയിലെ ശിശുവിന്റെ മാമ്മോദീസാ ഇവിടെ വച്ച് നടത്തുന്നതിന് ആ ഇടവകയിലെ വികാരിയച്ചന്റെ അനുമതിപത്രം ഹാജരാക്കേണ്ടതാണ്.

(v) വെള്ളി, ഞായർ ദിവസങ്ങളിൽ 4 മണിക്കുള്ള വി. കുർബാനയ്ക്ക് മുൻപ് പൊതുമാമ്മോദീസായ്ക്കുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. ഇക്കാര്യത്തിലും മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

9 **വിവാഹവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ**

(i) വിവാഹം ഉറപ്പിച്ച് കഴിഞ്ഞാൽ ആദ്യം ദൈവാലയത്തിലെത്തി വികാരിയച്ചനെ അറിയിക്കുക. മനസ്സമ്മതം/വിവാഹം നടത്താൻ ആഗ്രഹിക്കുന്ന തീയതികളിൽ പള്ളിയിൽ അസൗകര്യം ഉണ്ടോയെന്ന് അന്വേഷിക്കുക.

(ii) വിവാഹ ഒരുക്കധ്യാനത്തിന് പോകാനുള്ള തീയതി അന്വേഷിച്ച് ഫാമിലി അപ്പോസ്തലേറ്റിൽ ബുക്ക് ചെയ്യുക.

(iii) വിവാഹ ഒരുക്കധ്യാനത്തിൽ പങ്കെടുത്തശേഷം,

1. വിവാഹ ഒരുക്കധ്യാനത്തിന്റെ സർട്ടിഫിക്കറ്റ്

2. മാമ്മോദീസാ സർട്ടിഫിക്കറ്റ്

3. ഫ്രീസ്റ്റേറ്റ് സർട്ടിഫിക്കറ്റ് (വിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്നത്) – വിദേശത്ത് ജോലിചെയ്യുന്നവരാണെങ്കിൽ

4. കുടുംബരജിസ്റ്റർ

5. ഒരു ഫോട്ടോ

എന്നീ രേഖകളുമായി വികാരിയച്ചന്റെ പക്കൽ എത്തി, വിവാഹ ഒരുക്ക കൗൺസിലിംഗിനുള്ള (വേദപാഠം കേൾപ്പിക്കൽ) തീയതി ഉറപ്പിക്കുക.

(iv) കൗൺസിലിംഗിന്റെ സമയത്ത് വികാരിയച്ചൻ നൽകുന്ന അന്വേഷണഫോറം പൂരിപ്പിച്ച് നൽകുക.

(v) ദൈവാലയത്തിന് കൊടുക്കാനുള്ള പതവാരവും/കുടിശ്ശികയും ഓഫീസിൽ അടച്ച് രസീത് വാങ്ങുക.

(vi) വരന്റെ കൂട്ടരാണെങ്കിൽ മനസ്സമ്മതത്തിന്റെ തലേദിവസം ഓഫീസിലെത്തി മനസ്സമ്മതത്തിനുള്ള **A** കുറി വാങ്ങേണ്ടതാണ്. മനസ്സമ്മതത്തിന് ശേഷം വധുവിന്റെ പള്ളിയിൽ നിന്ന് വിളിച്ച് ചൊല്ലുന്നതിനുള്ള **B** കുറി വാങ്ങി ഇവിടെ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

(vii) വധുവിന്റെ കൂട്ടരാണെങ്കിൽ മനസ്സമ്മതത്തിന് ശേഷം വിവാഹം നടത്തുന്നതിനുള്ള **C** കുറി വിവാഹത്തിന് തലേദിവസം ഓഫീസിൽ നിന്ന് വാങ്ങിക്കൊണ്ടുപോകേണ്ടതാണ്. വിവാഹത്തിന് ശേഷം **D** കുറി വിവാഹം നടന്ന പള്ളിയിൽ നിന്ന് വാങ്ങി ഇവിടെ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

(viii) മനസ്സമ്മതത്തിന് മുമ്പ് വിവാഹപരസ്യം നടത്തണമെങ്കിൽ അതിനുള്ള അപേക്ഷാഫോറം വികാരിയച്ചനിൽ നിന്നും വാങ്ങി പൂരിപ്പിച്ച് (മൂന്ന് കോപ്പികൾ) നൽകണം.

(ix) നോമ്പുകാലത്ത് വിവാഹം തുടങ്ങിയ എല്ലാ ആഘോഷങ്ങൾക്കും മുടക്കമായിരിക്കും.



## 10. ശവസംസ്കാരവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ

(i) മരണവിവരം ആദ്യം പള്ളിയിൽ അറിയിക്കുക. സംസ്കാരശുശ്രൂഷയുടെ ദിവസവും സമയവും വികാരിയച്ചനുമായി ആലോചിച്ച് ഉറപ്പിച്ചശേഷം ഓഫീസിൽ നിന്ന് ഫോറം വാങ്ങി ശരിയായി പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടുകൂടി തിരികെ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

(ii) മൃതദേഹം വീട്ടിൽ കൊണ്ടുവന്നശേഷം ബഹുമാനപ്പെട്ട വൈദികരെ അറിയിച്ച് ഒപ്പീസ് പ്രാർത്ഥനയ്ക്കായി കൂട്ടിക്കൊണ്ടുപോകേണ്ടതാണ്.

(iii) സംസ്കാരദിനത്തിൽ ശുശ്രൂഷക്കാവശ്യമായ കുരിശും തിരിക്കാലും പുസ്തകങ്ങളും മറ്റും ദൈവാലയശുശ്രൂഷിയുടെ പക്കൽ നിന്നും വാങ്ങിക്കൊണ്ടുപോകേണ്ടതാണ്.

(iv) ശവസംസ്കാരശുശ്രൂഷകൾക്കുശേഷം പള്ളിയിൽ നിന്ന് വാങ്ങിയ വസ്തുക്കൾ ദൈവാലയശുശ്രൂഷിയുടെ പക്കൽ തിരികെ ഏൽപിക്കേണ്ടതാണ്.

(v) ശവസംസ്കാരശുശ്രൂഷകൾക്കുശേഷം സൽക്കാരം നൽകുന്നവർ പള്ളിപ്പരിസരം ശുചിയാക്കേണ്ടതാണ്.

വികാരി



''എനിക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിവില്ല. എന്നാൽ ദൈവത്തിന്റെ കൂടുതൽ മഹത്വത്തിനായി എത്രയും ചെറിയ കാര്യങ്ങൾ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.''

**(വി.ഡൊമിനിക് സാവിയോ)**



## ഇടവകപ്പള്ളി – തിരുക്കർമ്മസമയങ്ങൾ

**ഞായർ**

| | | |
|---|---|---|
| 5.30 am | : | സപ്രാ |
| 5.45 am, 7.30 am | : | വി. കുർബാന |
| 9.30 am | : | സപ്രാ |
| 9.45 am | : | സൺഡേസ്കൂൾ കുട്ടികളുടെ വി. കുർബാന |
| 4.00 pm | : | വി. കുർബാന |

**തിങ്കൾ – വ്യാഴം**

| | | |
|---|---|---|
| 6.00 am, 7.00 am | : | വി. കുർബാന |

**വെള്ളി**

| | | |
|---|---|---|
| 5.45 am, 7.00 am, 4.00 pm | : | വി. ഗീവർഗ്ഗീസിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന, വി. കുർബാന |
| 9.30 am – 3.00 pm | : | വി. കുർബാന, ഏകദിനധ്യാനം, ആരാധന (ടൗൺ കപ്പേളയിൽ) |

**ശനിയാഴ്ച**

| | | |
|---|---|---|
| 6.00 am | : | വി. കുർബാന, മാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന |
| 7.00 am | : | വി. കുർബാന |

**വി. കുമ്പസാരസമയം**

| | | |
|---|---|---|
| 5.45 am – 8.00 am | : | ഉത്ഥാനപള്ളിയിൽ (ഞായറാഴ്ചകളും കടമുള്ള ദിവസങ്ങളുമൊഴികെ) |

(എല്ലാ ചൊവ്വാഴ്ചയും രാവിലെ 7 മണിക്കുള്ള വി. കുർബാനയും തുടർന്നുള്ള ഒപ്പീസും ഇടവകയിലെ പൂർവ്വികരായ സകല മരിച്ചവരെയും അനുസ്മരിച്ചുകൊണ്ട് നടത്തപ്പെടുന്നു.)



## വലിയ നോമ്പുകാലം – തിരുക്കർമ്മങ്ങൾ



**തിങ്കൾ – ബുധൻ**

6.00am : സപ്രാ,

6.15 am : വി. കുർബാന

4.00pm : വി. കുരിശിന്റെ വഴി, വി. കുർബാന

**വ്യാഴം**

6.00am : സപ്രാ,

6.15am : വി. കുർബാന,

4.00pm : ആരാധന, വി. കുർബാന

**വെള്ളി**

5.30am : സപ്രാ,

5.45am,7.00am, 4.00pm : വി. ഗീവർഗ്ഗീസിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന, വി. കുർബാന,
വൈകുന്നേരത്തെ വി. കുർബാനക്ക് ശേഷം പള്ളിക്ക് ചുറ്റും ആഘോഷമായ കുരിശിന്റെ വഴി

**ശനി**

6.00 am, 7.00 am : വി. കുർബാന,

4.00pm : വി. കുരിശിന്റെ വഴി, വി. കുർബാന

**ഞായർ** : തിരുക്കർമ്മസമയങ്ങളിൽ മാറ്റമില്ല.

(വി. കുമ്പസാരസമയത്തിൽ മാറ്റമില്ല.)

– വികാരി





# അജപാലനശുശ്രൂഷാക്രമീകരണം



| | | |
|---|---|---|
| വികാരി | : റവ. ഫാ. മാത്യു ചൂരവടി | 9447473499 |
| അസിസ്റ്റന്റ് വികാരിമാർ | | |
| | : റവ. ഫാ. വർഗ്ഗീസ് പുത്തൻപുര | 9495868290 |
| | : റവ. ഫാ. വർഗ്ഗീസ് പ്ലാംപറമ്പിൽ | 8281787122 |
| | : റവ. ഫാ. ജോസഫ് പുതിയിടം | 9446417736 |
| | : റവ. ഫാ. ജോസഫ് ചെമ്പിലകം (ചങ്ങങ്കരി) | 9447777851 |
| | : റവ. ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ (കോയിൽമുക്ക്) | 9497526124 |
| | : റവ. ഫാ. ജോസഫ് ബംഗ്ലാവുപറമ്പിൽ (മരിയാപുരം) | 8078508868 |
| | : റവ. ഫാ. അലോഷ്യസ് വല്ലാത്തറ (പാണ്ടങ്കരി) | 9847176414 |

**അഡീഷണൽ ചുമതലകൾ**

തിരുഹൃദയചാപ്പൽ കുന്തിരിക്കൽ - **റവ. ഫാ. ജോസഫ് പുതിയിടം**

സെന്റ് ജോസഫ് ചാപ്പൽ ചങ്ങങ്കരി - **റവ. ഫാ. വർഗ്ഗീസ് പ്ലാംപറമ്പിൽ**

**പ്രത്യേക ശുശ്രൂഷാ ചുമതല**

| | | |
|---|---|---|
| എടത്വാ ജെസ്യൂട്ട് ആശ്രമം സുപ്പീരിയർ | - റവ. ഫാ.ജോസ് മാത്യു SJ | 9995917065 |
| ആരാധനമഠം മദർ | - റവ. സി.സുമ മാളിയേക്കൽ SABS | 9744142220 |
| ജൂബിലി ഹോസ്പിറ്റൽ കോൺവെന്റ് | - റവ. സി.ലീനാ SABS (മദർ) | 04772212151 |
| സെന്റ് അലോഷ്യസ് കോളേജ് ഹോസ്റ്റൽ | - റവ. സി.റോസ് SABS (വാർഡൻ) | 8547423499 |

**കൈക്കാരന്മാർ**

ജോർജ്ജുകുട്ടി തോമസ്, പീടികപ്പറമ്പിൽ 8113060799

മത്തായി ജോസഫ്, പരുമൂട്ടിൽ 8943683221

ലോനപ്പൻ തോമസ്, തെള്ളിയിൽ 8547153967

**പാരീഷ് കൗൺസിൽ സെക്രട്ടറി**

തോമസ് ഫ്രാൻസിസ്, വെളുത്തേടത്തുപറമ്പിൽ 9446122692

**അക്കൗണ്ടന്റ്സ്**



ആന്റപ്പൻ, വടക്കേവെള്ളാപ്പള്ളി 9526283775

സാജു മാത്യു, കൊച്ചുപുരയ്ക്കൽ 9746487796

**ഓഫീസ് സെക്രട്ടറി**

ഏലിയാമ്മ വർഗ്ഗീസ്, കണ്ടത്തിപ്പറമ്പിൽ 8606009490

**കമ്പ്യൂട്ടർ അസിസ്റ്റന്റ്**

നിയാമോൾ ആന്റണി, മണക്കളം 9656278398

**ദൈവാലയശുശ്രൂഷികൾ**

സാബു വർഗ്ഗീസ്, ഏറാട്ട് 9961393149

ആന്റണി ജോസഫ്, കന്നയിൽ 9747422767

**പാരീഷ് ഹാൾ സൂപ്പർവൈസർ കം ഡ്രൈവർ**

ജോബി ജോർജ്ജ്, കല്ലേപ്പള്ളിൽ 9747965763

**വികാരി**

## ഇടവകയുടെ അഭിമാനതാരകങ്ങൾ

സംസ്ഥാനതലത്തിൽ
1-ാം സ്ഥാനവും എ ഗ്രേഡും



**റോണി തോമസ്**
ഗണിതശാസ്ത്രമേളയിൽ
രാമാനുജൻ പേപ്പർ പ്രെസന്റേഷൻ
സെന്റ് ഫ്രാൻസിസ്, പച്ച കിഴക്ക്

സംസ്ഥാനതലത്തിൽ
എ ഗ്രേഡ്



**ടീനാ മരിയ ജോസ്**
പ്രവർത്തിപരിചയമേളയിൽ
ത്രെഡ്പാറ്റേൺ
സെന്റ് അൽഫോൻസാ, കുന്തിരിയ്ക്കൽ

സംസ്ഥാനതലത്തിൽ
എ ഗ്രേഡ്



**ജോസ്മി ആന്റണി**
ഗണിതശാസ്ത്രമേളയിൽ ജോമെട്രിക് ചാർട്ട്
സെന്റ് മോനിക്കാ,
ചങ്ങങ്കരി നടുഭാഗം ബി

സംസ്ഥാനതലത്തിൽ
എ ഗ്രേഡ്



**കീർത്തനാ മേരി സിൽജോ**
സാമൂഹ്യശാസ്ത്രമേളയിൽ ലോക്കൽ
ഹിസ്റ്ററി റൈറ്റിംഗ്
സെന്റ് ഫ്രാൻസിസ് സേവ്യർ, എടത്വാ
പടിഞ്ഞാറ് എ

NITIE Fellowship
from NIIE Mumbai



**പ്രൊഫ. റോസ് ആന്റണി, തെക്കേടം**
സെ.ബെർത്തലോമിയ,
ചങ്ങങ്കരി നടുഭാഗം എ
(ആന്റണി - അന്നമ്മ ദമ്പതികളുടെ മകൾ)

### എടത്വാ ഫൊറോനാ ബൈബിൾ കലോത്സവം

**സഭാപ്രതിഭ**



**ആദർശ് കെ. സെബാസ്റ്റ്യൻ**
കറുകയിൽ
സെന്റ് ജോസഫ്, കോയിൽമുക്ക്

**സഭാതിലകം**



**അനുഗ്രഹാ ദീപാ സെബാസ്റ്റ്യൻ**
കറുകയിൽ
സെന്റ് ജോസഫ്, കോയിൽമുക്ക്

# മാതൃഇടവകയുടെ ആദരാഞ്ജലികൾ



ജന്മനാടിനുവേണ്ടി ജീവിതം വ്യയം ചെയ്ത ദേശസ്നേഹിയും ക്രാന്തദർശിയും മഹാജൂബിലി ആശുപത്രി സ്ഥാപകനും അതിരൂപതാ യുവദീപ്തി സ്ഥാപകഡയറക്ടറും ആയിരുന്ന സ്നേഹ ബഹുമാനപ്പെട്ട **മോൺ. ജെയിംസ് പറപ്പള്ളി അച്ചന്റെ** പാവനസ്മരണയ്ക്ക് മുമ്പിൽ മാതൃഇടവകയുടെ ആദരാഞ്ജലികൾ (21-11-2019)

---

എടത്വാ ഇടവകയിൽ പാണ്ടങ്കരി കാട്ടാമ്പള്ളി പരേതരായ ചാക്കോച്ചൻ- റോസമ്മ ദമ്പതികളുടെ മകളും ബഥനി സഭാംഗവുമായ **റവ.സി.ആൻസിറ്റയ്ക്ക്** മാതൃഇടവകയുടെ ആദരാഞ്ജലികൾ (07-02-2020)..





## 3RD DEATH ANNIVERSARY



**Thomas Mathew**
Kalathilchira, Thalavady
10/07/1951 - 29/11/2016

*With ever loving memories*

Grace Mathew (wife)
Joji Mathew (Son)
Joice Mathew (Son)
and relatives






ചങ്ങനാശ്ശേരി അതിരൂപതാ കോർപറേറ്റ് മാനേജ്മെന്റിലെ
ബെസ്റ്റ് എൽ.പി.സ്കൂളായി തുടർച്ചയായി രണ്ടാം തവണയും തെരഞ്ഞെടുക്കപ്പെട്ട
എടത്വാ സെന്റ് മേരീസ് എൽ.പി.സ്കൂൾ



''ക്രിസ്തുവിന്റെ സിംഹാസനം സഭയാണ്. അവിടെയാണ് അവിടുന്ന് വസിക്കുന്നത്. അതിനാൽ തന്റെ ശോഭയാൽ ലോകത്തെ പ്രകാശിപ്പിച്ചുകൊണ്ട് സൂര്യനെയും ചന്ദ്രനെയും പോലെ സഭ നിത്യം നിലനിൽക്കും.''

**(വി. അത്തനാസിയസ്)**





ഫൊറോനാ ബൈബിൾ കലോത്സവത്തിൽ ഓവറോൾ കിരീടം നേടിയ
എടത്വാ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ.




ഇടയന് സൺഡേസ്കൂൾ കുട്ടികളുടെ
ജന്മദിനാശംസകൾ



ക്രിസ്തുമസ്-ന്യൂഇയർ സമ്മാനപ്പെരുമഴ :
വികാരിയച്ചൻ സമ്മാനദാനം നിർവ്വഹിക്കുന്നു.



പരിശുദ്ധ കന്യാമറിയത്തിന്റെ ഗ്രോട്ടോ ജപമാല പ്രാർത്ഥനയ്ക്കായി അണിയിച്ചൊരുക്കിയപ്പോൾ



ദനഹാത്തിരുനാളിനോടനുബന്ധിച്ച് പിണ്ടിയിൽ ഒരുക്കിയ ദീപങ്ങൾ





ക്രൈസ്തവസമൂഹം നേരിടുന്ന സാമൂഹിക അനീതിക്കെതിരെ ഇടവകയിൽ വായ് മൂടിക്കെട്ടി നടത്തിയ പ്രതിഷേധ റാലി







തിരുപ്പിറവിയ്ക്കൊരുക്കമായി അണിയിച്ചൊരുക്കിയ പുൽക്കൂടുകളിലൂടെ...





എടത്വായുടെ സൂപ്പർ മാർക്കറ്റ്
PAPA'S
Family Mart
ഇരുപത്തേഴിൽ ബിൽഡിംഗ്, മാർക്കറ്റ് റോഡ്, എടത്വാ
Ph. 0477 2214777, 8078531277
BUILDING
Ladies Fashion Mall
പലവ്യഞ്ജനങ്ങൾ | ഡ്രൈഫുഡ്സ് | ഐസ്ക്രീം | ബേക്കറി | ഹോംഅപ്ലയൻസസ് | സ്റ്റേഷനറി | കോൾഡ് സ്റ്റോറേജ്
ലേഡീസ് ഫാഷൻ മാൾ
ബ്രാന്റഡ് ലേഡീസ് ഇന്നർവെയർ
കോസ്മെറ്റിക് ഐറ്റംസ്
ന്യൂ ബോൺ ബേബി ഗിഫ്റ്റ് പായ്ക്ക്
ലേഡീസ് ഹാൻഡ് ബാഗ്
കിഡ്സ് വെയർ
നൈറ്റ് ഡ്രസ്സുകൾ
ഗിഫ്റ്റ് ഐറ്റംസ്




*EXCLUSIVELY YOURS...*

# ELEMENTS

## LADIES, GENTS & KIDS WEAR

**PACHA-CHEKKIDIKADU & CHAMPAKULAM**

**MOB: 8113060711,8113060799**


St Joseph Orphanage Press Chry 0481 2410101